VOL NO: 03 | ISSUE 45

# നേർപഥം


## വാരിക

www.nerpatham.com | mail@nerpatham.com

2019 NOVEMBER 09 | ₹12

### വാളയാറൻ കാറ്റിലെ അനീതിയുടെ ദുർഗന്ധം

കള്ളന്മാർക്കും കൊലപാതകികൾക്കും പീഡനവീരൻമാർക്കും വേണ്ടി രാഷ്ട്രീയ നേതാക്കൾ ഇടപെടുന്നതാണ് നമ്മുടെ നാടിന്റെ ശാപം. വാളയാറിലെ അതിക്രൂരമായ ലൈംഗിക പീഡനത്തിലും ദുരൂഹ മരണത്തിലും അതുതന്നെയാണ് സംഭവിച്ചിരിക്കാൻ സാധ്യത. മേലാളന്മാരുടെ കയ്യിലെ കളിപ്പാവകളല്ല, നീതിബോധമുള്ള ഭരണാധികാരികളും ഇച്ഛാശക്തിയുള്ള പൊലീസുകാരുമാണ് ഇന്നിന്റെ ആവശ്യം.



# മതം മതനിരാസം ഭരണഘടന

ജനാധിപത്യവും മതേതരത്വവും ഏറെ ചർച്ച ചെയ്യപ്പെട്ട വർഷമാണ് കടന്നുപോയത്. മതനിരാസം മാത്രമല്ല, വിശ്വാസസ്വാതന്ത്ര്യം കൂടി മതേതരത്വത്തിന്റെ പരിധിയിൽ ഭരണഘടന ഉറപ്പുവരുത്തുന്നുണ്ട്. എന്നാൽ പുതിയ സംഭവവികാസങ്ങളിൽ പലതും ഈ പൗരാവകാശങ്ങളെ ലംഘിക്കുന്നതും സമൂഹത്തിന്റെ ആരോഗ്യകരമായ നിലനിൽപിന്റെ കടയ്ക്കൽ കത്തി വെക്കുന്നതുമാണ് എന്നതാണ് യാഥാർഥ്യം.

- അങ്ങനെ, ബാഗ്ദാദി വീണ്ടും കൊല്ലപ്പെട്ടു!
- സാന്ത്വനമേകുന്നവനാകണം പ്രബോധകൻ
- നബിദിനാഘോഷത്തിന് ക്വുർആനിൽ തെളിവോ?

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?





peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio
Search peace radio App
www.peaceradio.com

# നേർപഥം
വാരിക

0147 / 2019 നവംബർ 09 / 1441 റബിഉൽ അവ്വൽ 12 / പുസ്തകം 3 / ലക്കം 45




# മതം, മതനിരാസം, ഭരണഘടന


**നബീൽ പയ്യോളി / 10**

**മുഖമൊഴി**
വാളയാറൻ കാറ്റിലെ അനീതിയുടെ ദുർഗന്ധം / 05
എഡിറ്റർ

**വിമർശനം**
നബിദിനാഘോഷത്തിന് ക്വുർആനിൽ തെളിവോ? / 07
മൂസ സ്വലാഹി, കാര

**കവിത**
നരച്ച മുടി വിളിച്ചുപറയുന്നത് / 15
ഉസ്മാൻ പാലക്കാഴി

**ഹദീസ് പാഠം**
ഈ ഗുണം നമ്മിലുണ്ടോ? / 16
അബൂതൻവീൽ

**ആരോഗ്യപഥം**
വിഷാദരോഗികളെ തിരിച്ചറിയുക / 18
ഡോ. ജസീം അലി

**ലേഖനം**
പ്രതിരോധം തന്നെ പരിഹാരം / 20
ശരീഫ് കളത്തിൽ

**ക്വുർആൻ ദർശനം**
മആരിജ് (കയറുന്ന വഴികൾ), ഭാഗം: 3 / 23
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**കാഴ്ച**
യാത്രകൾ സമ്മാനിക്കുന്ന സംതൃപ്തി / 26
ഇബ്നു അലി എടത്തനാട്ടുകര

**കൂട്ടായ്മ**
സാന്ത്വനമേകുന്നവനാകണം പ്രബോധകൻ / 28
ടി.കെ അശ്റഫ്

**പുനർവായന**
പൊതു പ്രവർത്തനങ്ങൾ / 30
പി.വി ഉമർകുട്ടി ഹാജി (റഹി)

**നമുക്ക് ചുറ്റും**
അങ്ങനെ, ബാഗ്ദാദി വീണ്ടും കൊല്ലപ്പെട്ടു! / 34
പി.വി.എ പ്രിംറോസ്



Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India I Ph: 0495 4019437
mail@nerpatham.com I www.nerpatham.com I Facebook: www.facebook.com/nerpatham weekly

### ഭരണഘടനാസ്ഥാപനങ്ങളുടെ വിശ്വാസ്യത തകർക്കുന്നത് ആശങ്കാജനകം:

# മുജാഹിദ് പ്രതിനിധി സമ്മേളനം

ആലുവ: സാമൂഹിക നീതിക്കും അവകാശ സംരക്ഷണങ്ങൾക്കും വേണ്ടി സമൂഹം ആശ്രയിക്കുന്ന ഭരണഘടനാ സ്ഥാപനങ്ങളെ സംശയത്തിന്റെ നിഴലിലേക്ക് ഉത്തരവാദപ്പെട്ടവർ തന്നെ കൊണ്ടുവരുന്നത് ആശങ്കാജനകമാണെന്ന് ആലുവയിൽ നടന്ന ദക്ഷിണകേരള മുജാഹിദ് പ്രതിനിധി സമ്മേളനം അഭിപ്രായപ്പെട്ടു. ഭരണഘടനാ സ്ഥാപനങ്ങളിലെ പോരായ്മകകൾ പരിഹരിക്കേണ്ടവർ തന്നെ പൊതുസമൂഹത്തിലേക്ക് പ്രശ്നങ്ങളെ വലിച്ചിഴക്കുന്നത് വലിയ സാമൂഹിക പ്രശ്നങ്ങൾക്ക് ഇടവരുത്തും.

'ഇസ്‌ലാം നിർഭയത്വത്തിന്റെ നേർവഴി' എന്ന പ്രമേയത്തിൽ ഡിസംബർ 29ന് പെരുമ്പാവൂരിൽ നടക്കുന്ന ദക്ഷിണ കേരള മുജാഹിദ് സമ്മേളനത്തിന്റെ ഭാഗമായാണ് പ്രതിനിധി സമ്മേളനം സംഘടിപ്പിച്ചത്.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ജില്ലാ സെക്രട്ടറി ജാബിർ വി.മൂസ സ്വാഗതം പറഞ്ഞു. സംസ്ഥാന സെക്രട്ടറി സി.പി. സലീം ആധ്യക്ഷ്യം വഹിച്ചു

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ജനറൽ സെക്രട്ടറി ടി.കെ. അശ്റഫ് ഉദ്ഘാടനം ചെയ്തു. വിസ്ഡം യൂത്ത് ഓർഗനൈസേഷൻ ജനറൽ സെക്രട്ടറി കെ.സജ്ജാദ്, സെക്രട്ടറിമാരായ താജുദ്ദീൻ സ്വലാഹി, അബ്ദുല്ലാ ഫാസിൽ, പി.യുസുഹൈൽ, സംസ്ഥാന വൈസ് പ്രസിഡന്റ് യു. മുഹമ്മദ് മദനി, ശമീർ മദീനി, ജില്ലാ പ്രസിഡന്റ് മുഹമ്മദലി കൊച്ചി, നിസാർ കൊല്ലം, ബഷീർ ആലപ്പുഴ, ആസാദ് പീരുമേട് എന്നിവർ പ്രസംഗിച്ചു.

# ജനറൽ കൗൺസിലുകൾക്ക് ഉജ്ജ്വല തുടക്കം

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിൽ മണ്ഡലം തലത്തിൽ സംഘടിപ്പിക്കുന്ന ജനറൽ കൗൺസിലുകൾക്ക് ഉജ്ജ്വലമായ തുടക്കം. ശാഖാതലത്തിൽ സംഘടിപ്പിച്ച ഇസ്‌ലാഹി കുടുംബ സംഗമം, മുജാഹിദ് സംഗമം എന്നിവയുടെ തുടർച്ചയായാണ് മണ്ഡലം ജനറൽ കൗൺസിലുകൾ നടക്കുന്നത്. സംഘടനയുടെ അടിത്തട്ട് സജീവമാകുന്നതിലൂടെയാണ് ഫലപ്രദമായ പ്രബോധനം സാധ്യമാകുന്നത്. ഈ ലക്ഷ്യം വെച്ചുകൊണ്ട് ശാഖകളിലും മണ്ഡലങ്ങളിലും നടക്കുന്ന ചലനങ്ങൾ വലിയ പ്രതീക്ഷയാണ് പ്രവർത്തകരിൽ ഉളവാക്കുന്നത്.

വിശ്വാസ, ധാർമിക രംഗത്ത് ഒട്ടേറെ ബാധ്യതകൾ നിർവഹിക്കാനുള്ള സമകാലിക ലോകത്ത് പുതിയ കാൽവയ്പുകൾക്ക് പദ്ധതികൾ ആവിഷ്കരിച്ചു കൊണ്ടാണ് ജനറൽ കൗൺസിലുകൾ മുന്നേറുന്നത്. വരുന്ന ദിവസങ്ങളിൽ മറ്റു മണ്ഡലങ്ങളിൽ കൂടി കൗൺസിൽ നടക്കാനിരിക്കുകയാണ്.

കൗൺസിലുകൾ നടന്ന സ്ഥലവും നേതൃത്വം നൽകിയവരും: വളപട്ടണം, ഇരിക്കൂർ: സി.പി. സലീം. പയ്യോളി, കൊയിലാണ്ടി: നാസിർ ബാലുശ്ശേരി. അത്തോളി: അബ്ദുറഹ്മാൻ അൻസാരി, അൾകർ ഇബ്റാഹിം. ബേപ്പൂർ, ഫറോക്ക്: നബീൽ രണ്ടത്താണി. എടവണ്ണ, ഒതായി: യു മുഹമ്മദ് മദനി, നിസാർ സ്വലാഹി. പാണ്ടിക്കാട്: താജുദ്ദീൻ സ്വലാഹി, അബ്ഷർ. മോങ്ങം: അബൂബക്കർ സലഫി, വലീദ് കെ.എം. എടവണ്ണപ്പാറ: നിസാർ സ്വലാഹി. ആനക്കയം: അബ്ദുൽ മാലിക് സലഫി, മുഹാസ്. സി. മഞ്ചേരി: മുഹമ്മദ് മദനി. യൂണിവേഴ്സിറ്റി, അരീക്കോട്, പെരുവെള്ളൂർ: കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, ഷമീൽ. അരീക്കോട്, കൂറ്റനാട്: ഹംസ മദീനി, മുനവ്വർ കോട്ടക്കൽ. മണ്ണാർക്കാട്: റഷീദ് കൊടക്കാട്ട്, ഇൻശാദ് സ്വലാഹി. തച്ചമ്പാറ: ഹംസക്കുട്ടി സലഫി, ഇൻശാദ് സ്വലാഹി. കുന്ദംകുളം: അബ്ദുല്ലത്തീഫ് സുല്ലമി, റംസി സാഹിർ. ഗുരുവായൂർ: അബ്ദുല്ലത്തീഫ് സുല്ലമി, റംസി സാഹിർ. കാക്കനാട്: ഫൈസൽ മൗലവി, സ്വഫ്‌വാൻ. ആലപ്പുഴ, എറണാകുളം: ഫൈസൽ മൗലവി.

മുഖമൊഴി

# വാളയാറൻ കാറ്റിലെ അനീതിയുടെ ദുർഗന്ധം

'**കൊ**ന്നവരെയെല്ലാം
സുഖവാസത്തിനയച്ച്
ഹാഷ്ടാഗിനു കീഴെ
നമുക്കവളെ തൂക്കിയിടാം.
കോടതി വരാന്തകളിൽ
നീതിയെ തൂക്കിലേറ്റി,
കാപാലികരെ ആദരിച്ച്
നമുക്ക് പുളകിതരാവാം'

വാളയാറിൽ അതിക്രൂരമായി ലൈംഗിക പീഡനത്തിനിരകളായ, ഒടുവിൽ ദുരൂഹമായ രീതിയിൽ മരണപ്പെട്ട സഹോദരിമാരായ രണ്ട് ബാലികമാർ മലയാളനാടിന്റെ ഇടനെഞ്ചിലെ വേദനയാണ്. അവരെ പിച്ചിച്ചീന്തിയ കാപാലികർക്ക് കഴുമരം കിട്ടുമെന്ന പ്രതീക്ഷയിലിരിക്കുമ്പോഴാണ് തെളിവില്ലെന്നു പറഞ്ഞ് ആ പ്രതികളെ വെറുതെ വിട്ട് കോടതി ഞെട്ടിച്ചുകളഞ്ഞിരിക്കുന്നത്.

ഇത് തികഞ്ഞ നീതിനിഷേധമാണെന്ന് പറയാതിരിക്കാനാവില്ല. കോടതി പ്രതികളെ വെറുതെ വിടാൻ കാരണം തെളിവിന്റെ അഭാവമാണത്രെ. വ്യക്തമായ തെളിവുകളും സാക്ഷികളുമുണ്ടായിട്ടും കോടതിയിൽ അവ സമർപ്പിക്കാനോ ബോധിപ്പിക്കാനോ പൊലീസിന് കഴിയാത്തതാണ് കാരണം. മകളെ പീഡിപ്പിക്കുന്നത് കണ്ടുവെന്ന് മരിച്ച പെൺകുട്ടിയുടെ അമ്മ പൊലീസിന് മൊഴി നൽകിയതാണ്. പെൺകുട്ടികൾ പലതവണ പ്രകൃതിവിരുദ്ധ പീഡനത്തിന് വിധേയമായിട്ടുണ്ടെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ അസന്ദിഗ്ധമായി പ്രസ്താവിച്ചിട്ടുമുണ്ട്.

'അച്ഛനോടും അമ്മയോടും പറഞ്ഞാൽ മാമൻ കൊല്ലുമെന്ന് അവൾ പറഞ്ഞു. അങ്ങനെ ഭീഷണിപ്പെടുത്തിയതുകൊണ്ടാണ് അവൾ പറയാതിരുന്നത്. എന്നെ കണ്ടപ്പോൾ അവളെല്ലാം തുറന്നു പറഞ്ഞിരുന്നു. മകൾ മരിച്ചദിവസവും കേസിലെ പ്രതി മധു വീട്ടിൽ വന്നിരുന്നു. ഇക്കാര്യമെല്ലാം താൻ കോടതി മുമ്പാകെയും അന്വേഷണസംഘം മുമ്പാകെയും നൽകിയ മൊഴിയിൽ പറഞ്ഞിരുന്നു' എന്ന് കുട്ടികളുടെ പിതാവ് മാധ്യമങ്ങളോട് പറഞ്ഞതായും അറിയുന്നു.

ബാലികമാരെ പീഡിപ്പിച്ച പ്രതികൾക്കു വേണ്ടി വാദിച്ചിരുന്ന വ്യക്തിയെ ജില്ലയിലെ ശിശുക്ഷേമ സമിതിയുടെ ചെയർമാനാക്കിയ വാർത്ത ചിരിക്ക് വകനൽകുന്നു. കോഴിക്കുഞ്ഞുങ്ങൾക്ക് കാവലായി കുറുക്കനെ നിയമിച്ചുവെന്ന് കേട്ടാൽ എങ്ങനെ ചിരിക്കാതിരിക്കും!

കേരളത്തിലെ പൊലീസ് സേന കരുത്തും കഴിവുമുള്ളതാണ്. വേണമെന്ന് വിചാരിച്ചാൽ എത്ര സങ്കീർണമായ കേസിനും തുമ്പുണ്ടാക്കാനും പ്രതികളെ പിടികൂടാനും നമ്മുടെ പൊലീസ് സേനക്ക് കഴിയുമെന്നതിൽ സംശയമില്ല. ചൂണ്ടിക്കാണിക്കാൻ ഒട്ടേറെ ഉദാഹരണങ്ങൾ നമ്മുടെ മുമ്പിലുണ്ട്.

കള്ളന്മാർക്കും കൊലപാതകികൾക്കും പീഡനവീരൻമാർക്കും വേണ്ടി രാഷ്ട്രീയ നേതാക്കൾ ഇടപെടുന്നതാണ് നമ്മുടെ നാടിന്റെ ശാപം. 'മുകളിൽനിന്നുള്ള' സമ്മർദം തെല്ലൊന്നുമല്ല പൊലീസുകാരെ വലയ്ക്കുന്നത്. മേലാളന്മാരുടെ ഉത്തരവ് അനുസരിക്കാതിരുന്നാലുള്ള ഭവിഷത്തോർത്ത് 'ശരി സർ' എന്നു പറയേണ്ട ഗതികേടിലാണവർ. അവരെ സ്വതന്ത്രരായി അവരുടെ ജോലി ചെയ്യാൻ വിട്ടാൽ കുറ്റവാളികൾ പിടിക്കപ്പെടും. രക്ഷപ്പെടാൻ പഴുതില്ലാത്ത വിധം കുറ്റപത്രം സമർപ്പിക്കുകയും ചെയ്യും. കുരങ്ങിന്റെ അരയിൽ കയറുകെട്ടി ഓടെടാ ചാടെടാ കുഞ്ചിരാമാ എന്ന് യജമാനൻ പറയുമ്പോൾ ചാടിക്കളിക്കുന്ന കുരങ്ങിനെ പോലെ രാഷ്ട്രീയക്കാരുടെ കൈകളിലെ കുഞ്ചിരാമന്മാരായി പൊലീസുകാർ മാറരുത്. എങ്കിൽ കുറ്റവാളികൾ ഇവിടെ അരങ്ങുവാഴില്ല. നീതിബോധമുള്ള ഭരണാധികാരികളും ഇച്ഛാശക്തിയുള്ള പൊലീസുകാരുമാണ് ഇന്നിന്റെ ആവശ്യം. ●

**കള്ളന്മാർക്കും കൊലപാതകികൾക്കും പീഡനവീരൻമാർക്കും വേണ്ടി രാഷ്ട്രീയ നേതാക്കൾ ഇടപെടുന്നതാണ് നമ്മുടെ നാടിന്റെ ശാപം. വാളയാറിലെ അതിക്രൂരമായ ലൈംഗിക പീഡനത്തിലും ദുരൂഹ മരണത്തിലും അതുതന്നെയാണ് സംഭവിച്ചിരിക്കാൻ സാധ്യത. മേലാളന്മാരുടെ കയ്യിലെ കളിപ്പാവകളല്ല, നീതിബോധമുള്ള ഭരണാധികാരികളും ഇച്ഛാശക്തിയുള്ള പൊലീസുകാരുമാണ് ഇന്നിന്റെ ആവശ്യം.**

മൂസ സ്വലാഹി, കാര
moosakara001@gmail.com

വിമർശനം

**അറുതിയില്ലാത്ത അന്ധവിശ്വാസങ്ങൾ: 7**



# നബിദിനാഘോഷത്തിന് ക്വുർആനിൽ തെളിവോ?

മതം പഠിപ്പിക്കാത്ത കാര്യങ്ങൾക്ക് ഊന്നൽ നൽകി മതാചാരങ്ങളെ ഊതിക്കെടുത്തുക എന്ന ലക്ഷ്യത്തിലാണ് സമസ്ത ഇപ്പോഴും മുന്നേറുന്നത്. മതപ്രമാണങ്ങളെ ദുരുപയോഗം ചെയ്ത് പുത്തനാചാരങ്ങൾക്ക് ശക്തിപകരുക എന്നത് സമസ്ത പിന്തുടർന്നുവരുന്ന ചര്യയാണ്. 2019 സെപ്തംബർ ലക്കം 'സുന്നത്ത്' മാസികയിൽ 'അഹ്‌ലുസ്സുന്നഃ അടിത്തറയുള്ള വിശ്വാസധാര' എന്ന ശീർഷകത്തിൽ വന്ന ലേഖനം അതിനുള്ള വലിയ തെളിവാണ്.

ലേഖകൻ എഴുതുന്നു: "മരണപ്പെട്ടവർക്കു വേണ്ടി സുന്നികൾ നടത്തിവരുന്ന ഖുർആൻ പാരായണവും മതപ്രമാണങ്ങളുടെ പിൻബലമുള്ള സുകൃതം തന്നെ" (പേജ് 31).

പുത്തനാചാരക്കാര(ബിദ്ഇകൾ)ല്ലാതെ യഥാർഥ സുന്നികൾ ഇത് അംഗീകരിക്കുകയില്ല. ഇല്ലാത്ത പ്രമാണങ്ങളുടെ മറവിൽ ഇത് പ്രചരിപ്പിക്കുന്നവർക്ക് അവരുടെ സമയവും ഊർജവും പാഴാകുമെന്നല്ലാതെ മയ്യിത്തിനും അവർക്കും ഒന്നും കിട്ടാൻ പോകുന്നില്ല.

ഇസ്‌ലാം ഈ വിഷയത്തിൽ പഠിപ്പിക്കുന്നത് എന്താണ്? അല്ലാഹു പറയുന്നു: "മനുഷ്യന്ന് താൻ പ്രയത്നിച്ചതല്ലാതെ മറ്റൊന്നുമില്ല എന്നും..." (ക്വുർആൻ 53:39).

ഇബ്നുകഥീർ(റഹി) ഇതിനെ വിശദീകരിച്ചുകൊണ്ട് തന്റെ തഫ്സീറിൽ പറയുന്നു: "ഈ പരിശുദ്ധമായ ആയത്തിൽ നിന്നാണ് ഇമാം ശാഫിഈയും അദ്ദേഹത്തെ പിൻപറ്റിയവരും, മയ്യിത്തിനുവേണ്ടി ക്വുർആൻ ഓതി ഹദ്‌യ ചെയ്താൽ അതിന്റെ പ്രതിഫലം മയ്യിത്തിന് എത്തുകയില്ലെന്ന മതവിധി നിർധരിച്ചെടുത്തത്. കാരണം അത് അവരുടെ (മരിച്ചവരുടെ) പ്രവർത്തനമോ സമ്പാദ്യമോ അല്ല. നബിﷺ ഈ കാര്യം തന്റെ സമുദായത്തിന് സുന്നത്താക്കുകയോ അത് ചെയ്യാൻ പ്രേരിപ്പിക്കുകയോ കൽപനയാലോ സൂചനയാലോ അതിലേക്ക് വഴികാണിക്കുകയോ ചെയ്തിട്ടില്ല. അത് നന്മയാണെങ്കിൽ അതിലേക്കവർ മുൻകടക്കുമായിരുന്നു. ഇപ്രകാരം സ്വഹാബികളിൽ പെട്ട ഒരാളിൽ നിന്നും ഉദ്ധരിക്കപ്പെട്ടിട്ടുമില്ല..." (വാള്യം 4, പേജ് 299).

ഇവർ അംഗീകരിക്കുന്ന മദ്ഹബിന്റെ ഇമാമിന്റെ വിശ്വാസമാണ് നടേസൂചിപ്പിച്ചത്. എന്നാൽ അതിന് എതിരായ ആശയം ജനങ്ങളെ പഠിപ്പിക്കാനാണ് ഇവർ പാടുപെടുന്നത്!

ലേഖകൻ തന്റെ വാദത്തെ സ്ഥാപിക്കാൻ ഇല്ലാത്ത തെളിവുകൾ ഉണ്ടാക്കിയെടുക്കുന്നത് കാണുക: "അൻസ്വാറുകളിൽ പെട്ട ആരെങ്കിലും വഫാത്തായാൽ അവരുടെ ഖബറിനു സമീപം ചെന്ന് അൻസ്വാറുകൾ ഖുർആൻ ഓതാറുണ്ടായിരുന്നു (ശറഹുസ്സുദൂർ). അൻസ്വാറുകൾ മയ്യിത്തിനു സമീപമിരുന്ന് സൂറതുൽ ബഖറ പാരായണം ചെയ്യാറുണ്ടായിരുന്നു (മുസ്വന്നഫ് ഇബ്നു അബീശൈബ)" (പേജ് 31).

ഇതിന്റെ നിവേദക പരമ്പരയിലെ മുജാലിദ് ഇബ്നു സഈദ് എന്ന വ്യക്തി പ്രബലനല്ല (ലൈസബിൽ ക്വവിയ്യ്) എന്ന് ഇമാം നസാഈ, ഇബ്നുമുഈൻ, ഇബ്നു ഹജറുൽ അസ്ക്വലാനി എന്നിവർ വ്യക്തമാക്കിയിട്ടുണ്ട്. ദുർബലമോ നിർമിതമോ ആയ പുൽക്കൊടികളല്ലാതെ പുത്തനാചാരങ്ങൾക്ക് തെളിവായി ഹാജറാക്കാൻ സാധിക്കില്ല; ഒരാൾക്കും.

സ്വഹാബികളിൽ ആരും ചെയ്യാത്ത ഒന്നിനെ അവരുടെമേൽ വെച്ച് കെട്ടാനുള്ള ധൈര്യം അപാരം തന്നെ! ഈ വരികളും ഇത് വായിച്ച് അനുകരിക്കുന്നവരുമൊക്കെ എതിരാകുന്ന ഒരു ദിവസം വരാനുണ്ടെന്ന് ഓർക്കുന്നത് നന്ന് എന്നേ പറയാനുള്ളൂ.

വളരെ ബാലിശമായ ഒരു തെളിവ് കൂടി മുസ്‌ലിയാർ ഉദ്ധരിക്കുന്നത് കാണുക: "അബ്ദുല്ലാഹിബ്നു ഉമർ(റ)വിൽ നിന്ന് നിവേദനം: നബിﷺ ഇപ്രകാരം പറയുന്നത് ഞാൻ കേട്ടു: 'നിങ്ങളിൽ ആരെങ്കിലും മരണപ്പെട്ടാൽ അവരെ തടഞ്ഞുവെക്കരുത്. വേഗം ഖബറിലേക്ക് കൊണ്ടുപോവുക. മയ്യിത്തിന്റെ തലഭാഗത്തുവെച്ച് അൽബഖറയുടെ ആദ്യ ഭാഗവും കാൽ ഭാഗത്തു വെച്ച് അവസാന ഭാഗവും പാരായണം ചെയ്യുക(മിശ്കാത്ത്)" (പേജ് 31).

ഇതിന്റെ പരമ്പരയിലെ അബ്ദുറഹ്മാൻ ഇബ്നുൽ അലാഅ് ഇബ്നുല്ലജ്‌ലാജ് എന്ന വ്യക്തി അജ്ഞനും ബലഹീനനുമാണെന്ന് അഹ്‌ലുസ്സുന്നയുടെ ഇമാമുമാരായ ബുഖാരി(റഹി), ഇബ്നു അബീഹാതിം(റഹി), ഇബ്നു ഹജറുൽഅസ്ക്വലാനി(റഹി) തുടങ്ങിയവർ വ്യക്തമാക്കിയിട്ടുണ്ട്. ബിദ്അത്തുകളെ നബിചര്യയാക്കാൻ വ്യഗ്രത കാട്ടുമ്പോൾ എടുത്തുദ്ധരിക്കുന്ന തെളിവുകളുടെ അകവും പുറവും പരിശോധിക്കുന്നത് വളരെ നല്ലതാണ്.

രണ്ടാം ശാഫിഈ എന്നറിയപ്പെടുന്ന ഇമാം നവവി(റഹി) ഈ കാര്യത്തിൽ പറഞ്ഞത് കൂടി വായിക്കാം: "ശാഫിഈ മദ്ഹബിലെ പ്രസിദ്ധ അഭിപ്രായം മയ്യിത്തിനുവേണ്ടി ക്വുർആൻ ഓതിയാൽ അതിന്റെ പ്രതിഫലം മയ്യിത്തിനു ലഭിക്കുകയില്ല എന്നതാണ്" (ശറഹ് മുസ്‌ലിം: വാള്യം1, പേജ് 138). സ്വന്തമെന്ന് അഭിമാനിക്കുന്ന മദ്ഹബിന്റെ പിന്തുണ പോലും ഈ വിഷയത്തിൽ മുസ്‌ലിയാർക്കില്ലെന്ന് വ്യക്തം.



**അനുഗ്രഹപൂർണൻ അല്ലാഹു മാത്രമാണ്. ഓരോരുത്തരിലും അത് കണക്കാക്കുന്നവനും അവൻ തന്നെ. ബറകത്താക്കപ്പെട്ടത് ഏതെല്ലാമാണെന്ന് നമ്മളല്ല തീരുമാനിക്കുന്നത്. നബിﷺയുടെ വസ്ത്രവും മുടിയുമൊക്കെ ബറകത്തുള്ളവ തന്നെയാണ്. എന്നാൽ ഇന്ന് ഇതിലേതെങ്കിലും ആരുടെയെങ്കിലും പക്കലുണ്ടെന്ന വാദം വ്യാജമാണ്. തെളിയിക്കാൻ കഴിയാത്തതാണ്. ആ തിരുശേഷിപ്പുകൾ അന്ത്യനാൾ വരെ സൂക്ഷിക്കപ്പെടുമെങ്കിൽ അതിന് പ്രമാണങ്ങളിൽ തെളിവുണ്ടാകേണ്ടതാണ്. അങ്ങനെയൊരു തെളിവും കാണുവാൻ സാധ്യമല്ല. വിശ്വാസികളെ സാമ്പത്തികമായി ചൂഷണം ചെയ്യാൻ പറ്റിയ കച്ചവടച്ചരക്കായി തട്ടിക്കൂട്ടിയതാണ് തിരുമുടിയും പൊടിയും പാത്രവും വടിയും ചെരിപ്പും തുണിയുമെല്ലാം. മുസ്‌ലിയാരുടെ വരികൾ ഈ വ്യാപാര മേഖലയെ കൊഴുപ്പിക്കൽ ലക്ഷ്യം വെച്ചുള്ളതാണെന്ന് മനസ്സിലാകാൻ വലിയ ബുദ്ധിയൊന്നും വേണ്ട.**



ലേഖകൻ തുടരുന്നു: "തിരുനബിﷺയുടെ ജന്മത്തിൽ എപ്പോഴും, വിശിഷ്യാ റബീഉൽ അവ്വലിൽ സുന്നികൾ നടത്തിവരുന്ന ആഘോഷങ്ങൾക്കും ഖുർആനിന്റെ പിൻബലമുണ്ട്. അല്ലാഹുവിന്റെ ഔദാര്യവും കാരുണ്യവും കൊണ്ട് അവർ സന്തോഷിക്കട്ടെ (യൂനുസ്:58) എന്ന സൂക്തത്തിലെ കാരുണ്യം കൊണ്ട് ഉദ്ദേശ്യം നബിﷺയാണെന്ന് മുഫസ്സിറുകൾ രേഖപ്പെടുത്തിയിട്ടുണ്ട്" (പേജ് 31).

മേൽ സൂചിപ്പിക്കപ്പെട്ട ആയത്തിലെ കാരുണ്യം എന്നതിന്റെ ഉദ്ദേശം ഇസ്‌ലാം, വിശ്വാസം, ക്വുർആൻ തുടങ്ങിയവയാണെന്ന് മിക്ക മുഫസ്സിറുകളും വിശദീകരിച്ചിട്ടുണ്ട്. പ്രബലാഭിപ്രായം ക്വുർആനാണെന്ന കാര്യം മുസ്‌ലിയാർ മറച്ചുവെക്കുകയാണ് ചെയ്തിട്ടുള്ളത്. ശിയാക്കൾ, സ്വൂഫികൾ, ബറേൽവികൾ എന്നീ പിഴച്ച കക്ഷികൾ ഈ ആയത്തിനെ എന്തിനാണോ തെളിവാക്കുന്നത് അതിന് വേണ്ടി തന്നെയാണ് സമസ്തയും ഇതിനെ എടുത്തിട്ടുള്ളത്.

സൂറഃ യൂനുസിലെ 58ാം വചനത്തിൽ റബീഉൽ അവ്വലിൽ നബിദിനാഘോഷം നടത്താനുള്ള തെളിവുണ്ടെന്നാണ് മുസ്‌ലിയാർ പറയുന്നത്. ഈ ആയത്ത് നബിﷺക്കോ സ്വഹാബത്തിനോ മനസ്സിലായിട്ടില്ല എന്നല്ലേ ഇപ്പറഞ്ഞതിനർഥം? ക്വുർആനിന്റെ ഏത് കൽപനയും അപ്പടി പ്രാവർത്തികമാക്കിയിരുന്ന നബിﷺയും അനുചരന്മാരും ഈ ആയത്തിന്റെ അടിസ്ഥാനത്തിൽ നബിദിനാഘോഷം നടത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ തെളിവെന്ത്? ഇല്ലെങ്കിൽ എന്ത് കൊണ്ട് നടത്തിയില്ല? ലേഖകൻ മറുപടി പറയേണ്ടതുണ്ട്.

മൗലിദാഘോഷത്തെ ഇസ്‌ലാമികമാക്കാൻ മുസ്‌ലിയാർ സമർപ്പിക്കുന്ന വലിയൊരു തെളിവ് കാണുക: "മൗലിദാഘോഷം കാലങ്ങളായി മുസ്‌ലിംകൾ നടത്തിവരുന്ന ഒരു ആഘോഷമാണെന്ന് ഇമാം ഖസ്ത്വല്ലാനി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മുസ്‌ലിംകൾ കാലങ്ങളായി തിരുനബിﷺയുടെ ജന്മ മാസത്തിൽ ഒരുമിച്ചുകൂടുകയും പ്രത്യേകം സദ്യയൊരുക്കുകയും ചെയ്യാറുണ്ട്. റബീഉൽഅവ്വൽ രാവുകളിൽ അവർ വിവിധയിനം ദാനധർമ്മങ്ങൾ നിർവഹിക്കുകയും സന്തോഷം പ്രകടിപ്പിക്കുകയും സുകൃതങ്ങൾ വർദ്ധിപ്പിക്കുകയും അവിടുത്തെ മൗലിദ് പാരായണത്തിൽ ബദ്ധശ്രദ്ധരാവുകയും ചെയ്തിരുന്നു(അൽമവാഹിസ്)" (പേജ്, 31).

ക്വുർആനിൽ തെളിവുണ്ടെന്ന് ആദ്യം പറഞ്ഞു കഴിഞ്ഞു. പിന്നെ എന്തിന് തെളിവുതേടി മറ്റു കിതാബുകൾ പരതണം?

പ്രമാണങ്ങളുടെ അംഗീകാരമില്ലാത്ത ഒരാഘോഷത്തിനെ ആര് മഹത്ത്വപ്പെടുത്തിയാലും അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാർ അതിന് സ്വീകാര്യത നൽകുകയില്ല. പ്രമാണങ്ങളെ പിൻപറ്റുന്നവർ ഖസ്ത്വല്ലാനിയുടെ ഈ വരികളെ ഗൗനിക്കുക പോലുമില്ല. മുസ്‌ലിയാരുടെ നിലപാടിന് ഖണ്ഡനമായി ഇ.കെ അബൂബക്കർ മുസ്‌ലിയാരുടെ ഈ വാക്കുകൾ ത

**നബിﷺയുടെ വസ്ത്രം കൊണ്ട് സ്വഹാബത്ത് ബറകത്തെടുത്തു എന്നത് ശരിയാണ്. ആ വസ്ത്രം ഇന്നുണ്ടെങ്കിൽ നമുക്കും എടുക്കാം. അത് നബിﷺയുടെ മാത്രം പ്രത്യേകതയാണ്. പ്രവാചകന്റെ സവിശേഷത പറയുന്ന ഹദീഥുകളിൽ നിന്ന് സ്വാലിഹുകളുടെ ശേഷിപ്പുകൾ കൊണ്ട് പുണ്യമെടുക്കാം എന്ന് സ്വഹാബത്തിൽ ഒരാൾ പോലും മനസ്സിലാക്കിയിട്ടില്ല, പഠിപ്പിച്ചിട്ടുമില്ല. അങ്ങനെ ഉണ്ടെങ്കിൽ നബിലയുടെ വഫാത്തിനു ശേഷം സമൂഹത്തിന്റെ ഉത്തരവാദിത്തം ഏൽപിക്കപ്പെട്ട അബൂബക്കർؓവിനെയോ, പിന്നീട് വന്ന മൂന്ന് ഖലീഫമാരെയോ ആ നിലയ്ക്ക് സ്വഹാബത്ത് കാണുമായിരുന്നു. അങ്ങനെ സംഭവിച്ചിട്ടുമില്ല. യാഥാർഥ്യം ഇതായിരിക്കെ ഇതിന് വിരുദ്ധമായ അഭിപ്രായങ്ങൾ വ്യക്തമായ തെളിവുകളാൽ സ്ഥിരപ്പെടാത്തതിനാൽ സ്വീകരിക്കേണ്ട ബാധ്യത മുസ്‌ലിംകൾക്കില്ല.**



ന്നെ മതിയാകുന്നതാണ്: "ശൈഖുനാ പറഞ്ഞുവത്രെ: 'ഞാൻ ഖസ്ത്വല്ലാനിയുടെ മുഖല്ലിദാണോ അദ്ദേഹം പറഞ്ഞത് അപ്പടി സ്വീകരിക്കാൻ?" (സുന്നി അഫ്ക്കാർ,1996 ഡിസംബർ, പേജ് 2).

മുസ്‌ലിയാർ എഴുതുന്നു: "തിരുകേശമടക്കം മഹാന്മാരുമായി ബന്ധപ്പെട്ട സർവ്വ വസ്തുക്കൾക്കും ബറകത്തുണ്ടെന്ന സുന്നി വിശ്വാസവും സ്വഹാബികൾ നമുക്ക് പകർന്നുതന്ന പാഠമാണ്" (പേജ് 31).

അനുഗ്രഹപൂർണൻ അല്ലാഹു മാത്രമാണ്. ഓരോരുത്തരിലും അത് കണക്കാക്കുന്നവനും അവൻ തന്നെ. ബറകത്താക്കപ്പെട്ടത് ഏതെല്ലാമാണെന്ന് നമ്മളല്ല തീരുമാനിക്കുന്നത്. നബിﷺയുടെ വസ്ത്രവും മുടിയുമൊക്കെ ബറകത്തുള്ളവ തന്നെയാണ്. എന്നാൽ ഇന്ന് ഇതിലേതെങ്കിലും ആരുടെയെങ്കിലും പക്കലുണ്ടെന്ന വാദം വ്യാജമാണ്. തെളിയിക്കാൻ കഴിയാത്തതാണ്. ആ തിരുശേഷിപ്പുകൾ അന്ത്യനാൾ വരെ സൂക്ഷിക്കപ്പെടുമെങ്കിൽ അതിന് പ്രമാണങ്ങളിൽ തെളിവുണ്ടാകേണ്ടതാണ്. അങ്ങനെയൊരു തെളിവും കാണുവാൻ സാധ്യമല്ല. വിശ്വാസികളെ സാമ്പത്തികമായി ചൂഷണം ചെയ്യാൻ പറ്റിയ കച്ചവടച്ചരക്കായി തട്ടിക്കൂട്ടിയതാണ് തിരുമുടിയും പൊടിയും പാത്രവും വടിയും ചെരിപ്പും തുണിയുമെല്ലാം. മുസ്‌ലിയാരുടെ വരികൾ ഈ വ്യാപാര മേഖലയെ കൊഴുപ്പിക്കൽ ലക്ഷ്യം വെച്ചുള്ളതാണെന്ന് മനസ്സിലാകാൻ വലിയ ബുദ്ധിയൊന്നും വേണ്ട.

മുസ്‌ലിയാർ ഈ വാദത്തിനായി കൊണ്ടുവന്ന തെളിവും അതിന്റെ വസ്തുതയും പരിശോധിക്കാം: "അസ്മാഅ്ؓ പറയുന്നു: തിരുനബിﷺയുടെ ഈ ജുബ്ബ ആയിശؓയുടെ കൈവശമാണ് ഉണ്ടായിരുന്നത്. ഇത് നബിﷺ ധരിക്കാറുണ്ടായിരുന്ന വസ്ത്രമാണ്. ഞങ്ങൾ ഇത് കഴുകിയ വെള്ളം രോഗികൾക്ക് ഔഷധമായി നൽകാറുണ്ട് (സ്വഹീഹ് മുസ്‌ലിം). ഈ ഹദീഥിന്റെ വ്യാഖ്യാനത്തിൽ ഇമാം നവവിؒ പറയുന്നു: "മഹാന്മാരുടെ വസ്ത്രം കൊണ്ടും മറ്റും പുണ്യം നേടാമെന്ന് ഈ ഹദീസ് വ്യക്തമാക്കുന്നു"(ശർഹു മുസ്‌ലിം)" (പേജ് 31).

ഇപ്പറഞ്ഞതിന് പ്രമാണങ്ങളിൽ തെളിവു കാണാൻ സാധ്യമല്ല. നബിﷺയുടെ വസ്ത്രം കൊണ്ട് സ്വഹാബത്ത് ബറകത്തെടുത്തു എന്നത് ശരിയാണ്. ആ വസ്ത്രം ഇന്നുണ്ടെങ്കിൽ നമുക്കും എടുക്കാം. അത് നബിﷺയുടെ മാത്രം പ്രത്യേകതയാണ്. പ്രവാചകന്റെ സവിശേഷത പറയുന്ന ഹദീഥുകളിൽ നിന്ന് സ്വാലിഹുകളുടെ ശേഷിപ്പുകൾ കൊണ്ട് പുണ്യമെടുക്കാം എന്ന് സ്വഹാബത്തിൽ ഒരാൾ പോലും മനസ്സിലാക്കിയിട്ടില്ല, പഠിപ്പിച്ചിട്ടുമില്ല. അങ്ങനെ ഉണ്ടെങ്കിൽ നബിﷺയുടെ വഫാത്തിനു ശേഷം സമൂഹത്തിന്റെ ഉത്തരവാദിത്തം ഏൽപിക്കപ്പെട്ട അബൂബക്കർؓവിനെയോ, പിന്നീട് വന്ന മൂന്ന് ഖലീഫമാരെയോ ആ നിലയ്ക്ക് സ്വഹാബത്ത് കാണുമായിരുന്നു. അങ്ങനെ സംഭവിച്ചിട്ടുമില്ല. യാഥാർഥ്യം ഇതായിരിക്കെ ഇതിന് വിരുദ്ധമായ അഭിപ്രായങ്ങൾ വ്യക്തമായ തെളിവുകളാൽ സ്ഥിരപ്പെടാത്തതിനാൽ സ്വീകരിക്കേണ്ട ബാധ്യത മുസ്‌ലിംകൾക്കില്ല. ●

നബീൽ പയ്യോളി
nabeelpayyoly@gmail.com



# മതം മതനിരാസം ഭരണഘടന

**ജനാധിപത്യവും മതേതരത്വവും ഏറെ ചർച്ച ചെയ്യപ്പെട്ട വർഷമാണ് കടന്നുപോയത്. മതനിരാസം മാത്രമല്ല, വിശ്വാസസ്വാതന്ത്ര്യം കൂടി മതേതരത്വത്തിന്റെ പരിധിയിൽ ഭരണഘടന ഉറപ്പുവരുത്തുന്നുണ്ട്. എന്നാൽ പുതിയ സംഭവവികാസങ്ങളിൽ പലതും ഈ പൗരാവകാശങ്ങളെ ലംഘിക്കുന്നതും സമൂഹത്തിന്റെ ആരോഗ്യകരമായ നിലനിൽപിന്റെ കടയ്ക്കൽ കത്തി വെക്കുന്നതുമാണ് എന്നതാണ് യാഥാർഥ്യം.**

ഇന്ത്യ വൈവിധ്യങ്ങളുടെ സംഗമഭൂമിയാണ്. ലോകത്ത് മറ്റൊരു രാഷ്ട്രത്തോടും താരതമ്യം ചെയ്യാനാവാത്ത വിധം വൈവിധ്യങ്ങൾ നമ്മുടെ രാജ്യത്തിന്റെ പ്രത്യേകതയാണ്. ലോകത്ത് ജനാധിപത്യ സംവിധാനമുള്ള രാജ്യങ്ങൾ ധാരാളമുണ്ട്. എന്നാൽ അവയൊന്നും ഇന്ത്യയെ പോലെ വൈവിധ്യങ്ങളെ വാരിപ്പുണർന്നവയല്ല.

സെക്യുലറിസം അഥവാ മതേതരത്വം എന്നത് മൂന്ന് രീതിയിൽ വ്യാഖ്യാനിക്കപ്പെടുന്നു. ഒന്ന് മതനിരാസമാണ്. രണ്ടാമത്തേത് മതവിശ്വാസം വ്യക്തി ജീവിതത്തിലാവാം; അതിന് സാമൂഹിക ജീവിതത്തിൽ ഇടപെടാൻ അവകാശമില്ല എന്ന് അനുശാസിക്കുന്നു. മൂന്നാമത്തേത് എല്ലാ മതങ്ങളെയും ഒരുപോലെ കാണുകയും അത് വിശ്വസിച്ച് ആചരിക്കാനുള്ള സ്വാതന്ത്ര്യം നൽകുകയും ചെയ്യുന്നു.

'സെക്യുലറിസം' എന്നതിനെ 'മതേതരത്വം' എന്നാണ് പൊതുവെ മലയാളീകരിക്കാറുള്ളത്. അതിന്റെ വ്യാഖ്യാനത്തിൽ ഒന്നാമത്തേതിന് പ്രാമുഖ്യം ലഭിക്കുകയും ചെയ്യുന്നു. ലോകത്ത് ജനാധിപത്യമുള്ള മിക്കവാറും രാജ്യങ്ങൾ പിന്തുടരുന്നതും ഒന്നാമത്തെ വ്യാഖ്യാനമാണ്. അത് യൂറോപ്യൻ രാജ്യങ്ങളിൽ അടക്കം നിലനിൽക്കുകയും ചെയ്യുന്നു. രണ്ടാമത്തെ വ്യാഖ്യാനം അനുസരിച്ച് മുന്നോട്ടുപോകുന്ന ജനാധിപത്യ രാജ്യങ്ങളും ഇന്നുണ്ട്.

ഇന്ത്യയുടെ സെക്യുലറിസം മൂന്നാമത് പറഞ്ഞതാണ്. നമ്മുടെ രാജ്യം എല്ലാ മതങ്ങളെയും ഒരേപോലെ കാണുകയും ഇഷ്ടമുള്ള മതം സ്വീകരിച്ച് ആചരിക്കുവാനും ആശയപ്രചാരണം നടത്തുവാനും പൗരന് സ്വാതന്ത്ര്യം നൽകുകയും ചെയ്യുന്നു. 1976ൽ രണ്ടാം ഭരണഘടനാഭേദഗതിയോടെയാണ് സെക്യുലറിസം എന്ന പദം ഒരു ആശയമായി ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തിയത്. ഇന്ത്യൻ പശ്ചാത്തലത്തിൽ സെക്യുലറിസം വായിക്കേണ്ടതും വ്യാഖ്യാനിക്കേണ്ടതും ഈ രീതിയിലാണ്. മതേതരത്വം എന്നതിനെക്കാൾ മതനിരപേക്ഷത എന്നതാണ് ഈ അടിസ്ഥാനത്തിൽ സെക്യുലറിസത്തെ മലയാളീകരിക്കുമ്പോൾ അനുയോജ്യമായത്.

ഇന്ത്യയുടെ സവിശേഷതയെ അറിഞ്ഞോ അറിയാതെയോ നാം മറന്ന് പോകുന്നു എന്ന് പലപ്പോഴും തോന്നാറുണ്ട്. സെക്യുലറിസം എന്നതിന് മതനിരാസം എന്ന വ്യാഖ്യാനം നൽകി നമ്മുടെ ഭരണഘടനയെയും രാജ്യത്തിന്റെ സവിശേഷതകളെയും ചവിട്ടിമെതിക്കാൻ ചില തൽപരകക്ഷികൾ ശ്രമം നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. അത് കഴിഞ്ഞ ഏതാനും വർഷങ്ങളായി സംഘടിതമായും ശക്തമായും തന്നെ നടന്നുവരുന്നു. ഭരണഘടനയെയും അത് നൽകുന്ന അവകാശങ്ങൾ പൗരന് ഉറപ്പുവരുത്തേണ്ട സ്ഥാപനങ്ങളെയും ഈ നിലയ്ക്ക് ദുരുപയോഗം ചെയ്യുന്ന സാഹചര്യവും രാജ്യത്ത് പലപ്പോഴായി ഉണ്ടായി. മതത്തിൽ നിന്നും സ്വതന്ത്രരായി ജീവിക്കാൻ വെമ്പൽകൊള്ളുന്ന ചിലർ സെക്യുലറിസത്തെ മറയായി സ്വീകരിക്കുന്നു. രാജ്യത്ത് ഏകശിലാത്മക ഭരണം കൊണ്ടുവരാൻ കാലങ്ങളായി ഫാസിസ്റ്റ് ശക്തികൾ നടത്തുന്ന ശ്രമങ്ങൾക്ക് സമാന്തരമായി മറ്റൊരു വഴി തെരഞ്ഞെടുക്കുകയാണ് നാസ്തികർ ചെയ്യുന്നത്. രണ്ട് കൂട്ടരുടെയും ലക്ഷ്യം ഏകശിലാത്മക രാജ്യം തന്നെ. ശത്രുവിന്റെ ശത്രു മിത്രമാകുന്നതും അവർ പുറകിലൂടെ കൈകോർക്കുന്നതും ചരിത്രത്തിന്റെ ഇടനാഴികളിൽ നാം പലപ്പോഴും കണ്ടതാണ്.

രാജ്യത്തിന്റെ മതനിരപേക്ഷമുഖം കാത്തുസൂക്ഷിക്കാനും വൈവിധ്യങ്ങളുടെ ഇന്ത്യയെ പൂർവാധികം ശക്തിയോടെ തിരിച്ചു കൊണ്ടുവരാനും മാതൃകാപരമായ പങ്ക് വഹിക്കുന്നവരാണ് മലയാളികൾ. വൈവിധ്യങ്ങൾ നിലനിൽക്കുമ്പോഴും ഇന്ത്യയെന്ന വികാരം ഈ രാജ്യത്തെ പൗരന്മാരെ ഒന്നിപ്പിക്കുന്നു. മത, ജാതി, ഭാഷ, വേഷ, ഭക്ഷണ, സംസ്കാര വൈവിധ്യങ്ങളെ ഇല്ലാതാക്കാൻ ഇന്ത്യയുടെ ആത്മാവുൾക്കൊണ്ട ഒരാൾക്കും സാധ്യമല്ല.

ഭരണഘടനയുടെ ആമുഖം നാം മനസ്സിരുത്തി വായിക്കേണ്ടതാണ്; പ്രത്യേകിച്ച് ഇന്നത്തെ സവിശേഷ സാഹചര്യത്തിൽ:

"നമ്മൾ, ഭാരതത്തിലെ ജനങ്ങൾ, ഇന്ത്യയെ ഒരു പരമാധികാര സ്ഥിതിസമത്വമതനിരപേക്ഷ ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യുന്നതിനും ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി, ചിന്ത, ആശയാവിഷ്കാരം, വിശ്വാസം, ഭക്തി, ആരാധന എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം, സ്ഥാനമാനങ്ങൾ, അവസരങ്ങൾ എന്നിവയിലുള്ള സമത്വം എന്നിവ ഉറപ്പുവരുത്തുന്നതിനും വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തുന്ന ഭ്രാതൃഭാവം എല്ലാവരിലും വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്തുകൊണ്ട് നമ്മുടെ ഭരണഘടനാസഭയിൽവച്ച്, 1949 നവംബറിന്റെ ഈ ഇരുപത്തിയാറാം ദിവസം, ഈ ഭരണഘടനയെ ഏതദ്വാരാ അംഗീകരിക്കുകയും അധിനിയമമാക്കുകയും നമുക്കായിത്തന്നെ സമർപ്പിക്കുകയും ചെയ്യുന്നു."

**സെക്യുലറിസം എന്നതിന് മതനിരാസം എന്ന വ്യാഖ്യാനം നൽകി നമ്മുടെ ഭരണഘടനയെയും രാജ്യത്തിന്റെ സവിശേഷതകളെയും ചവിട്ടിമെതിക്കാൻ ചില തൽപരകക്ഷികൾ ശ്രമം നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. മതത്തിൽ നിന്നും സ്വതന്ത്രരായി ജീവിക്കാൻ വെമ്പൽകൊള്ളുന്ന ചിലർ സെക്യുലറിസത്തെ മറയായി സ്വീകരിക്കുന്നു. രാജ്യത്ത് ഏകശിലാത്മക ഭരണം കൊണ്ടുവരാൻ കാലങ്ങളായി ഫാസിസ്റ്റ് ശക്തികൾ നടത്തുന്ന ശ്രമങ്ങൾക്ക് സമാന്തരമായി മറ്റൊരു വഴി തെരഞ്ഞെടുക്കുകയാണ് നാസ്തികർ ചെയ്യുന്നത്. രണ്ട് കൂട്ടരുടെയും ലക്ഷ്യം ഏകശിലാത്മക രാജ്യം തന്നെ. ശത്രുവിന്റെ ശത്രു മിത്രമാകുന്നതും അവർ പുറകിലൂടെ കൈകോർക്കുന്നതും ചരിത്രത്തിന്റെ ഇടനാഴികളിൽ നാം പലപ്പോഴും കണ്ടതാണ്.**

രാജ്യത്തിന്റെ ഭരണഘടന എന്തെന്നതിന്റെ ആകെത്തുക വരച്ചുകാണിക്കുകയാണ് ഈ ആമുഖം.

മതവിശ്വാസവും അതിന്റെ പ്രചാരണവും ഭരണഘടന പൗരന് നൽകുന്ന അവകാശമാണ്. 25ാം അനുഛേദം അത് നമുക്ക് ഉറപ്പ് നൽകുന്നു:

“25. ആശയ സ്വാതന്ത്ര്യം, മതം പ്രചരിപ്പിക്കുന്നതിനും പഠിപ്പിക്കുന്നതിനും പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനുമുള്ള സ്വാതന്ത്ര്യം.

1). ക്രമസമാധാനം, ധാർമികത, പൊതുആരോഗ്യം, ഈ വകുപ്പിലെ മറ്റു പരാമർശങ്ങൾ എന്നിവ കാത്തുസൂക്ഷിച്ചുകൊണ്ട് എല്ലാവർക്കും ഇഷ്ടമുള്ള മതത്തിൽ വിശ്വസിയ്ക്കാനും ആ വിശ്വാസം ഏറ്റുപറയാനും പ്രചരിപ്പിക്കാനും അവകാശമുണ്ട്.

2).(എ) ഈ വകുപ്പ് മതപരമായ അനുഷ്ഠാനങ്ങളോടനുബന്ധിച്ച സാമ്പത്തികമോ സാമൂഹികമോ രാഷ്ട്രീയമോ മതേതരമായ മറ്റെന്തെങ്കിലോ കാര്യങ്ങളെ നിയന്ത്രിക്കുന്നതിനോ തടയുന്നതിനോ വേണ്ടിയിട്ടുള്ളതോ,

(ബി) സാമൂഹിക ഉന്നമനത്തിനു വേണ്ടിയോ പൊതുസ്വഭാവമുള്ള ഹിന്ദുസ്ഥാപനങ്ങൾ ഹിന്ദുമതത്തിലെ എല്ലാവിഭാഗങ്ങൾക്കുമായി തുറന്നുകൊടുക്കുന്നതിനു വേണ്ടിയിട്ടുള്ളതോ ആയ ഏതെങ്കിലും നിയമനിർമാണത്തെ തടസ്സപ്പെടുത്തുന്നില്ല.

വിശദീകരണം 1: കൃപാൺ ധരിക്കുന്നത് സിഖ് മതവിശ്വാസത്തിന്റെ ഏറ്റുപറച്ചിലായി കരുതപ്പെടുന്നു.

**മതവിശ്വാസവും അതിന്റെ ആചരണ പ്രചാരണങ്ങളും രാജ്യത്തിന്റെ ഭരണഘടന നൽകുന്ന അവകാശമാണെന്നും അത് ആരുടെയും ഔദാര്യമല്ലെന്നുമുള്ള തിരിച്ചറിവ് ഉണ്ടാവണം. ഇന്ത്യയിൽ ജീവിക്കുന്ന മഹാഭൂരിപക്ഷം ജനങ്ങളും മതവിശ്വാസികളാണ്.എന്നാൽ ഇന്ത്യക്ക് ഔദ്യോഗിക മതം ഇല്ലതാനും. നാസ്തികരും ഇന്ത്യയിൽ ജീവിക്കുന്നുണ്ട്. അവരും ഭരണഘടന നൽകുന്ന വിശ്വാസ സ്വാതന്ത്ര്യം, ആശയപ്രചാരണ സ്വാതന്ത്ര്യം എന്നിവ ഉപയോഗപ്പെടുത്തി മതനിരാസം, ദൈവനിഷേധം തുടങ്ങിയ ആശയങ്ങൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു.**

വിശദീകരണം 2: 2(ബി)യിലെ ഹിന്ദുമതത്തെക്കുറിച്ചുള്ള പരാമർശം ബുദ്ധ, ജൈന സിഖ് മതങ്ങൾക്കും ബാധകമാണ്.

വ്യാഖ്യാനങ്ങൾക്ക് ഇടയില്ലാത്ത വിധം നമ്മുടെ ഭരണഘടന നൽകുന്ന അവകാശം സുതരാം വ്യക്തം.

26 മുതൽ 28 വരെയുള്ള അനുഛേദങ്ങളിൽ ഇതുമായി ബന്ധപ്പെട്ട കൂടുതൽ അവകാശങ്ങൾ വ്യക്തമാക്കുന്നു.

മതവിശ്വാസവും അതിന്റെ ആചരണ പ്രചാരണങ്ങളും രാജ്യത്തിന്റെ ഭരണഘടന നൽകുന്ന അവകാശമാണെന്നും അത് ആരുടെയും ഔദാര്യമല്ലെന്നുമുള്ള തിരിച്ചറിവ് ഉണ്ടാവണം. ഇന്ത്യയിൽ ജീവിക്കുന്ന മഹാഭൂരിപക്ഷം ജനങ്ങളും മതവിശ്വാസികളാണ്.എന്നാൽ ഇന്ത്യക്ക് ഔദ്യോഗിക മതം ഇല്ലതാനും. നാസ്തികരും ഇന്ത്യയിൽ ജീവിക്കുന്നുണ്ട്. അവരും ഭരണഘടന നൽകുന്ന വിശ്വാസ സ്വാതന്ത്ര്യം, ആശയപ്രചാരണ സ്വാതന്ത്ര്യം എന്നിവ ഉപയോഗപ്പെടുത്തി മതനിരാസം, ദൈവനിഷേധം തുടങ്ങിയ ആശയങ്ങൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു.

അടുത്ത കാലത്തായി മലയാളമണ്ണിൽ നടക്കുന്ന ചില ശ്രമങ്ങൾ കാണുമ്പോൾ ഇതെല്ലം മറക്കുന്നോ എന്ന് തോന്നുന്നു. ഏതാനും മാസങ്ങൾക്ക് മുമ്പ് ഒരു സെമിനാറിൽ ഒരു ഇടതുപക്ഷ ചിന്തകൻ പറഞ്ഞത് കേരളത്തിലെ രാഷ്ട്രീയ പാർട്ടികളും മത വിശ്വാസികളും വിശ്വാസത്തിന്റെ പേരിൽ ശബരിമല വിഷയത്തിൽ നിലപാട് എടുക്കുന്നത് അപകടകരമാണ്, അത് ഭരണഘടനയെയും രാജ്യത്തെയും ദുർബലപ്പെടുത്തും, വിശ്വാസത്തെക്കാൾ ഭരണഘടനയാണ് സംരക്ഷിക്കപ്പെടേണ്ടത്, അല്ലെങ്കിൽ അതിന് നാം വലിയ വില നൽകേണ്ടി വരും എന്നൊക്കെയാണ്. കേട്ടാൽ നല്ല ആശയം, രാജ്യത്തിന്റെ ഭരണഘടനയെ സംരക്ഷിക്കാൻ ഓരോ പൗരനും നിതാന്ത ജാഗ്രത പുലർത്തണം. എന്നാൽ മുകളിൽ പറഞ്ഞത് പട്ടിൽ പൊതിഞ്ഞ പാഷാണമാണ്. ഭരണഘടന നൽകുന്ന അവകാശസംരക്ഷണമാണ് യഥാർഥത്തിൽ ഭരണഘടനാ സംരക്ഷണം. ഭരണഘടനയും അത് ഉറപ്പ് നൽകുന്ന അവകാശങ്ങളും വേർതിരിച്ച് തങ്ങളുടെ ഒളിയജണ്ടൾ നടപ്പിലാക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണിത് എന്ന് വ്യക്തം.

ശബരിമല സ്ത്രീ പ്രവേശനം, മതമില്ലാത്ത ജീവൻ, ശാബാനു കേസ്, ശരീഅത്ത് വിവാദം, സ്കൂൾ സമയമാറ്റം, ഫ്ളാഷ് മോബ്, നാടകങ്ങൾ, മുസ്ലിം സ്ത്രീകളുടെ വസ്ത്ര ധാരണത്തിനെതിരെ കൃത്യമായ ഇടവേളകളിൽ ഉണ്ടാകുന്ന വിവാദങ്ങൾ, സർഗാത്മകതയുടെ പേരിൽ പുറത്ത് വരുന്ന ക്ഷുദ്രകൃതികൾ തുടങ്ങി നിരവധി ശ്രമങ്ങൾ ഉണ്ടാകുന്നത് അതിന് പിന്നിൽ പ്രവർത്തിക്കുന്നവർക്ക് ഭരണഘടനയെ കുറിച്ചോ അത് പൗരന് നൽകുന്ന അവകാശങ്ങളെ കുറിച്ചോ അറിയാത്തത് കൊണ്ടല്ല, മറിച്ച് ത

**ശബരിമല സ്ത്രീ പ്രവേശനം, മതമില്ലാത്ത ജീവൻ, ശാബാനു കേസ്, ശരീഅത്ത് വിവാദം, സ്കൂൾ സമയമാറ്റം, ഫ്‌ളാഷ് മോബ്, നാടകങ്ങൾ, മുസ്‌ലിം സ്ത്രീകളുടെ വസ്ത്ര ധാരണത്തിനെതിരെ കൃത്യമായ ഇടവേളകളിൽ ഉണ്ടാകുന്ന വിവാദങ്ങൾ, സർഗാത്മകതയുടെ പേരിൽ പുറത്ത് വരുന്ന ക്ഷുദ്രകൃതികൾ തുടങ്ങി നിരവധി ശ്രമങ്ങൾ ഉണ്ടാകുന്നത് അതിന് പിന്നിൽ പ്രവർത്തിക്കുന്നവർക്ക് ഭരണഘടനയെ കുറിച്ചോ അത് പൗരന് നൽകുന്ന അവകാശങ്ങളെ കുറിച്ചോ അറിയാത്തത് കൊണ്ടല്ല, മറിച്ച് തങ്ങളുടെ കുതന്ത്രങ്ങൾ പയറ്റാനുള്ള മണ്ണൊരുക്കുകയാണവർ. പക്ഷേ, ഇന്ത്യയുടെ പാരമ്പര്യത്തെയും ചരിത്രത്തെയും അറിയുന്ന ഏതൊരാൾക്കും ഇത്തരം ലക്ഷ്യങ്ങളെ സഹായിക്കുവാനോ പിന്തുണക്കുവാനോ സാധ്യമല്ല.**

ങ്ങളുടെ കുതന്ത്രങ്ങൾ പയറ്റാനുള്ള മണ്ണൊരുക്കുകയാണവർ. പക്ഷേ, ഇന്ത്യയുടെ പാരമ്പര്യത്തെയും ചരിത്രത്തെയും അറിയുന്ന ഏതൊരാൾക്കും ഇത്തരം ലക്ഷ്യങ്ങളെ സഹായിക്കുവാനോ പിന്തുണക്കുവാനോ സാധ്യമല്ല. മതവിശ്വാസം പിന്തിരിപ്പനാണെന്നും അത്കൊണ്ട് വിശ്വാസികൾ സാമൂഹിക പുരോഗതിക്ക് തടസ്സം നിൽക്കുന്നു എന്നുമൊക്കെ ഉണ്ടയില്ലാവെടികൾ ഉതിർത്തുകൊണ്ടിരിക്കുന്നവർ ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രം ഒരാവർത്തി വായിക്കാൻ തയ്യാറാവണം. രാജ്യത്തിന്റെ അസ്തിത്വത്തെ ചോദ്യം ചെയ്ത ബ്രിട്ടീഷ് ഭരണകൂടത്തിനെതിരെ മതവിശ്വാസം ജീവിതദർശനമായി സ്വീകരിച്ച മഹാത്മാ ഗാന്ധിയും മൗലാനാ അബുൽകലാം ആസാദും നാസ്തികനായ നെഹ്റുവും തോളോട് തോൾചേർന്ന് സ്വാതന്ത്ര്യ സമരത്തിലും അനന്തരം രാഷ്ട്ര പുനർനിർമാണ പ്രവർത്തനങ്ങളിലും നേതൃപരമായ പങ്കാളിത്തം വഹിച്ചു. ഇന്നും മുഴുവൻ മതവിശ്വാസികളും ആ ദൗത്യം ഭംഗിയായി നിർവഹിച്ചുവരുന്നു. അത്കൊണ്ട് ചരിത്രത്തെ വളച്ചൊടിക്കാനും അസത്യങ്ങൾ പ്രചരിപ്പിച്ച് തങ്ങളുടെ സ്വാർഥ ലക്ഷ്യങ്ങൾ നേടാനുമുള്ള ഗീബൽസിയൻ തന്ത്രങ്ങൾ ഭാരതമണ്ണിൽ വിലപ്പോവില്ലെന്ന് ഇനിയെങ്കിലും 'സ്വതന്ത്ര' ലോകത്തെ രാജാക്കന്മാരും പ്രജകളും മനസ്സിലാക്കണം.

'സ്വതന്ത്ര ചിന്തകൾ' ഇന്നും ഇന്നലെയും ഉണ്ടായതല്ല. നമ്മുടെ രാജ്യത്തിന്റെ പിറവിക്ക് മുമ്പ് തന്നെ ഇതൊക്കെയുണ്ട്. ഇപ്പോൾ അത് ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ അതിരുകൾ ഭേദിച്ച് രാജ്യത്തിന്റെ ചരിത്രത്തെയും പാരമ്പര്യത്തെയും ചോദ്യം ചെയ്യുന്നു എന്നത് സങ്കടകരമാണ്. 'സ്വതന്ത്ര' ലോകത്തെ രണ്ട് പരിപാടികൾ കഴിഞ്ഞ മാസങ്ങളിൽ നടന്നല്ലോ. അതിൽ ആദ്യത്തേതിൽ അവരുടെ തന്നെ പ്രമുഖ മാധ്യമ പ്രവർത്തക മതവിശ്വാസികളോടുള്ള വെറുപ്പും വിദ്വേഷവും അസഹിഷ്ണുതയും തീർത്തും ഒഴിവാക്കണമെന്നും അത് ഫാസിസ്റ്റ് ശൈലിയാണെന്നും തുറന്നടിച്ചു. ആശയ സംവാദങ്ങൾക്കാണ് നാം പ്രാധാന്യം നൽകേണ്ടത്, അസഹിഷ്ണുതയും വിദ്വേഷവും പുലർത്തുന്നവരുമായി നമുക്ക് സംവദിക്കാൻ സാധ്യമല്ല എന്നൊക്കെ ഉപദേശിക്കുന്നതും കേട്ടു. അതിന്റെ പേരിൽ അവർക്കെതിരെ നടന്ന ആക്ഷേപപ്പെരുമഴയുടെ വേദന അവർ തന്നെ മുഖപുസ്തകത്തിൽ പങ്ക് വെക്കുകയും ചെയ്തു. അതിനെ തുടർന്ന് മറ്റൊരു ഗ്രൂപ്പിന്റെ 'സ്വതന്ത്ര സെമിനാർ' രണ്ട് ദിവസമായി നടന്നതിൽ ഒരാൾ പോലും ഇന്ത്യയെ കാർന്ന് തിന്നുന്ന ഫാസിസത്തിനെതിരെ ഒരക്ഷരം ഉരിയാടിയില്ലെന്നതും അന്ധമായ മതവിദ്വേഷം മാത്രമാണ് അവിടെ വിഷയീഭവിച്ചതെന്നും അത് ആശങ്കാജനകമാണെന്നും അവർക്കിടയിൽ നിന്ന് തന്നെ ആക്ഷേപമുയരുകയും ചെയ്തു.

ദൈവനിഷേധത്തിന്റെ മഞ്ഞക്കണ്ണടകൾ അവരുടെ കാഴ്ചയെ മറച്ചിരിക്കുന്നു. മതവിശ്വാസികളെ പിന്തിരിപ്പന്മാരായി ചിത്രീകരിക്കുന്നവർ തന്നെ നാടിന്റെ യഥാർഥ പ്രശ്നങ്ങൾക്ക് മുന്നിൽ അന്ധരാവുകയും മതത്തെയും വിശ്വാസികളെയും കേട്ടാലറക്കുന്ന തെറിവിളിക്കാനും നിന്ദിക്കാനും ആക്ഷേപിക്കാനും ജീവിതം ഉഴിഞ്ഞുവെക്കുകയും ചെയ്യുന്നു. എന്തൊരു ദുരന്തം! 'സ്വതന്ത്ര ലോകം' രൂപപ്പെട്ടാലേ മനുഷ്യജീവിതം സാർഥകമാകൂ എന്ന് പറയുന്നവർ തന്നെ പച്ചയായ മനുഷ്യരുടെ പ്രയാസങ്ങളെ, അവർ നേരിടുന്ന പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാൻ ശ്രമിക്കുന്നുമില്ല. വൈരുധ്യങ്ങളുടെ ലോകമാണീ വൈരുധ്യാധിഷ്ഠിത ഭൗതികവാദവും അന്ധമായ മതവിരോധവും!

ഇവിടെ ആർക്കും ദൈവനിഷേധിയാവാനും മതത്തിന്റെ 'വേലിക്കെട്ടുകൾ' തകർത്തെറിഞ്ഞ് സ്വതന്ത്രരാവാനും അവകാശമുണ്ട്. എന്നാൽ അത് രാജ്യത്തിന്റെ ജനാധിപത്യ പ്രക്രിയയിൽ ക്രിയാത്മകമായ പങ്കുവഹിക്കേണ്ട രാഷ്ട്രീയ പാർട്ടികളുടെ പിന്നാമ്പുറത്ത് കൂടി ഒളിച്ചുകടത്തുന്നത് ഭീരുത്വമാണ്. അത്തരം ശ്രമങ്ങൾ ഉയർന്ന ജനാധിപത്യബോധം വെച്ചുപുലർത്തു



ന്ന മലയാളികൾ എന്നും തിരിച്ചറിയുകയും പ്രതിരോധിക്കുകയും ചെയ്തിട്ടുണ്ട്. വിപ്ലവ യൗവനങ്ങൾ തങ്ങളുടെ സങ്കുചിത ചിന്തയുടെ മൂശയിലിട്ട് രൂപപ്പെടുത്തുന്ന ഇത്തരം കുതന്ത്രങ്ങൾക്ക് വേദികളും ലേബലും വിട്ടുകൊടുക്കാതിരിക്കാനുള്ള ജാഗ്രത രാഷ്ട്രീയ പാർട്ടികളും അതിന്റെ പോഷക സംഘടനകളും പുലർത്തണം. ഇത്തരം ശ്രമങ്ങൾ ജനാധിപത്യ പ്രക്രിയയെ ദുർബലപ്പെടുത്തുകയും വർഗീയ ശക്തികൾക്ക് മണ്ണൊരുക്കാൻ കാരണമാവുകയുമാണ് ചെയ്യുക. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പലപ്പോഴുമുണ്ടായ വർഗീയ ധ്രുവീകരണത്തിന്റെ പശ്ചാത്തലം അന്വേഷിക്കുന്നവർക്ക് അത് മനസ്സിലാക്കാൻ സാധിക്കും. ഇന്നും അത്തരം ശ്രമങ്ങൾ നടന്ന് വരുന്നുണ്ട്. അത് കണ്ടില്ലെന്ന് നടിക്കാൻ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് സാധ്യമല്ല.

ഇന്ത്യയിലെ മുഴുവൻ രാഷ്ട്രീയ പാർട്ടികളിലും വിവിധ മതവിശ്വാസികളും അവിശ്വാസികളും ഉണ്ട്. അവരൊക്കെ തങ്ങൾക്ക് താൽപര്യമുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ അണിചേർന്നതും പ്രവർത്തിക്കുന്നതും രാജ്യത്തിന്റെ പുരോഗതിക്കും രാഷ്ട്ര പുനർനിർമാണ പ്രവർത്തനങ്ങളുടെ ഭാഗമാകാനുമാണ്. അവിടെ മതവിരുദ്ധ പ്രത്യയശാസ്ത്രം പ്രചരിപ്പിക്കാൻ ശ്രമം നടത്തുന്നത് സ്വയം നാശത്തിന്റെ കുഴി തോണ്ടലാണ്. ഈ തിരിച്ചറിവ് രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് ഇല്ലാതെ പോകരുത്. മതങ്ങളുടെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെട്ട് അവരെ തമ്മിലടിപ്പിക്കാനുള്ള ശ്രമവും അപകടകരം തന്നെ. മതവിഭാഗങ്ങൾക്കിടയിലുള്ള വിവിധ ആശയധാരകൾ തമ്മിലുള്ള സംവാദങ്ങളിൽ ഭാഗഭാക്കാവാൻ മതത്തിന് പുറത്തുള്ളവർ ശ്രമിക്കുന്നത് അനൗചിത്യമാണ്. പ്രഖ്യാപിത ലക്ഷ്യങ്ങളിൽ നിന്ന് തെന്നിമാറുന്ന ഇത്തരം പ്രവണതകളെ മുളയിലേ നുള്ളിയില്ലെങ്കിൽ അതിന് വലിയ വില നൽകേണ്ടി വരും. മുമ്പ് ഉണ്ടായ മുഴുവൻ മത വിരുദ്ധ നീക്കങ്ങൾക്കും ശക്തമായ എതിർപ്പുകൾ തങ്ങൾക്കിടയിൽ നിന്നുതന്നെ ഉണ്ടായത് രാഷ്ട്രീയ നേതൃത്വം മറക്കാൻ പാടില്ല. വിശ്വാസികളെ പ്രലോഭിപ്പിച്ചും പ്രകോപനങ്ങൾ സൃഷ്ടിച്ചും വർഗീയ വേർതിരിവും ഭിന്നതയും സൃഷ്ടിക്കാനല്ല രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ശ്രമിക്കേണ്ടത്. പലപ്പോഴും വിശ്വാസികൾക്കെതിരെ കിട്ടുന്ന കച്ചിത്തുരുമ്പുകൾ ഭരണഘടനയുടെയും സ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും പുകമറ സൃഷ്ടിച്ച് അവർക്കെതിരെ ആയുധമാക്കാൻ ചിലർ നടത്തുന്ന ശ്രമങ്ങൾക്കും നേതൃത്വം കുടപിടിക്കാറുണ്ട്. അതും അപകടകരം തന്നെ.

മതങ്ങൾ ഒരിക്കലും പ്രശ്നങ്ങൾക്ക് കാരണമായിട്ടില്ല; മതത്തെ രാഷ്ട്രീയ ലക്ഷ്യങ്ങൾക്ക് ഉപയോഗിക്കുമ്പോഴാണ് അത് സാമൂഹിക പ്രത്യാഘാതങ്ങൾക്ക് കാരണമാകുന്നത്. ശബരിമല വിധിയെ സുവർണാവസരമായി കണ്ടവരും അതിനെ ഭരണഘടനാ സംരക്ഷണവും സമത്വവാദവുമായി വ്യാഖ്യാനിച്ചവരും ചെയ്തത് ഈ പാതകമാണ്. അത് തിരിച്ചറിയാൻ നമുക്ക് സാധിക്കണം. സ്വതന്ത്ര ഇന്ത്യയിൽ ഇത്തരം രാഷ്ട്രീയ മുതലെടുപ്പുകൾക്ക് വിശ്വാസി സമൂഹവും മതങ്ങളും വിധേയമായിട്ടുണ്ട്. അത് തിരിച്ചറിയാനും അത്തരം പ്രകോപനങ്ങളിലും കുതന്ത്രങ്ങളിലും വീഴാതിരിക്കാനും വിശ്വാസി സമൂഹം നിതാന്ത ജാഗ്രത പുലർത്തണം.

'മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ്' എന്ന വാക്യം ഏറെ ദുരുപയോഗം ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാലിന്ന് 'മതനിരാസം മനസ്സിനെ മയക്കുന്ന കറുപ്പാണ്' എന്ന് നമ്മുടെ നാട് വിളിച്ചുപറയുന്നു. മതനിരാസ ലഹരിയിൽ മാനുഷിക ബന്ധങ്ങളെയും സഭ്യതയെയും ചവിട്ടിമെതിച്ച് ചിലർ ആനന്ദിക്കുന്നു. പരിസരബോധമില്ലാതെ അവർ പലതും പുലമ്പിക്കൊണ്ടിരിക്കുന്നു. ലക്ഷ്യം മറന്ന് അവർ സഞ്ചരിച്ചു കൊണ്ടിരിക്കുന്നു. ആ ലഹരി തീർത്ത മായാലോകത്ത് മാനം നഷ്ടപ്പെട്ട് ജീവിതം തന്നെ അവസാനിപ്പിക്കുന്നവരുണ്ട്. കുടുംബവും സമൂഹവും അവരെ ഒറ്റപ്പെടുത്തുമ്പോൾ സാമൂഹ്യ വിരുദ്ധതയുടെ ചേരിയിലേക്ക് അവർ ചേക്കേറുന്നു. 'മതം ഉപേക്ഷിച്ച് മനുഷ്യരാകൂ' എന്ന് പാടി നടന്നവർ ആ ലഹരിയുടെ ഉന്മാദത്തിൽ മതം ഉപേക്ഷിച്ച് മൃഗങ്ങളാകൂ എന്ന് പറയുന്ന മാനസികാവസ്ഥയിലേക്ക് മാറിക്കൊണ്ടിരിക്കുന്നു. ഉടുക്കാതിരിക്കാനുള്ള സ്വാതന്ത്ര്യം പോലെ ഉടുക്കാനും സ്വാതന്ത്ര്യമുണ്ടെന്ന് അവർ മറക്കുന്നു. സമൂഹത്തിന്റെ യഥാർഥ പ്രശ്നങ്ങൾക്ക് മുന്നിൽ പകച്ചു നിൽക്കാൻ മാത്രം വിധിക്കപ്പെട്ടവർ ആ മായാലോകത്ത് നിന്ന് തിരിച്ചുവരും എന്ന് നമുക്ക് പ്രതീക്ഷിക്കാം. ●

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

കവിത



# നരച്ച മുടി വിളിച്ചുപറയുന്നത്

**ശി**രസ്സിൽ വെളുത്തനൂലിഴകൾ പരക്കുന്നു
പരുക്കൻ യാഥാർഥ്യമെന്നുറക്കം കെടുത്തുന്നു
കാലത്തിൻ കറക്കത്തിൽ പൊലിഞ്ഞതെത്ര വർഷം
കോലത്തിൽ വന്ന മാറ്റം കാലക്കേടല്ല, സത്യം!

ഇന്നലെ കുഞ്ഞിക്കാലാൽ പള്ളിക്കൂടത്തിൽ പോയ-
തിന്നുമെൻ മനസ്സിലെ നനവുള്ളയോർമകൾ
മാമ്പഴം പെറുക്കുവാൻ മത്സരിച്ചോടിയതും
തടഞ്ഞു വീണു മുട്ടിൽ നിന്ന് ചോരവന്നതും

ഓർക്കുമ്പോൾ ഇന്നും നീറ്റൽ പടർന്നു കയറുന്നു
ഓർമയായ് മുറിപ്പാട് മായാതെ കിടക്കുന്നു.
എത്രവേഗത്തിൽ കാലം കടന്നുപോയി, കൂടെ
മേനിയിൽ വിദഗ്ധമായ് എത്ര മാറ്റമുണ്ടാക്കി!

നരച്ച മുടിയൊന്ന് തെറിച്ചു നിന്നീടുന്നു
മുന്നറിയിപ്പ് നൽകും സേനാധിപതി പോലെ!
അറിയിപ്പെന്താണെന്നോ, അവസാനിക്കാറായി
അവനി തന്നിൽ നിന്റെ വാസത്തിൻ കാലമെന്ന്!

മൃത്യുവേ നിന്നെ പുൽകാൻ എനിക്കു സമ്മതമെ-
ന്നുറക്കെ പറയുന്നോരാരുണ്ടീയുലകത്തിൽ?
നമ്മുടെ സമ്മതത്താലല്ലനാം വന്നതെങ്കിൽ
സമ്മതമില്ലാതെ താൻ യാത്രയായീടും നമ്മൾ!

അബൂതൻവീൽ
mail@nerpatham.com




# ഈ ഗുണം നമ്മിലുണ്ടോ?

**നവാസ്ബ്നു സംആനി(റ)ൽ നിന്ന് നിവേദനം: ഒരിക്കൽ നബി(ﷺ)യോട് ചോദിക്കപ്പെട്ടു: "നന്മയും തിന്മയും എന്നാൽ എന്താണ് പ്രവാചകരേ?" നബി(ﷺ) മറുപടി പറഞ്ഞു: "നന്മയെന്നാൽ സ്വൽസ്വഭാവമാകുന്നു. തിന്മയെന്നാൽ, നിന്റെ മനസ്സിൽ ചൊറിച്ചിലുണ്ടാക്കുന്നതും ജനങ്ങൾ അറിയുന്നതിനെ നീ വെറുക്കുകയും ചെയ്യുന്ന കാര്യമെന്താണോ അതത്രെ" (മുസ്‌ലിം 2553).**

പകയും വിദ്വേഷവും നിറഞ്ഞൊഴുകുന്ന മനസ്സുകളാണ് നമുക്കു ചുറ്റുമിന്ന് അധികമുള്ളത്. മതത്തിന്റെയും ദേശത്തിന്റെയും ഭാഷയുടെയും സംഘടനയുടെയും പാർട്ടിയുടെയും തുടങ്ങി പലതിന്റെ പേരിലും -എത്ര ഇഴുകിച്ചേർന്ന് ജീവിക്കുന്നതിനിടയിലും- മാനസികമായ ഒരു അകൽച്ച കാണിക്കുന്നത് നമുക്ക് കാണാൻ സാധിക്കും.

മനുഷ്യർക്കിടയിൽ പരസ്പര സ്നേഹവും ഐക്യവുമുണ്ടാക്കുന്നതിൽ സൽസ്വഭാവത്തിന് മുഖ്യമായ പങ്കുണ്ട്. പ്രവാചകൻ(ﷺ) പറഞ്ഞു:

"എവിടെയായിരുന്നാലും നീ അല്ലാഹുവിനെ സൂക്ഷിക്കുക. തിന്മചെയ്തുവെങ്കിൽ അതിനെ മായ്ച്ചു കളയുന്ന നന്മകൾ തുടർന്നു പ്രവർത്തിക്കുക. ജനങ്ങളുമായി സൽസ്വഭാവത്തിൽ വർത്തിക്കുക" (തുർമുദി).

"നിശ്ചയം അന്ത്യനാളിൽ ഞാനുമായി അടുത്ത് ഇരിപ്പിടം ലഭിക്കുന്നവർ നിങ്ങളിലെ സൽസ്വഭാവക്കാരാണ്" (അഹ്മദ്, തുർമുദി, ഇബ്നു ഹിബ്ബാൻ).

അസംതൃപ്തിയും മുറുമുറുപ്പുകളുമാണിന്ന് എവിടെയും. തൊഴിൽ മേഖലകളിൽ മേലുദ്യോഗസ്ഥരുടെയോ മുതലാളിമാരുടെയോ സ്വഭാവ ദൂഷ്യത്തിന്റെ ഭവിഷ്യത്ത് അനുഭവിക്കുന്നവരേറെയുണ്ട്. സമൂഹത്തിൽ ഉയർന്നവരെന്നും താഴ്ന്നവരെന്നും ഉള്ളവനെന്നും ഇല്ലാത്തവനെന്നുമൊക്കെയുള്ള വേർതിരുവുകൾ കാരണം പ്രയാസമനുഭവിക്കുന്നവരും കുറവല്ല.

തന്റെ സ്വഭാവത്തിലെ വീഴ്ചകൾ ഉണർത്തുന്നത് പോലും പലർക്കും ഉൾക്കൊള്ളാനാവുന്നില്ല. കാലങ്ങളായി കാത്തുസൂക്ഷിക്കുന്ന സൗഹൃദങ്ങൾ മാത്രമല്ല കുടുംബ ബന്ധങ്ങൾ പോലും തകരാൻ ഒരു നിമിഷത്തെ പെരുമാറ്റ ദൂഷ്യം മതിയാകും.

സത്യവിശ്വാസികളുടെ ഗുണഗണങ്ങൾ പറഞ്ഞേടത്ത് അല്ലാഹു വിശേഷിപ്പിക്കുന്ന ഒരു ഗുണം 'അവർ ദേഷ്യത്തെ അടക്കി നിർത്തുന്നവരും ജനങ്ങൾക്ക് വിടുതി നൽകുന്നവരുമാകുന്നു' (ആലുഇംറാൻ 134) എന്നാണ്.

'അന്ത്യനാളിൽ സത്യവിശ്വാസിയുടെ തുലാസിൽ ഏറ്റവും കനം തൂങ്ങുന്നത് സൽസ്വഭാവമാണ്' എന്ന പ്രവാചക വചനം നാം ഇവിടെ ചേർത്തു വായിക്കണം.

മനുഷ്യന്റെ അടിസ്ഥാന വളർച്ചയിൽ കൂടെ പരിപാലിച്ചു പോരേണ്ട സന്മാർഗനിഷ്ഠയും ധാർമിക ബോധവും സത്യസന്ധതയും പരസ്പര ബഹുമാനവും സാഹോദര്യവുമൊക്കെ ഭൗതികതയുടെ 'ആർത്തിയിൽ' അലിഞ്ഞില്ലാതെയായിരിക്കുന്നു ഇന്ന്.

ഒരിക്കൽ പ്രവാചകൻﷺ അബൂഹുറയ്റ﵁യോട് പറഞ്ഞു: "ഹേ, അബൂഹുറയ്റാ! നീ സൽസ്വഭാവം കാത്തുസൂക്ഷിക്കുക." അദ്ദേഹം ചോദിച്ചു: "സൽസ്വഭാവമെന്നാൽ എന്താണ്?" പ്രവാചകൻﷺ പ്രതിവചിച്ചു: "ബന്ധവിഛേദനം നടത്തിയവനുമായി നീ ബന്ധം സ്ഥാപിക്കുക, നിന്നെ ദ്രോഹിച്ചവനോട് വിട്ടുവീഴ്ച ചെയ്യുക, നിനക്ക് ഉപകാരം നൽകാത്തവനും നീ നൽകിക്കൊണ്ടിരിക്കുക."

ഇതര നാടുകളിലെ ഭരണാധികാരികളെ സത്യമാർഗത്തിലേക്ക് ക്ഷണിച്ചുകൊണ്ട് പ്രവാചകൻﷺ സന്ദേശം അയച്ച കൂട്ടത്തിൽ യമാമയിലെ ഭരണാധികാരിയായ സുമാമത് ഇബ്നു ഉസാലിനും സന്ദേശം അയച്ചു. അദ്ദേഹം അത് കീറിക്കളയുകയാണുണ്ടായത്. ആ സുമാമ ഒരിക്കൽ പിടിക്കപ്പെടുകയും മദീനയിലെ പള്ളിയുടെ ഒരു തൂണിൽ ബന്ധനസ്ഥനാക്കപ്പെടുകയും ചെയ്തു. പ്രവാചകൻﷺ സുമാമയോട് ഇസ്‌ലാം സ്വീകരിക്കുന്നതിനെ സംബന്ധിച്ച് ചോദിച്ചു. 'മുഹമ്മദ്! പ്രതികാരത്തിനു സാധിക്കുന്ന എന്നെ താങ്കൾക്കു വേണമെങ്കിൽ വധിക്കാം, അതല്ല എന്നെ വെറുതെവിടുകയാണെങ്കിൽ താങ്കൾക്കെന്നെ നന്ദിയുള്ളവനായി കാണാം' എന്നായിരുന്നു സുമാമയുടെ മറുപടി. രണ്ടുദിവസം ഈ ചോദ്യവും ഉത്തരവും ആവർത്തിച്ചു. മൂന്നാം ദിവസവും സുമാമ ഈ മറുപടി ആവർത്തിച്ചപ്പോൾ അദ്ദേഹത്തെ വെറുതെ വിടാൻ നബിﷺ കൽപിച്ചു. വിട്ടയച്ച ഉടൻ സുമാമ കുളിച്ചു ശുദ്ധിവരുത്തി പ്രവാചക സന്നിധയിലെത്തി ഇസ്‌ലാം സ്വീകരിച്ചു കൊണ്ട് പറഞ്ഞു: 'മുഹമ്മദേ; ഇതുവരെ എനിക്ക് ഏറ്റവും കോപമുളവാക്കുന്ന മുഖം താങ്കളുടെ മുഖമായിരുന്നു. എന്നാൽ ഇന്നെനിക്ക് താങ്കളുടെ മുഖം ഏറെ പ്രിയപ്പെട്ടതായി മാറിയിരിക്കുന്നു. ഇതുവരെ എനിക്കേറ്റവും വെറുപ്പുള്ള മതം താങ്കളുടെ മതമായിരുന്നു. എന്നാലിന്ന് ഞാനേറെ ഇഷ്ടപ്പെടുന്ന മതം താങ്കളുടെ മതമായി മാറിയിരിക്കുന്നു. ഇന്നുവരെ ഞാനേറ്റവും വെറുക്കുന്ന നാട് താങ്കളുടെ നാടായിരുന്നു. എന്നാൽ ഇന്ന് ഞാനേറെ സ്നേഹിക്കുന്ന നാട് താങ്കളുടെ നാടായി മാറിയിരിക്കുന്നു.'

ഇസ്‌ലാമിനോടും പ്രവാചകനോടും വെറുപ്പും വിദ്വേഷവും വെച്ചുപുലർത്തിയിരുന്ന സുമാമയോടുള്ള പ്രവാചകൻﷺയുടെ സൗമ്യമായ പെരുമാറ്റമാണ് അദ്ദേഹത്തെ ഇസ്‌ലാമിലേക്കാകർഷിച്ചതെന്ന് ഈ സംഭവം വ്യക്തമാക്കുന്നു. ഈ സംഭവം പ്രബോധന പ്രവർത്തനങ്ങളിലേർപ്പെടുന്നവർക്ക് വലിയ ഗുണപാഠമാണ് നൽകുന്നത്. നല്ല പെരുമാറ്റത്തിലൂടെയും ഗുണകാംക്ഷാനിർഭരമായ സമീപനത്തിലൂടെയും ശത്രുക്കളെ മിത്രങ്ങളാക്കാൻ കഴിയുമെന്നതിന് ചരിത്രത്തിൽ നിന്നും ഏറെ സംഭവങ്ങൾ ഉദ്ധരിക്കാൻ കഴിയും.

തിന്മ എന്നാൽ എന്താണ് എന്നതിന്റെ കൃത്യമായ നിർവചനം നബിﷺ നൽകിയത് ശ്രദ്ധിക്കുക. അത് ചെയ്തു കഴിഞ്ഞാൽ മനസ്സ് അസ്വസ്ഥമാകും. മനസ്സിൽ അത് ചൊറിച്ചിലുണ്ടാക്കും. ചെയ്യുമ്പോൾ ആരും അറിയരുതേ എന്ന് ആഗ്രഹിക്കും. ആളുകൾ അറിയുന്നത് തന്റെ അഭിമാനത്തെ ബാധിക്കുമെന്ന് തിന്മ ചെയ്യുന്നവൻ ഭയക്കും. അങ്ങനെയുള്ള തിന്മകൾ; അത് ചെറുതോ വലുതോ ആകട്ടെ പാടെ വർജിക്കുവാൻ സത്യവിശ്വാസിക്ക് സാധിക്കണം. ●

ഡോ. ജസീം അലി
manujalbi@gmail.com




# വിഷാദരോഗികളെ തിരിച്ചറിയുക

"ഓന് (അല്ലെങ്കിൽ ഓൾക്ക്) പ്പൊ എന്തിന്റെ കൊറവ്ണ്ടായിട്ടാണ്? ചോയിച്ചതെല്ലാം തന്തേം തള്ളേം വാങ്ങി കൊടുക്ക്ണില്ലേ? കുടീല് പട്ടിണി ഒന്നും ഇല്ലല്ലോ. ഉടുക്കാൻ ഇല്ലാഞ്ഞിട്ടും അല്ല. പിന്നെ എന്തിനാണ് ഈ ആച്ചിര്യം? തിന്ന് എല്ലിന്റെ എടേല് കുത്തീറ്റന്നെ; അല്ലാതെന്താ! തിന്നാനും കുടിച്ചാനും പോലും ഇല്ലാത്ത എത്തര ആൾക്കാര് ഇവടെ ജീവിക്ക്ണു. ഓൽക്കൊന്നും ഇല്ലാത്ത എന്ത് എടങ്ങേറാണ് ഓൾക്ക് (ഓന്). ആരോടും മുണ്ടാട്ടല്ല. എല്ലാരോടും ദേഷ്യം. എപ്പളും ഓരോരോ ദീനം. പരിശോദിച്ചാല് ഒന്നും കാണൂല. ഇതെന്ത് ഹലാക്കാണ്. ആയ കാലത്ത് നല്ല പെട കൊടുത്ത് വളത്താത്തീന്റെ കേടാണ്."

നാട്ടിൻ പുറങ്ങളിലെ ചില വീടുകളിൽനിന്ന് പലപ്പോഴും ഉയർന്നുകേൾക്കുന്ന ശകാരവാക്കുകളാണിത്. വിഷാദരോഗം അഥവാ ഡിപ്രഷൻ ഉള്ളവരാണ് പലപ്പോഴും ഈ പഴി കേൾക്കേണ്ടിവരുന്നത്. നാം അനുഭവിക്കാത്ത ജീവിതാനുഭവങ്ങളെല്ലാം നമുക്ക് കെട്ടുകഥകളാണല്ലോ! നമുക്ക് പ്രത്യക്ഷത്തിൽ കുഴപ്പമൊന്നും തോന്നാത്തത് കൊണ്ട് നാം തീരുമാനിക്കുന്നു; ഇതൊക്കെ വെറും കാട്ടിക്കൂട്ടലാണെന്ന്.

**വിഷാദരോഗമുള്ളവരിൽ ആത്മഹത്യാ പ്രവണത, ശരീരക്ഷീണം, വിശപ്പില്ലായ്മ, ഉറക്കക്കുറവ് എന്നീ മാനസിക ലക്ഷണങ്ങളോടൊപ്പം പലതരത്തിലുള്ള ശാരീരികലക്ഷണങ്ങളും കാണാം. ശരീരത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള വേദന, കഴപ്പ്, വയറെരിച്ചിൽ, തലവേദന, തലകറക്കം, സന്ധിവേദന, നീർക്കെട്ട് തുടങ്ങി പലതും ഇതിലുൾപ്പെടുന്നു. ഒന്നിലും താൽപര്യമില്ലായ്മ, ഏകാന്തതയെ ഇഷ്ടപ്പെടുക, അകാരണമായ ദുഃഖം, ഉത്സാഹമില്ലായ്മ, വെറുപ്പ്, പെട്ടെന്നുള്ള ദേഷ്യം, അകാരണമായ ഉത്കണ്ഠ, ക്ഷീണം, ഭയം, ചിലപ്പോൾ വിശപ്പ് കൂടുതൽ, ഭക്ഷണം കൂടുതലോ കുറച്ചോ കഴിക്കുക തുടങ്ങിയവയും വിഷാദ രോഗികളിൽ കാണാവുന്നതാണ്.**



വിഷാദരോഗമുള്ളവരിൽ ആത്മഹത്യാ പ്രവണത, ശരീരക്ഷീണം, വിശപ്പില്ലായ്മ, ഉറക്കക്കുറവ് എന്നീ മാനസിക ലക്ഷണങ്ങളോടൊപ്പം പലതരത്തിലുള്ള ശാരീരികലക്ഷണങ്ങളും കാണാം. ശരീരത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള വേദന, കഴപ്പ്, വയറെരിച്ചിൽ, തലവേദന, തലകറക്കം, സന്ധിവേദന, നീർക്കെട്ട് തുടങ്ങി പലതും ഇതിലുൾപ്പെടുന്നു.

ഒന്നിലും താൽപര്യമില്ലായ്മ, ഏകാന്തതയെ ഇഷ്ടപ്പെടുക, അകാരണമായ ദുഃഖം, ഉത്സാഹമില്ലായ്മ, വെറുപ്പ്, പെട്ടെന്നുള്ള ദേഷ്യം, അകാരണമായ ഉത്കണ്ഠ, ക്ഷീണം, ഭയം, ചിലപ്പോൾ വിശപ്പ് കൂടുതൽ, ഭക്ഷണം കൂടുതലോ കുറച്ചോ കഴിക്കുക തുടങ്ങിയവയും വിഷാദ രോഗികളിൽ കാണാവുന്നതാണ്.

ലബോറട്ടറി പരിശോധനയിലും ശാരീരിക പരിശോധനയിലും ശരീരത്തിന്റേതായ രോഗങ്ങൾ ഒന്നും കാണാതിരിക്കുന്നതിനാലാണ് ചില രക്ഷിതാക്കൾ രോഗികളെ കുറ്റപ്പെടുത്താറുള്ളത്. എന്നാൽ രോഗികളാകട്ടെ ഇതെല്ലാം നന്നായി അനുഭവിക്കുന്നുമുണ്ടാകും.

ഒരാൾ പോലും തന്റെ രോഗം മനസ്സിലാക്കാത്തത്, വളരെ അടുത്തവരെ പോലും ഞാനൊരു രോഗിയാണ് എന്ന് ബോധ്യപ്പെടുത്താൻ കഴിയാത്തത് എത്ര ഭീകരമായ അവസ്ഥയാണെന്ന് ചിന്തിച്ചു നോക്കുക. സകല പ്രതീക്ഷകളും ആശകളും നഷ്ടപ്പെട്ട് നിരർഥകമായ ഈ ജീവിതം അവസാനിപ്പിക്കാം എന്ന് ചിന്തിച്ചു തുടങ്ങുന്നവരുടെ അടുത്തേക്കാണ് നാം ഉപദേശങ്ങളുമായി ചെല്ലാറുള്ളത്.

'പുറത്തിറങ്ങി ശുദ്ധവായു കൊണ്ടാൽ മതി. കുറച്ചു നേരം പാട്ടു കേട്ടാൽ മതി. കൂട്ടുകാരുടെ അടുത്തൊക്കെ ഒന്ന് പോകണം. നീ ഒന്ന് സ്ട്രോങ് ആവണം. ഇതിനെക്കാൾ വലിയ എന്തൊക്കെ ബുദ്ധിമുട്ടുകൾ സഹിക്കുന്ന ആളുകളുണ്ട്...' ഇങ്ങനെ പോകുന്നു ഉപദേശങ്ങൾ.

ആഹാ! എന്ത് മനോഹരമായ ലോജിക്ക്! കാലൊടിഞ്ഞ് പ്ലാസ്റ്ററിട്ട് കിടക്കുന്ന ഒരാളോട് കാലിലെ വേദന മാറാൻ ദിവസവും രണ്ട് റൗണ്ട് ഓടിയാൽ മതിയെന്ന് പറയുന്ന പോലാണിത്. ഒരുപക്ഷേ, അതിലും ക്രൂരമാണിത്. ഹൃദയത്തിനും കരളിനും വൃക്കയ്ക്കുമൊക്കെയെന്ന പോലെ തലച്ചോറിനും അസുഖം ബാധിക്കുമെന്നും, അങ്ങനെയാണ് വിഷാദരോഗമുണ്ടാകുന്നതെന്നും, അത് വൈദ്യസഹായം തേടേണ്ടതും ആവശ്യമെങ്കിൽ മരുന്നു കഴിക്കേണ്ടതുമായ ഒരവസ്ഥയാണെന്നുമൊക്കെ നാം അംഗീകരിക്കാൻ തയ്യാറാകാത്തിടത്തോളം കാലം ഇത് തുടരും. ആഴ്ചകളോളം, മാസങ്ങളോളം ആരോടും മിണ്ടാൻ കൂട്ടാക്കാത്ത, റൂമിൽ നിന്ന് പുറത്തു വരാൻ താൽപര്യമില്ലാത്ത, ജീവൻ നിലനിർത്താനെങ്കിലും ഭക്ഷണം കഴിക്കണമെന്ന ബോധമില്ലാത്ത, ഇടയ്ക്കിടെ 'ഞാൻ ജീവിതം അവസാനിപ്പിക്കു'മെന്ന് കളിയായും കാര്യമായും സൂചിപ്പിക്കാറുള്ളവരുടെ അവസ്ഥകൾ നാം തിരിച്ചറിയണം.

ഇനിയും അവരെ പുച്ഛിക്കരുത്. ഇരുണ്ട മൂലകളിലേക്ക് അവരെ തള്ളിവിടരുത്. അവരെ നെഞ്ചോട് ചേർത്തു പിടിക്കണം. അവർക്ക് പറയാനുള്ളതിനെല്ലാം കാത് കൊടുക്കാനുള്ള ക്ഷമ നാം കാണിക്കണം. കൂടെയുണ്ടെന്ന് ആവർത്തിച്ച് ഓർമിപ്പിക്കണം. ഒരിക്കലും ഒറ്റയ്ക്കല്ലെന്ന് ഓതിയോതി ഉറപ്പിക്കണം. നമ്മുടെ കൈയിൽ നിൽക്കില്ലെന്ന് തോന്നിയാലുടനെ കൃത്യമായ വൈദ്യസഹായം നൽകണം. ചികിത്സയിൽ കൂടെ നിൽക്കണം. ആശയറ്റ് വ്യാജന്മാർക്കും കപടന്മാർക്കും അവരെ വിട്ടുകൊടുക്കരുത്. ചികിൽസിച്ചാൽ നിയന്ത്രിച്ചു നിർത്താവുന്ന അസുഖം തന്നെയാണത്.

ശരീഫ് കളത്തിൽ
mail@nerpatham.com





# പ്രതിരോധം തന്നെ പരിഹാരം

**അ**വൾക്ക് 19 വയസ്സായിരുന്നു. കോളേജിൽ സജീവമായിരുന്നു. യൂണിയൻ മെമ്പർ കൂടിയായിരുന്ന അവൾ അത് ചെയ്യുമെന്ന് ഒരിക്കൽ പോലും ആരും നിനച്ചിരുന്നില്ല. ഒരു ദിവസം രാവിലെ 11 മണിക്ക് പ്രിൻസിപ്പാൾ വന്ന് അവൾ കടുംകൈ ചെയ്തു എന്ന് പറഞ്ഞപ്പോൾ ഞെട്ടാത്തവരായി ആരുമുണ്ടായില്ല..

എല്ലാ വർഷവും ഒക്ടോബർ 10 ലോകാരോഗ്യ സംഘടനയുടെ ആഭിമുഖ്യത്തിൽ ലോക മാനസിക ആരോഗ്യദിനമായി ആചരിക്കപ്പെട്ടുവരികയാണ്. ഈ വർഷം 'ആത്മഹത്യയെ പ്രതിരോധിക്കുക' എന്ന പേരിലാണ് മാനസിക ആരോഗ്യദിനം ആചരിക്കപ്പെട്ടത്.

ലോകത്ത് മരണ കാരണങ്ങൾ പരിശോധിക്കുമ്പോൾ പത്താം സ്ഥാനത്ത് കടന്നുവരുന്നത് ആത്മഹത്യയാണെന്നു കാണാം. കാലം പുരോഗമിക്കും തോറും ആത്മഹത്യാ നിരക്ക് വർധിക്കുന്നതായാണ് കാണപ്പെടുന്നത്.

ഒരു മനുഷ്യൻ സ്വന്തം നിലയ്ക്ക് തന്റെ ജീവിതം അവസാനിപ്പിക്കുക എന്നതാണ് ആത്മഹത്യ. പല രാജ്യങ്ങളിലും ആത്മഹത്യയെയും ആത്മഹത്യാ ശ്രമങ്ങളെയും ക്രിമിനൽ കുറ്റമായിട്ടാണു കണക്കാക്കുന്നത്. പല മതങ്ങളും അതിനെ നിഷിദ്ധമാക്കുകയും ചെയ്തിട്ടുണ്ട്. ആത്മഹത്യ ചെയ്യുന്നവർക്ക് മരണാന

**മാനസിക സംഘർഷങ്ങളിൽ നിന്നും കുടുംബ പ്രശ്നങ്ങളിൽ നിന്നും വൈകാരിക അസ്വസ്ഥതകളിൽ നിന്നും രക്ഷനേടാൻ ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണമാണ് കൂടുതൽ എന്നത് വർത്തമാനകാല യാഥാർഥ്യമാണ്. സോഷ്യൽ മീഡിയകൾ വളരെ വലിയ സ്വാധീനം ചെലുത്തുന്ന ഇക്കാലത്ത് നേരിട്ടുള്ള സാമൂഹിക ബന്ധങ്ങളിൽ ഇടിവ് സംഭവിക്കുന്നിടത്ത് കാരണം ആരംഭിക്കുന്നു. എവിടെയും കൂടിയിരിക്കലുകൾ ഇല്ലാതാകുന്നു. മുഖത്ത് നോക്കി സംസാരിക്കുന്ന സാഹചര്യങ്ങൾ വിരളമാകുന്നു.**

ന്തര ജീവിതത്തിൽ സ്വർഗം നിഷിദ്ധമാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു.

ആത്മഹത്യാ കണക്കുകൾ ഓരോ വർഷം കൂടുംതോറും പേടിപ്പെടുത്തുന്ന നിരക്കിലാണ് വർധിച്ചുകൊണ്ടിരിക്കുന്നത്. പുരുഷന്മാരിൽ സ്ത്രീകളെക്കാൾ 4 മടങ്ങ് ആത്മഹത്യാനിരക്ക് കൂടുതലാണെന്ന് കണക്കുകൾ പറയുന്നു. 2017ലെ കണക്കുകൾ പരിശോധിക്കുമ്പോൾ 15 വയസ്സ് മുതൽ 34 വയസ്സ് വരെ പ്രായമുള്ള കൗമാരവും യുവത്വവും ഉൾക്കൊള്ളുന്ന വിഭാഗത്തിൽ മരണ കാരണങ്ങളിൽ രണ്ടാമത് വരുന്നത് ആത്മഹത്യയാണെന്ന് കണക്കുകൾ പറയുന്നു. ലോകത്ത് ഓരോ 11 മിനുട്ടിലും ഒരാൾ വീതം ആത്മഹത്യയിലൂടെ മരണത്തിന് കീഴടങ്ങുന്നു. മതവിശ്വാസികളിൽ നിരീശ്വര വാദികളെക്കാൾ ആത്മഹത്യാപ്രവണത കുറവാണെന്ന് കണക്കുകൾ പറയുന്നു (ഡെർവ്വിക് 2011). ഏറ്റവും കുറഞ്ഞ ആത്മഹത്യാനിരക്ക് പ്രകടമാകുന്നത് മുസ്‌ലിംകളിലാണ് (0.1 ശതമാനം). തൊട്ടു പിന്നിൽ ഹിന്ദുമത വിശ്വാസികളാണ്. ക്രൈസ്തവർ, ബൗദ്ധർ എന്നിവരിൽ നിരീശ്വരവാദികളുടെ അത്ര വരുന്നില്ലെങ്കിലും ആത്മഹത്യാപ്രവണത കൂടുതലായി കാണപ്പെടുന്നുണ്ട്.

കാരണങ്ങൾ കണ്ടെത്തുക എന്നതാണ് ആത്മഹത്യ കുറക്കാൻ എളുപ്പമുള്ള വഴി. ഒരു മനുഷ്യനും സന്തോഷം വരുമ്പോൾ ആത്മഹത്യ ചെയ്യില്ല. പ്രയാസം കടന്ന് വരുമ്പോഴാണ് ആത്മഹത്യ ഉണ്ടാകുന്നത്. സാമ്പത്തികവും മാനസികവും വൈകാരികവും ശാരീരികവുമായ പ്രയാസങ്ങൾ ഉണ്ടാകുമ്പോൾ അതിനെ നേരിടാനുള്ള ആർജവം വ്യക്തിയിൽ ഇല്ലാതാവുകയും പ്രതിവിധിയായി സ്വയം ജീവിതം അവസാനിപ്പിക്കുക എന്ന പരിഹാരം തിരഞ്ഞെടുക്കുകയും ചെയ്യുന്നു. വ്യക്തിപരമായ എല്ലാ പ്രശ്നങ്ങളും ആത്മഹത്യയോടെ അവസാനിക്കും എന്ന തോന്നലിൽ നിന്നാണ് ഇത്തരമൊരു വഴി തിരഞ്ഞെടുക്കുന്നത്. എന്നാൽ കുടുംബത്തിന് അത് ഉണ്ടാക്കുന്ന മാനഹാനിയും പ്രതിസന്ധിയും ഇവർക്ക് കാണാൻ കഴിയുന്നില്ല.

സാമ്പത്തിക രംഗത്തെ തകർച്ച ആത്മഹത്യയുടെ പ്രധാന കാരണമായി കടന്ന് വരുന്നു. ഏതാണ്ട് ആയിരത്തോളം ആളുകൾ കേരളത്തിൽ കഴിഞ്ഞ വർഷം ഇക്കാരണത്താൽ ആത്മഹത്യ ചെയ്തിട്ടുണ്ട് എന്നത് ഏറെ ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണ്. അനാവശ്യമായി കടംവാങ്ങി തിരിച്ചുകൊടുക്കാനാവാതെ കുടുങ്ങുന്നവരും കൃഷി, കച്ചവടം പോലുള്ള ജീവിതമാർഗത്തിനായി കടം വാങ്ങി തകരുന്നവരും നിരവധിയാണ്. ലക്ഷങ്ങൾ കടമെടുത്ത് മക്കളുടെ വിവാഹം ആർഭാടമായി നടത്തുന്നവരുണ്ട്. വീട് മോടിപിടിപ്പിക്കുവാനോ പുതിയ കൊട്ടാര സമാനമായ വീട് നിർമിക്കുവാനോ ഒക്കെ ദശലക്ഷങ്ങളുടെ കടക്കാരാകുന്നവർ വേറെ. ഇവരിൽ പലരും ഗത്യന്തരമില്ലാതെ ആത്മഹത്യയിൽ അഭയംപ്രാപിക്കുന്നു. അപകടങ്ങളിൽ ശാരീരിക വൈകല്യങ്ങൾ സംഭവിക്കുന്നവരിലും മാരകമായ അസുഖങ്ങൾ കൊണ്ട് പ്രയാസം അനുഭവിക്കുന്നവരിലും ആത്മഹത്യാപ്രവണത കണ്ടുവരുന്നു.

മാനസിക സംഘർഷങ്ങളിൽ നിന്നും കുടുംബ പ്രശ്നങ്ങളിൽ നിന്നും വൈകാരിക അസ്വസ്ഥതകളിൽ നിന്നും രക്ഷനേടാൻ ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണമാണ് കൂടുതൽ എന്നത് വർത്തമാനകാല യാഥാർഥ്യമാണ്. സോഷ്യൽ മീഡിയകൾ വളരെ വലിയ സ്വാധീനം ചെലുത്തുന്ന ഇക്കാലത്ത് നേരിട്ടുള്ള സാമൂഹിക ബന്ധങ്ങളിൽ ഇടിവ് സംഭവിക്കുന്നിടത്ത് കാരണം ആരംഭിക്കുന്നു. എവിടെയുംകൂടിയിരിക്കലുകൾ ഇല്ലാതാകുന്നു. മുഖത്ത് നോക്കി സംസാരിക്കുന്ന സാഹചര്യങ്ങൾ വിരളമാകുന്നു.

വിദ്യാർഥികളും സഹപാഠികളും അധ്യാപകരും, മാതാപിതാക്കളും മക്കളും, തൊഴിലാളികളും സഹപ്രവർത്തകരും മുതലാളിയും, ഭാര്യമാരും ഭർത്താക്കന്മാരും... അങ്ങനെ വിവിധ റോളിൽ ഉള്ളവർക്കെല്ലാം പരസ്പരം നന്നായി പെരുമാറുവാൻ സാധിക്കണം. ഈ ബന്ധങ്ങളിലുള്ള ഉലച്ചിലും സ്വരച്ചേർച്ചയില്ലായ്മയും വികലസമീപനങ്ങളും വ്യക്തികളെ മാനസികസമ്മർദത്തിലാക്കും.

സ്റ്റാഫ് റൂമിൽ വെച്ച്, രണ്ട് മാസ

ത്തോളമായി നിർവികാരമായും ചില പ്പോഴെങ്കിലും ദേഷ്യത്തോടെയും പെരുമാറുന്ന അധ്യാപിക ഒരു ദിവസം കരഞ്ഞുകൊണ്ട് മനസ്സ് തുറന്ന് സംസാരിച്ചപ്പോഴാണ് അവരുടെ വീട്ടിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങളാണ് ഈ മാറ്റത്തിനു കാരണമെന്ന് മനസ്സിലായത്. അവരുടെ കൗമാരക്കാരിയായ മകൾ വീട്ടിലെ അസ്വാരസ്യങ്ങൾ കാരണം പ്രണയത്തിൽ സമാധാനം കണ്ടെത്തി എന്നത് എല്ലാ മാതാപിതാക്കൾക്കും വലിയൊരു മുന്നറിയിപ്പാണ്.

ഓരോരുത്തരും അവരവരുടെ സാമൂഹിക ഉത്തരവാദിത്തം ഭംഗിയായി നിർവഹിക്കേണ്ടതുണ്ട്. അപരനെ കേൾക്കാനും സുഹൃത്തിനെ അറിയാനും കുടുംബത്തിൽ കൂടിയിരിക്കാനും കഴിയേണ്ടതുണ്ട്. നഷ്ടപ്പെട്ട സാമൂഹിക ഇടങ്ങൾ തിരിച്ചുപിടിക്കാൻ നാം ജാഗ്രത പുലർത്തിയേ തീരൂ.

പഠനത്തിൽ/ജോലിയിൽ താൽപര്യം കാണിക്കാതിരിക്കുക, മറ്റുള്ളവരിൽ നിന്നും ഉൾവലിയുക, ഭക്ഷണത്തോട് താൽപര്യക്കുറവ്, ഉറക്കക്കുറവ്, സ്വഭാവത്തിൽ പെട്ടെന്ന് ഉണ്ടാകുന്ന മാറ്റങ്ങൾ, ആത്മഹത്യയെ കുറിച്ച് സംസാരിക്കുക, ലഹരി വസ്തുക്കളുടെ ഉപയോഗം തുടങ്ങിയവയെല്ലാം വിഷാദരോഗത്തിന്റെ ലക്ഷണമാണ്. ലക്ഷണങ്ങളെ തിരിച്ചറിയുകയും വൈകാതെ ചികിത്സ ലഭ്യമാക്കുകയും ചെയ്യൽ പ്രധാനമാണ്.

ഡൽഹിയിലെ പ്രശസ്തമായ ഒരു സർവകലാശാലയിൽ പി.ജി. സൈക്കോളജി വിദ്യാർഥിയായ ഒരു മലയാളി ജീവിതം അവസാനിപ്പിച്ചത് ഏതാനും ദിവസം മുമ്പാണ്. ഒക്ടോബർ 10ന് ലോകത്തെ ഏതാണ്ട് എല്ലാ കോളേജുകളിലും സൈക്കോളജി വിഭാഗം 'ആത്മഹത്യയെ പ്രതിരോധിക്കുക' എന്ന പ്രമേയം ഉയർത്തിപ്പിടിച്ച് വൈവിധ്യമാർന്ന പരിപാടികളോടെ ലോക മാനസികാരോഗ്യ ദിനം ആചരിച്ചതിന്റെ മൂന്നാംനാൾ അജ്ഞാതമായ കാരണത്താൽ ഒരു മനശ്ശാസ്ത്ര വിദ്യാർഥി ആത്മഹത്യ ചെയ്തു എന്നത് ആശങ്കയുളവാക്കുന്നതാണ്.

വിദ്യാഭ്യാസരംഗത്തെ സമൂലമായ മാറ്റങ്ങൾക്ക് വിധേയമാക്കേണ്ടതുണ്ട്. കാലപ്പഴക്കം ചെന്ന കരിക്കുലവും ഉപകാരമില്ലാത്ത അധ്യാപന രീതിയും കാലത്തോടൊപ്പം സഞ്ചരിക്കാത്ത മൂല്യനിർണയ രീതിയും ഇനിയും നമ്മെ നയിച്ചുകൂടാ. വിദ്യാർഥികളിൽ ധാർമികവും സാംസ്കാരികവുമായ പ്രതിഫലനങ്ങൾ ഉണ്ടാക്കാൻ സാധിക്കാത്ത, മാർക്ക് വാരിക്കൂട്ടാൻ മാത്രം വിധിക്കപ്പെട്ട, രക്ഷിതാവിന്റെ സാമൂഹിക പദവി സംരക്ഷിക്കാൻ വേണ്ടി ചാവേർ ആക്കപ്പെടുന്ന, സ്ഥാപനങ്ങൾക്ക് ലാഭം ഉണ്ടാക്കാൻ വേണ്ടി മാറ്റപ്പെടുന്ന, അധ്യാപകർക്ക് അഭിമാനപുളകിതരാകാൻ വേണ്ടി എരിഞ്ഞടങ്ങുന്ന വിദ്യാർഥികൾ സൃഷ്ടിക്കപ്പെടുന്ന വർത്തമാനകാല ക്യാമ്പസ് അന്തരീക്ഷത്തിന് മാറ്റം അനിവാര്യമാണ്.


ഏത് ചുറ്റുപാടിലും, എത്രവലിയ പ്രതിസന്ധിയിലും തളരാതെ മുന്നോട്ടുപോകാൻ ദൃഢമായ ദൈവവിശ്വാസമുള്ളവർക്കേ സാധിക്കൂ. അതില്ലാത്തവർ പാമരരാണെങ്കിലും പണ്ഡിതരാണെങ്കിലും പ്രതിസന്ധികളിൽനിന്ന് ഒളിച്ചോടാൻ ആത്മഹത്യയിൽ അഭയം തേടാനുള്ള സാധ്യത കൂടുതലാണ്.

ഇസ്‌ലാം ആത്മഹത്യയെ വലിയ പാപമായിട്ടാണ് കണക്കാക്കുന്നത്. അല്ലാഹു പറയുന്നു: "നിങ്ങൾ നിങ്ങളെത്തന്നെ കൊലപ്പെടുത്തുകയും ചെയ്യരുത്. തീർച്ചയായും അല്ലാഹു നിങ്ങളോട് കരുണയുള്ളവനാകുന്നു. ആരെങ്കിലും അതിക്രമമായും അന്യായമായും അങ്ങനെ ചെയ്യുന്ന പക്ഷം നാമവനെ നരകാഗ്നിയിലിട്ട് കരിക്കുന്നതാണ്. അത് അല്ലാഹുവിന് എളുപ്പമുള്ള കാര്യമാകുന്നു" (ക്വുർആൻ 4:29,30).

ആത്മഹത്യ ചെയ്യുന്നവർക്ക് ലഭിക്കാനിരിക്കുന്ന ഭീകരമായ ശിക്ഷയെക്കുറിച്ച് നബിﷺ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഒരു ഹദീഥിൽ ഇങ്ങനെ കാണാം: അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം; നബിﷺ പറഞ്ഞു: "ഒരാൾ മലമുകളിൽനിന്ന് ചാടി ആത്മഹത്യ ചെയ്താൽ, അവൻ നരകത്തിൽ വെച്ചും അപ്രകാരം നിത്യവും വീണുകൊണ്ടേയിരിക്കും. വിഷം കഴിച്ച് ആത്മഹത്യ ചെയ്തവൻ നരകത്തിൽ എന്നെന്നും വിഷം കഴിച്ചുകൊണ്ടേയിരിക്കും. അവന്റെ കയ്യിൽ വിഷം എപ്പോഴും ഉണ്ടായിരിക്കും. ഒരാൾ ആയുധം ഉപയോഗിച്ച് സ്വശരീരത്തെ വധിച്ചാൽ അവൻ കാലാകാലവും നരകത്തിൽ വെച്ച് ആയുധംകൊണ്ട് തന്റെ വയറ് കുത്തിക്കീറിക്കൊണ്ടേയിരിക്കും. ആ ആയുധം അവന്റെ കയ്യിൽ എപ്പോഴും ഉണ്ടായിരിക്കും" (ബുഖാരി).

ജീവിതത്തിൽ ലക്ഷ്യബോധമില്ലാത്തവരാണ് ആത്മഹത്യയിൽ അഭയം പ്രാപിക്കുന്നത്. സത്യവിശ്വാസികൾ കൃത്യമായ ലക്ഷ്യബോധമുള്ളവരാണ്; ആയിരിക്കണം. അത് പരലോക രക്ഷയാണ്. ആത്യന്തിക ലക്ഷ്യം പരലോക രക്ഷയാകുമ്പോൾ ഇഹലോകത്തെ പ്രയാസങ്ങളിൽ ക്ഷമയവലംബിക്കാൻ കഴിയും. അല്ലാഹുവിന്റെ വിധിയിൽ വിശ്വാസമർപ്പിച്ചു ജീവിക്കുന്നവരെ പ്രതിസന്ധികൾ തളർത്തുകയില്ല. ആത്മഹത്യയെ കുറിച്ച് ചിന്തിക്കുവാൻ പോലും അവർക്ക് കഴിയില്ല.

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം




അധ്യായം: 70, ഭാഗം: 3

# മആരിജ് (കയറുന്ന വഴികൾ)

19. തീർച്ചയായും മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് അങ്ങേയറ്റം അക്ഷമനായിക്കൊണ്ടാണ്.
20. അതായത് തിൻമ ബാധിച്ചാൽ പൊറുതികേട് കാണിക്കുന്നവനായിക്കൊണ്ടും,
21. നൻമ കൈവന്നാൽ തടഞ്ഞുവെക്കുന്നവനായിക്കൊണ്ടും.
22. നമസ്കരിക്കുന്നവരൊഴികെ;
23. അതായത് തങ്ങളുടെ നമസ്കാരത്തിൽ സ്ഥിരമായി നിഷ്ഠയുള്ളവർ.
24. തങ്ങളുടെ സ്വത്തുക്കളിൽ നിർണിതമായ അവകാശം നൽകുന്നവരും;
25. ചോദിച്ചു വരുന്നവന്നും ഉപജീവനം തടയപ്പെട്ടവന്നും.
26. പ്രതിഫലദിനത്തിൽ വിശ്വസിക്കുന്നവരും
27. തങ്ങളുടെ രക്ഷിതാവിന്റെ ശിക്ഷയെപറ്റി ഭയമുള്ളവരുമൊഴികെ.

إِنَّ ٱلۡإِنسَٰنَ خُلِقَ هَلُوعًا ﴿١٩﴾
إِذَا مَسَّهُ ٱلشَّرُّ جَزُوعًا ﴿٢٠﴾
وَإِذَا مَسَّهُ ٱلۡخَيۡرُ مَنُوعًا ﴿٢١﴾
إِلَّا ٱلۡمُصَلِّينَ ﴿٢٢﴾
ٱلَّذِينَ هُمۡ عَلَىٰ صَلَاتِهِمۡ دَآئِمُونَ ﴿٢٣﴾
وَٱلَّذِينَ فِيٓ أَمۡوَٰلِهِمۡ حَقّٞ مَّعۡلُومٞ ﴿٢٤﴾
لِّلسَّآئِلِ وَٱلۡمَحۡرُومِ ﴿٢٥﴾
وَٱلَّذِينَ يُصَدِّقُونَ بِيَوۡمِ ٱلدِّينِ ﴿٢٦﴾
وَٱلَّذِينَ هُم مِّنۡ عَذَابِ رَبِّهِم مُّشۡفِقُونَ ﴿٢٧﴾

28. തീർച്ചയായും അവരുടെ രക്ഷിതാവിന്റെ ശിക്ഷ (വരികയില്ലെന്ന്) സമാധാനപ്പെടാൻ പറ്റാത്തതാകുന്നു.
29. തങ്ങളുടെ ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുന്നവരും (ഒഴികെ).
30. തങ്ങളുടെ ഭാര്യമാരുടെയോ, വലം കൈകൾ ഉടമപ്പെടുത്തിയവരുടെയോ കാര്യത്തിലൊഴികെ. തീർച്ചയായും അവർ ആക്ഷേപമുക്തരാകുന്നു.
31. എന്നാൽ അതിലപ്പുറം ആരെങ്കിലും ആഗ്രഹിക്കുന്ന പക്ഷം അത്തരക്കാർ തന്നെയാകുന്നു അതിരുകവിയുന്നവർ.
32. തങ്ങളെ വിശ്വസിച്ചേൽപിച്ച കാര്യങ്ങളും തങ്ങളുടെ ഉടമ്പടികളും പാലിച്ചു പോരുന്നവരും,
33. തങ്ങളുടെ സാക്ഷ്യങ്ങൾ മുറപ്രകാരം നിർവഹിക്കുന്നവരും,
34. തങ്ങളുടെ നമസ്കാരങ്ങൾ നിഷ്ഠയോടെ നിർവഹിക്കുന്നവരും (ഒഴികെ).
35. അത്തരക്കാർ സ്വർഗത്തോപ്പുകളിൽ ആദരിക്കപ്പെടുന്നവരാകുന്നു.

إِنَّ عَذَابَ رَبِّهِمْ غَيْرُ مَأْمُونٍ ﴿٢٨﴾
وَالَّذِينَ هُمْ لِفُرُوجِهِمْ حَافِظُونَ ﴿٢٩﴾
إِلَّا عَلَىٰ أَزْوَاجِهِمْ أَوْ مَا مَلَكَتْ
أَيْمَانُهُمْ فَإِنَّهُمْ غَيْرُ مَلُومِينَ ﴿٣٠﴾
فَمَنِ ابْتَغَىٰ وَرَاءَ ذَٰلِكَ فَأُولَٰئِكَ هُمُ الْعَادُونَ ﴿٣١﴾
وَالَّذِينَ هُمْ لِأَمَانَاتِهِمْ وَعَهْدِهِمْ رَاعُونَ ﴿٣٢﴾
وَالَّذِينَ هُم بِشَهَادَاتِهِمْ قَائِمُونَ ﴿٣٣﴾
وَالَّذِينَ هُمْ عَلَىٰ صَلَاتِهِمْ يُحَافِظُونَ ﴿٣٤﴾
أُولَٰئِكَ فِي جَنَّاتٍ مُّكْرَمُونَ ﴿٣٥﴾

(19-21) (തീർച്ചയായും മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് അങ്ങേയറ്റം അക്ഷമനായിക്കൊണ്ടാണ്) മനുഷ്യന്റെ പ്രകൃതിപരമായ ഒരു സവിശേഷതയാണ് ഇവിടെ പറയുന്നത്. അവൻ അക്ഷമനാണ്. പിന്നീട് ആ ക്ഷമയില്ലായ്മ എന്താണെന്ന് വിശദീകരിക്കുകയും ചെയ്യുന്നു. (അതായത് തിന്മബാധിച്ചാൽ പൊറുതികേട് കാണിക്കുന്നവനായിരിക്കൊണ്ടും) ദാരിദ്ര്യമോ രോഗമോ ബാധിക്കുകയോ തനിക്കിഷ്ടപ്പെട്ട ധനമോ ബന്ധുക്കളോ മക്കളോ നഷ്ടപ്പെടുകയോ ചെയ്താൽ അവർ അക്ഷമരാകും. അല്ലാഹുവിന്റെ വിധിയിൽ തൃപ്തിപ്പെടാനോ ക്ഷമിക്കാനോ കഴിയുന്നില്ല. (നന്മ കൈവന്നാൽ തടഞ്ഞുവെക്കുന്നവനായിക്കൊണ്ടും) അല്ലാഹു നൽകിയതിൽ നിന്നും അവർ ചെലവഴിക്കില്ല. അവൻ നൽകിയ അനുഗ്രഹത്തിനും ഗുണത്തിനും നന്ദി കാണിക്കുകയുമില്ല. പ്രയാസങ്ങൾ വരുമ്പോൾ ക്ഷമകേട് കാണിക്കുകയും സൗകര്യങ്ങളുണ്ടാകുമ്പോൾ തടഞ്ഞുവെക്കുന്നവരാകുകയും ചെയ്യും.

22-23). (നമസ്കരിക്കുന്നവരൊഴികെ) എന്നാൽ ഈ വിശേഷണങ്ങളുള്ളവർ മറിച്ചാണ്. അവർക്ക് നന്മ ലഭിച്ചാൽ അവർ അല്ലാഹുവിന് നന്ദി കാണിക്കുകയും അവർക്ക് അധീനമായി കിട്ടിയതിൽ നിന്ന് ചെലവഴിക്കുകയും ചെയ്യും. തിന്മ ബാധിച്ചാലാകട്ടെ, ക്ഷമിക്കുകയും പ്രതിഫലമാഗ്രഹിക്കുകയും ചെയ്യും. അവരുടെ മറ്റൊരു വിശേഷണം: (അതായത് തങ്ങളുടെ നമസ്കാരത്തിൽ സ്ഥിരമായി നിഷ്ഠയുള്ളവരും) അതിന്റെ പൂർണ നിയമങ്ങളോടും നിബന്ധനകളോടും കൂടി സമയത്തു തന്നെ നിത്യമായി നിർവഹിക്കും. അവർ നമസ്കരിക്കാത്തവരെ പോലെയോ സമയകൃത്യതയില്ലാതെ ചെയ്യുന്നവരോ അപൂർണമായി ചെയ്യുന്നവരോ അല്ല.

24-25). (തങ്ങളുടെസ്വത്തുക്കളിൽ നിർണിതമായ അവകാശം നൽകുന്നവരും) സകാത്ത്, സ്വദഖ പോലുള്ളത്. (ചോദിച്ചുവരുന്നവന്) ചോദിച്ചെത്തുന്നവൻ. (ഉപജീവനമാർഗം തടയപ്പെട്ടവൻ) ചോദിച്ചാൽ ലഭിക്കുമെങ്കിലും ചോദിക്കാതെ ജീവിക്കുന്ന സാധു. അവൻ തന്റെ ദാരിദ്ര്യം മറ്റുള്ളവരെ അറിയിക്കില്ല. അറിയിച്ചാൽ ദാനം ലഭിക്കും.

26). (പ്രതിഫല ദിനത്തിൽ വിശ്വസിക്കുന്നവരും) പ്രതിഫലത്തെക്കുറിച്ചും ഉയിർത്തെഴുന്നേൽപിനെക്കുറിച്ചും അല്ലാഹുവും പ്രവാചകനും അ

റിയിച്ച കാര്യങ്ങളിൽ വിശ്വസിക്കുന്നവർ, അതിൽ ദൃഢബോധ്യമുള്ളവർ. അവർ പരലോകത്തിനു വേണ്ടി തയ്യാറായിക്കൊണ്ടിരിക്കുകയും അതിനു വേണ്ടതായ പരിശ്രമങ്ങൾ ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. പരലോകത്തെ സത്യപ്പെടുത്തുക എന്നതിന് പ്രവാചകൻമാർ കൊണ്ടുവന്ന വേദങ്ങളെ കൂടി സത്യപ്പെടുത്തൽ നിർബന്ധമാക്കുന്നു.

27-28). (തീർച്ചയായും അവരുടെ രക്ഷിതാവിന്റെ ശിക്ഷ (വരികയില്ലെന്ന്) സമാധാനപ്പെടാൻ പറ്റാത്തതാകുന്നു) ആ ശിക്ഷ ഭയപ്പെടേണ്ടതും ആശങ്കപ്പെടേണ്ടതും തന്നെ.

29-31). (തങ്ങളുടെ ഗുഹ്യാവയവങ്ങൾ കാത്തു സൂക്ഷിക്കുന്നവരും) വ്യഭിചാരം പോലുള്ള നിഷിദ്ധമായ ശാരീരിക ബന്ധങ്ങൾ, സ്വവർഗരതി, ആർത്തവ സമയത്ത് ബന്ധം പുലർത്തുക, വികൃതമായ ലൈംഗിക ബന്ധങ്ങൾ മുതലായവയൊന്നും അവർ ചെയ്യില്ല. തനിക്ക് അനുവദനീയമല്ലാത്ത സ്ത്രീകളെ നോക്കുന്നതും സ്പർശിക്കുന്നതുമെല്ലാം അവർ സൂക്ഷിക്കും. അനാശാസ്യ പ്രവർത്തനങ്ങൾക്ക് പ്രേരിപ്പിക്കുന്ന നിഷിദ്ധ മാർഗങ്ങളും അവരുപേക്ഷിക്കും. (തങ്ങളുടെ ഭാര്യമാരുടെയോ വലതു കൈകൾ ഉടമപ്പെടുത്തിയവരുടെയോ കാര്യത്തിലൊഴികെ) അവരുടെ സ്വകാര്യതകളിൽ. (തീർച്ചയായും അവർ ആക്ഷേപമുക്തരാകുന്നു) യഥാർഥ സ്ഥാനത്താണ് അവർ അത് ചെയ്യുന്നത്. പ്രത്യുൽപാദനത്തിന്റെ സ്ഥാനം. (എന്നാൽ അതിലപ്പുറം ആരെങ്കിലും ആഗ്രഹിക്കുന്ന പക്ഷം) വലം കൈകൾ ഉടമപ്പെടുത്തിയവർക്കും ഇണകൾക്കുമപ്പുറം. (അവർ തന്നെയാകുന്നു അതിരുകവിയുന്നവർ) അല്ലാഹു അനുവദിച്ചതിൽ നിന്നും നിഷിദ്ധമാക്കിയതിലേക്ക് പോകുന്നവർ. മുത്അ (നിശ്ചിത സമയത്തേക്ക് മാത്രമുള്ള വിവാഹം) നിഷിദ്ധമാണെന്ന് ഈ വചനത്തിൽ നിന്ന് മനസ്സിലാകും. അവൾ ശരിയായ ഭാര്യയോ വലംകൈ ഉടമപ്പെടുത്തിയവളോ അല്ല.

32). (തങ്ങളെ വിശ്വസിച്ചേൽപിച്ച കാര്യങ്ങളും തങ്ങളുടെ ഉടമ്പടികളും പാലിച്ചുപോരുന്നവരും) അത് പൂർത്തിയാക്കാനും നിർവഹിക്കാനും പ്രയാസപ്പെട്ട് സൂക്ഷിച്ചും പാലിച്ചും പോരുന്നു. അടിമയുടെയും രക്ഷിതാവിന്റെയും ഇടയിലുള്ള എല്ലാ അമാനത്തുകളും ഇതിൽ ഉൾപ്പെടും; അല്ലാഹു അല്ലാതെ മറ്റാരും കാണാത്ത രഹസ്യമായ ബാധ്യതകൾ, രഹസ്യങ്ങളിലും സാമ്പത്തിക ഇടപാടുകളിലും സൃഷ്ടികൾ പരസ്പരമുള്ള അമാനത്തുകൾ പോലുള്ളവ. കരാർ എന്ന് പറഞ്ഞാൽ സമ്പൂർണമാണ്. സ്രഷ്ടാവിനോടും സൃഷ്ടികളോടുമുള്ള എല്ലാ കരാറുകളും ഇതിൽ പെടും. കരാറുകളെക്കുറിച്ച് അടിമ ചോദിക്കപ്പെടും. അത് നിർവഹിച്ച് പൂർത്തിയാക്കിയോ അതോ നിരാകരിച്ചുവോ, നിർവഹിക്കാതെ വഞ്ചന കാണിച്ചോ എന്നെല്ലാം.

33). (തങ്ങളുടെ സാക്ഷ്യങ്ങൾ മുറപ്രകാരം നിർവഹിക്കുന്നവരും) തങ്ങൾക്കറിയാത്തതിൽ അവർ സാക്ഷ്യം വഹിക്കുകയോ സാക്ഷ്യത്തിൽ കൂട്ടുകയോ കുറക്കുകയോ മറച്ചുവെക്കുകയോ ഇല്ല. ബന്ധുവെന്നോ കൂട്ടുകാരനെന്നോ ഉള്ള സ്നേഹബന്ധങ്ങളെയും അതിലവർ പരിഗണിക്കുകയില്ല. അത് നിർവഹിക്കുന്നതിൽ അവരുടെ ഉദ്ദേശ്യം അല്ലാഹുവിന്റെ പ്രീതി മാത്രമാണ്.

وَأَقِيمُوا۟ ٱلشَّهَـٰدَةَ لِلَّهِ

"...അല്ലാഹുവിന് വേണ്ടി സാക്ഷ്യം നേരാംവണ്ണം നിലനിർത്തുക" (65:2).

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ كُونُوا۟ قَوَّٰمِينَ بِٱلْقِسْطِ شُهَدَآءَ لِلَّهِ وَلَوْ عَلَىٰٓ أَنفُسِكُمْ أَوِ ٱلْوَٰلِدَيْنِ وَٱلْأَقْرَبِينَ ۚ

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന് വേണ്ടി സാക്ഷ്യം വഹിക്കുന്നവരെന്ന നിലയിൽ കണിശമായി നീതി നിലനിർത്തുന്നവരായിരിക്കണം. അത് നിങ്ങൾക്ക് തന്നെയോ, നിങ്ങളുടെ മാതാപിതാക്കൾ, അടുത്ത ബന്ധുക്കൾ എന്നിവർക്കോ പ്രതികൂലമായിത്തീർന്നാലും ശരി."(4:135).

34). (തങ്ങളുടെ നമസ്കാരങ്ങൾ നിഷ്ഠയോടെ നിർവഹിക്കുന്നവരും (ഒഴികെ). ശരിയായ രൂപത്തിൽ സ്ഥിരമായി നിർവഹിക്കുന്നവർ.

35). (അത്തരക്കാർ) ഈ പറയപ്പെട്ട ഗുണങ്ങളുള്ളവർ. (സ്വർഗത്തോപ്പുകളിൽ ആദരിക്കപ്പെടുന്നവരാകുന്നു) ആദരവും നിത്യസുഖങ്ങളും മനസ്സിന്റെ ആഗ്രഹങ്ങളും കണ്ണുകൾക്കാനന്ദവും അല്ലാഹു അവർക്ക് നൽകും. അവരതിൽ ശാശ്വതരായിരിക്കും.

ചുരുക്കത്തിൽ സൗഭാഗ്യത്തിന്റെയും നന്മയുടെയും ആളുകൾക്ക് അല്ലാഹു നൽകിയ സമ്പൂർണ വിശേഷണങ്ങളാണിവ: സ്ഥിരമായി നിർവഹിക്കേണ്ട നമസ്കാരം പോലുള്ള ശ്രേഷ്ഠമായ ആരാധനകളാൽ തൃപ്തിപ്പെട്ട സ്വഭാവം, എല്ലാ നന്മകൾക്കും പ്രേരകമാകുന്ന അല്ലാഹുവിലുള്ള ഭയം, സാമ്പത്തികമായ ആരാധനകൾ, ഉപകാരപ്രദമായ വിശ്വാസം, ശ്രേഷ്ഠമായ സ്വഭാവങ്ങൾ, അല്ലാഹുവോടും സൃഷ്ടികളോടുമുള്ള ഏറ്റവും നല്ല പെരുമാറ്റം, അവരോടുള്ള നീതിയും അവർക്കുള്ള കടമകളും കടപ്പാടുകളും സൂക്ഷിക്കുകയും ചെയ്യൽ, അല്ലാഹു വെറുക്കുന്ന കാര്യങ്ങളിൽ നിന്നും ഗുഹ്യസ്ഥാനങ്ങളെ സൂക്ഷിച്ചുകൊണ്ടുള്ള സമ്പൂർണ പരിശുദ്ധി.

ഇബ്‌നു അലി എടത്തനാട്ടുകര
ibnualiekara@gmail.com




# യാത്രകൾ സമ്മാനിക്കുന്ന സംതൃപ്തി

അടുത്തടുത്ത മാസങ്ങളിൽ രണ്ട് സഹ ഓഫീസർമാർ റിട്ടയർ ചെയ്യുകയാണ്. അതിൽ ഒരാൾ പകൽ ഓഫീസ് പണിക്ക് ശേഷം ഫയലുകൾ വീട്ടിൽ കൊണ്ടുപോയി രാത്രി വൈകും വരെ ജോലി ചെയ്യുന്ന, കൃഷിയിൽ തൽപരനായ ആത്മാർഥ ജീവനക്കാരൻ. മറ്റൊരാൾ ഓഫീസ് സമയം കഴിഞ്ഞ് വീണ്ടും ജോലി ചെയ്യുന്ന ജനകീയൻ.

ഇവർക്കൊരു വേറിട്ട യാത്രയയപ്പ് കൊടുക്കണം. ഓഫീസുമായി സദാ ബന്ധപ്പെടുന്ന, യാത്രാ കമ്പക്കാരായ അടുത്ത സുഹൃത്തുക്കളുമായി ആലോചിച്ചു. ചെറിയൊരു യാത്ര, പുറത്തുനിന്ന് ഭക്ഷണം... തീരുമാനമായി. ഓഫീസർമാർ സന്ദർശിക്കാത്ത സ്ഥലത്തേക്ക് ആണെങ്കിൽ നന്നാവും.

അവരോട് ഇക്കാര്യം ആലോചിച്ചപ്പോൾ അവർ പോകാൻ ആഗ്രഹിക്കുന്ന സ്ഥലമേതെന്ന് കേട്ട ഞാൻ അക്ഷരാർഥത്തിൽ ഞെട്ടി. ഇരുവരും താമസിക്കുന്ന ജില്ലയിലെ, തൊട്ടടുത്ത അതിർത്തി സംസ്ഥാനത്തിലെ കുന്നും മലയും ചുരവും പൂന്തോട്ട

വും ബോട്ടിംഗും ഉള്ള, ലോകത്തിന്റെ നാനാ ഭാഗത്തുനിന്നും സന്ദർശകർ എത്തുന്ന ടൂറിസ്റ്റ് കേന്ദ്രത്തിൽ ഇരുവരും ഇതുവരെ പോയിട്ടില്ല പോലും! പ്രായം 56 ആയി!

പിന്നെ വൈകാതെ, ഒരു ദിവസം ഞങ്ങൾ മൂന്നുപേർ ലീവ് എടുത്തു. ഒപ്പം മൂന്ന് കൂട്ടുകാരും കൂടി.അതിലൊരാളുടെ കാറിൽ യാത്ര തിരിച്ചു. കുറെ സംസാരിച്ചു; വഴിയിൽ വാഹനം നിർത്തി ചായ കുടിച്ചു. രസകരമായ കാഴ്ചകൾ കണ്ടു. ഗാർഡനിൽ ഏറെ നേരം ഇരുന്നു. എടുത്തു. വലിയ ഹോട്ടലിൽ നിന്ന് ഭക്ഷണവും കഴിച്ച് മടങ്ങി. ഇങ്ങനെയൊക്കെ യാത്ര ചെയ്യാമെന്നതും അത് ഇത്രത്തോളം രസകരമാണെന്നതും ആദ്യ അനുഭവമെന്ന് അവർ അത്ഭുതം കൂറി. കുടുംബമൊത്ത് യാത്ര തുടരും എന്ന് പ്രഖ്യാപിച്ചാണ്, അവിസ്മരണീയ അനുഭവം സമ്മാനിച്ചതിന് നന്ദി പറഞ്ഞ് അവർ അന്ന് പിരിഞ്ഞത്.

യാത്ര നൽകുന്ന അനുഭൂതി അനിർവചനീയമാണ്. ഒന്നു പുറത്തിറങ്ങൂ; ഒറ്റക്ക്, അല്ലെങ്കിൽ ഇണകളെയും കുട്ടികളെയും കൂട്ടി. അതുമല്ലെങ്കിൽ അടുത്ത സുഹൃത്തുക്കൾ, ബന്ധുക്കൾ...

ബസ്സിൽ, തീവണ്ടിയിൽ, അല്ലെങ്കിൽ സ്വന്തം വാഹനത്തിൽ, ഇതൊന്നുമല്ലെങ്കിൽ എല്ലാവരും ചേർന്ന് ഒരു വാഹനം വിളിച്ച് അങ്ങനെ...

എങ്ങോട്ട് എന്നതാണ് അടുത്ത ചോദ്യം. സമയത്തിനും കാശിനുമനുസരിച്ച് സ്ഥലം തീരുമാനിക്കാം. ഏതെങ്കിലും പാർക്ക്, ഗാർഡൻ, അല്ലെങ്കിൽ തണുപ്പും ഉയരവും കൂടിയ ടൂറിസ്റ്റ് കേന്ദ്രം... അതൊന്നുമല്ലെങ്കിൽ തിരക്കിൽനിന്നൊഴിഞ്ഞ് നൽക്കുന്ന മലമുകളിലെ ആൾതാമസമുള്ള കേന്ദ്രത്തിലേക്ക്.

കാറ്റ് കൊണ്ട് ഇരിക്കുക. വഴിയോരക്കാഴ്ചകൾ കാണുക. ജീവിത വ്യവഹാരത്തിൽ ഏർപ്പെട്ട ആളുകളെ വീക്ഷിക്കുക. ലക്ഷ്യസ്ഥാനത്തേക്ക് അതിവേഗം എത്തുക എന്നതല്ല പ്രധാനം. പലപ്പോഴും ആസ്വാദ്യകരമായി തോന്നാറുള്ളത് വഴിനീളെയുള്ള അനുഭവങ്ങളും കണ്ണിനു കുളിർമയേകുന്ന വഴിയോരക്കാഴ്ചകളുമാണ്.

പറ്റുമെങ്കിൽ ഇടക്ക് വാഹനത്തിൽനിന്ന് പുറത്തിറങ്ങുക. തട്ട് കടയിൽ നിന്ന് ചുടുചായയോ മറ്റോ കുടിക്കുക. ചെറു പലഹാരം കഴിക്കുക. പ്രാദേശികമായി കിട്ടുന്ന പഴങ്ങൾ, വേറിട്ട വിഭവങ്ങൾ ഉണ്ടെങ്കിൽ രുചി നോക്കുക. നയന മനോഹരമായ പ്രകൃതിദൃശ്യങ്ങൾ മൊബൈൽ ഫോണിൽ, ക്യാമറ ഉണ്ടെങ്കിൽ അതിൽ പകർത്താം; പിന്നീട് ഓർമിക്കാനായി.

ലക്ഷ്യസ്ഥാനത്തെത്തിയാൽ വിശ്രമത്തിനായി ഇരിക്കാം. കുട്ടികൾ കളിക്കുന്നത് കണ്ടിരിക്കാം. അല്ലാഹുവിന്റെ പ്രകൃതി സൃഷ്ടിപ്പിലെ അപാരതകൾ കൺനിറയെ ആസ്വദിക്കുക, അതിനെക്കുറിച്ച് ആഴത്തിൽ ചിന്തിക്കുക. അസ്തമയം കാണാൻ ശ്രമിക്കുക. സൂര്യൻ മാനത്ത് വരയ്ക്കുകയും പിന്നെ മാറ്റിവരയ്ക്കുകയും ചെയ്യുന്ന വർണ വിസ്മയങ്ങൾ കണ്ടുകൊണ്ടിരിക്കുക. കാളവണ്ടി, കുതിരവണ്ടി, സൈക്കിൾ റിക്ഷ എന്നിങ്ങനെയുള്ള വയിൽ യാത്ര തരപ്പെടുമോ എന്ന് നോക്കുക. ബോട്ടിങ്, കുതിര സവാരി സംവിധാനം ഉണ്ടെങ്കിൽ അതുമാവാം. വെള്ളച്ചാട്ടം ദൂരെനിന്ന് കണ്ടാസ്വദിക്കാം. സാഹസത്തിന് മുതിരരുത്.

താൽപര്യമുള്ള ആഹാരം, കരകൗശല വസ്തുക്കൾ, പൂക്കൾ, പുസ്തകങ്ങൾ വാങ്ങുക, പ്രിയപ്പെട്ടവർക്ക് സമ്മാനിക്കുക. സമയവും കീശയും അനുവദിക്കുമെങ്കിൽ ഒരു രാത്രി അവിടെ താമസിക്കാം. സ്ഥലം സുരക്ഷിതമെങ്കിൽ മാത്രം കുടുംബത്തോടൊപ്പം രാത്രി താമസിക്കാം.

ഒന്ന് വിശ്രമിച്ച്, വസ്ത്രം മാറി രാത്രി പുറത്തിറങ്ങി നടക്കുക. മഞ്ഞിൽ, കുളിരിൽ, മഴയിൽ ലയിച്ചങ്ങനെ...

കാലത്ത് നേരത്തെ എഴുന്നേറ്റു പുറത്തിറങ്ങുക. പുറംലോകം കാണുക. വഴിയോര കടയിൽ നിന്നൊരു ചുടു ചായ കുടിക്കുക. വേറിട്ടൊരു സന്തോഷം ആസ്വദിക്കുക.

എല്ലാവരെയും എന്ന പോലെ നമ്മളെയും പലതരം പ്രശ്നങ്ങൾ വീർപ്പുമുട്ടിക്കുന്നുണ്ട്. വീട്ടിൽ, കുടുംബത്തിൽ, ജോലിസ്ഥലത്ത്, അല്ലെങ്കിൽ ചില വ്യക്തികളുമായി ബന്ധപ്പെട്ട്, ചില സംഘങ്ങളുമായി ബന്ധപ്പെട്ട്... പ്രശ്നങ്ങളും പ്രയാസങ്ങളും ഒഴിഞ്ഞ നേരം കിട്ടിയെന്നുവരില്ല. എന്നാൽ ഇത്തരമൊരു യാത്രയിൽ, ഇഷ്ടമില്ലാത്ത കാര്യങ്ങൾ ഓർക്കാതെ മണിക്കൂറുകൾ, അല്ലെങ്കിൽ എതാനും ദിവസങ്ങൾ മനസ്സിണക്കമുള്ളവരോടൊപ്പം ഇഷ്ടപ്പെട്ട സമയത്ത് ഇഷ്ട ഭക്ഷണം കഴിച്ച് വിശ്രമിച്ചു സന്തോഷത്തോടെ കഴിച്ചുകൂട്ടുക. നിർബന്ധ ബാധ്യതയായ നമസ്കാരം ഒരു ഘട്ടത്തിലും ഒഴിവാക്കാൻ പാടില്ലെന്നത് പ്രത്യേകം ഓർമിപ്പിക്കേണ്ടതില്ലല്ലോ.

ആഴ്ചകൾ, മാസങ്ങൾ മുന്നോട്ട് പോകാനുള്ള കുറെയേറെ ഊർജം നിങ്ങൾക്ക് അറിയാതെ വീണുകിട്ടും. എന്നാൽ ഒരു യാത്ര പോകാമല്ലേ, എങ്ങോട്ടെങ്കിലും...?

ടി.കെ.അശ്‌റഫ്
tkashraf100@gmail.com

കൂട്ടായ്മ



# സാന്ത്വനമേകുന്നവനാകണം പ്രബോധകൻ

**രോ**ഗവും രോഗികളും വർധിച്ചുവരികയാണ്. രോഗികളെ സന്ദർശിക്കുന്നതിന്റെ പ്രസക്തിയും പ്രാധാന്യവും സമൂഹം കൂടുതൽ തിരിച്ചറിയേണ്ടതുണ്ട്. വിശ്വാസികൾ പരസ്പരം ഒരു ശരീരം പോലെയാണ്. ശരീരത്തിന്റെ ഏതെങ്കിലും ഒരവയവത്തിന് അസുഖം ബാധിച്ചാൽ മറ്റു അവയവങ്ങൾ വേദനയിൽ പങ്കാളികളാകുന്നതുപോലെ ഒരു വിശ്വാസിക്ക് എന്തെങ്കിലും പ്രയാസം ഉണ്ടായാൽ മറ്റുള്ളവർ അതിൽ ഇടപെട്ട് ആശ്വാസം നൽകാൻ ശ്രമിക്കണം.

സംഘടനകളിൽ പ്രവർത്തിക്കുന്നവർ ഇക്കാര്യത്തിൽ സജീവ ശ്രദ്ധയുള്ളവരാകണം. പരസ്പര ബന്ധങ്ങൾ സംഘടനാ ആവശ്യങ്ങൾക്ക് വേണ്ടി മാത്രമാകരുത്. മാനുഷികമായ എല്ലാ പ്രശ്നങ്ങളിലും താങ്ങും തണലുമാകേണ്ടവരാണ് സംഘടനാ പ്രവർത്തകർ. യോഗങ്ങളിലും പ്രവർത്തന മേഖലയിലും നിറസാന്നിധ്യമായിരുന്ന പ്രവർത്തകനെ കാണാതെ വരുമ്പോൾ, അവന്റെ അസാന്നിധ്യത്തിന്റെ കാരണം അന്വേഷിക്കണം. പലപ്പോഴും ഇക്കാര്യം ചിലരെങ്കിലും വിസ്മരിക്കുകയാണ് പതിവ്. ദിവസങ്ങളും മാസങ്ങളും കഴിഞ്ഞ് സാമൂഹ്യ മാധ്യമങ്ങളിൽ വരുന്ന മരണവാർത്ത കാണുമ്പോഴാണ് അയാൾ ഏറെ നാളായി രോഗത്തിനടിമയായിരുന്നുവെന്ന കാര്യം തന്നെ നാം അറിയുന്നത്. അദ്ദേഹം രോഗിയായ വിവരം ആരും പറഞ്ഞില്ലല്ലോയെന്ന പരിഭവം പങ്കുവെക്കുകയും ചെയ്യും. എപ്പോഴും കൂടെയുള്ളവരെ മാത്രമല്ല കൂട്ടിപ്പിടിക്കേണ്ടത്. കൂട്ടത്തിൽ കാണാത്തവരെ അന്വേഷിക്കാനും വീടുകൾ സന്ദർശിക്കാനും സമയം കാണണം. രോഗികളായി കിടക്കുന്നവരുടെ വിവരമറിഞ്ഞവർ അക്കാര്യം മറ്റുള്ളവരെ അറിയിക്കാനും ശ്രദ്ധിക്കണം.

രോഗികളെ സന്ദർശിക്കുന്നവർ രോഗിക്കും കുടുംബത്തിനും ബുദ്ധിമുട്ടുണ്ടാക്കരുത്. ഒറ്റപ്പെടലിൽ നിന്ന് ആശ്വാസം പകരാൻ നമ്മുടെ സന്ദർശനത്തിനാവണം. രോഗിക്കു വേണ്ടി ആത്മാർഥമായി പ്രാർഥിക്കണം. ചികിത്സയെക്കുറിച്ചും കഴിക്കുന്ന മരുന്നുകളെ സംബന്ധിച്ചും രോഗിക്ക് ആശയക്കുഴപ്പമുണ്ടാക്കുന്ന രീതിയിൽ സംസാരിക്കരുത്. ചികിത്സ സംബന്ധിച്ച കാര്യമാത്ര പ്രസക്തമായ നിർദേശങ്ങൾ, കുടുംബത്തിലെ ബന്ധപ്പെട്ടവരോട് മാത്രം പങ്കുവയ്ക്കുന്നതാണ് നല്ലത്. ഡോക്ടർമാർ സന്ദർശനം വിലക്കിയ രോഗിയാണെങ്കിൽ സന്ദർശിക്കാതിരിക്കുകയാണ് നന്മ. എന്നാലും വിവരങ്ങൾ അറിഞ്ഞാൽ പ്രാർഥിക്കാൻ സാധിക്കും. അഭാവത്തിലുള്ള പ്രാർഥനയ്ക്ക് ഉത്തരം ലഭിക്കുമെന്ന് നബിﷺ പഠിപ്പിച്ചിട്ടുണ്ട്. രോഗവിവരം അറിഞ്ഞാൽ സന്ദർശിക്കുന്നതിനു മുമ്പ് തന്നെ പ്രാർഥനയിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കണം.

രോഗിയായ വിവരം ബോധപൂർവം മറച്ചുവെക്കുന്നവരെയും കാണാറുണ്ട്. വിവരങ്ങൾ അന്വേഷിക്കുന്നവരോട് കളവ് പറയുകയോ, തെറ്റായ വിവരങ്ങൾ നൽകുകയോ ചെയ്യുന്നവരും ഉണ്ട്. ഈ പ്രവണത വിശ്വാസികൾക്ക് യോജിച്ചതല്ല. രോഗം അല്ലാഹുവിങ്കൽ നിന്നാണ്. അത് പരീക്ഷണത്തിന്റെ മറ്റൊരു ഭാഗമാണ്. അത് ഉൾക്കൊള്ളാനും ക്ഷമിക്കാനും സാധിക്കുമ്പോഴാണ് നാം പരീക്ഷണത്തിൽ വിജയിക്കുന്നത്. രോഗിയുമായി അടുത്ത ബന്ധമുള്ളവരിൽ നിന്ന് രോഗവിവരം മറച്ചുവെക്കുന്നതിലൂടെ ആത്മാർഥമായ പ്രാർഥനകളാണ് നഷ്ടമാവുന്നത്.

അഡ്മിറ്റായ രോഗിയെ സന്ദർശിക്കാൻ ഡോക്ടർമാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ പോലും ഭേദിച്ച്, രോഗിയെ കാണാൻ കാണിക്കുന്ന ആവേശത്തിന്റെ ചെറിയൊരംശം പോലും രോഗിയെ ഡിസ്ചാർജ് ചെയ്താൽ പലരും കാണിക്കാറില്ല. ആദ്യദിവസങ്ങളിലെല്ലാം വീട്ടിൽ സന്ദർശകരുടെ തിരക്കായിരിക്കും. പിന്നീട് രോഗിയും പരിചരിക്കുന്നവരും മാത്രമായി ചുരുങ്ങുകയാണ് പതിവ്.

സാമ്പത്തികമായി ബുദ്ധിമുട്ടുന്നവരാണെങ്കിൽ, അന്വേഷിച്ചറിഞ്ഞ് അവരുടെ അഭിമാനത്തിന് ക്ഷതമേൽക്കാതെ സഹായിക്കാനുള്ള സംവിധാനങ്ങൾ കണ്ടെത്തുന്നതിലും പ്രവർത്തകർ മുൻകൈ എടുക്കണം. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സൗജന്യമായി വിദഗ്ധ ചികിത്സ ലഭ്യമാവുന്ന കേന്ദ്രങ്ങളിലേക്ക് മാർഗം കാണിക്കുന്നതിലൂടെ ഭാരിച്ച സാമ്പത്തിക ബാധ്യതകൾ ലഘൂകരിക്കാനാവും.

പെട്ടെന്നുള്ള രോഗവും മരണവും നമുക്ക് പാഠമാകേണ്ടതുണ്ട്. ഇഹലോകത്തിന്റെ നൈമിഷികതയും ചെയ്തുതീർക്കാനുള്ള ബാധ്യതകളും നമുക്ക് ഓർമവരണം. ആരാധനകളിലും ഉത്തരവാദിത്ത നിർവഹണത്തിലും കൂടുതൽ ശ്രദ്ധ പാലിക്കാനും അധർമങ്ങളിൽ നിന്ന് അകന്നു നിൽക്കാനും പരസ്പരം സ്നേഹവും വിട്ടുവീഴ്ചയും കാണിക്കാനുമെല്ലാം സമപ്രായക്കാരുടെ രോഗവും മരണവും നമുക്ക് പ്രേരകമാകേണ്ടതുണ്ട്.

മരണവാർത്ത അറിഞ്ഞവർ മറ്റുള്ളവരെ അറിയിക്കണം. സാധിക്കുന്നവരെല്ലാം ജനാസയിൽ പങ്കെടുക്കുകയും വേണം. പ്രത്യേകിച്ച് തൗഹീദ് ഉൾക്കൊണ്ടതിന്റെ പേരിൽ പ്രാദേശികമായ ഒറ്റപ്പെടൽ അനുഭവിക്കുന്ന പ്രവർത്തകരുടെ ജനാസയിൽ അൽപം ദൂരത്തു നിന്നാണെങ്കിലും എത്തിപ്പെടാൻ പരമാവധി പരിശ്രമിക്കണം. തൗഹീദുള്ള 40 പേർ ഒരു മയ്യിത്തിന് വേണ്ടി നമസ്കരിച്ചാൽ വലിയ പുണ്യമാണ്. രോഗ സന്ദർശനവും മരണാനന്തര ചടങ്ങിൽ പങ്കെടുക്കലും സംഘടനാ അതിർത്തിക്കുള്ളിൽ ഒതുങ്ങിക്കൂടാ. ജൂതന്റെ വീട്ടിൽ പോയി രോഗിയെ സന്ദർശിച്ച് മാതൃക കാണിച്ച പ്രവാചകന്റെ അനുയായികൾക്ക് ഇക്കാര്യത്തിൽ വിശാല സമീപനമാണ് ഉണ്ടാവേണ്ടത്.

ജീവകാരുണ്യ രംഗത്ത് സജീവമാകുന്നതിലൂടെ നാട്ടിലുള്ള മുഴുവൻ രോഗികളുടെ അടുത്തും എത്താൻ കഴിയുമ്പോഴും, സ്വന്തം വീട്ടിൽ അസുഖത്തോട് പോരാടുന്ന മാതാപിതാക്കളുടെ സമീപത്ത് എത്ര സമയം ചെലവഴിക്കാറുണ്ടെന്നും ആത്മപരിശോധന നടത്തണം.

രോഗികളെ സന്ദർശിക്കുന്നതിന്റെയും പരിചരിക്കുന്നതിന്റെയും ആതുര സേവനത്തിന്റെയും മഹത്ത്വവും നേട്ടവും മനസ്സിലാക്കിത്തരുന്ന രണ്ട് പ്രവാചക വചനങ്ങൾ ഉദ്ധരിച്ച് ഈ കുറിപ്പ് അവസാനിപ്പിക്കട്ടെ:

"ഒരു മുസ്‌ലിം രാവിലെ (രോഗിയായ) മറ്റൊരു മുസ്‌ലിമിനെ സന്ദർശിച്ചാൽ വൈകുന്നേരം വരെ എഴുപതിനായിരം മലക്കുകൾ അവന് വേണ്ടി പ്രാർഥിക്കും. വൈകുന്നേരമാണ് സന്ദർശിക്കുന്നതെങ്കിൽ പ്രഭാതം വരെ എഴുപതിനായിരം മലക്കുകൾ അവന് വേണ്ടി പ്രാർഥിക്കും. സ്വർഗത്തിൽ അവന് സുഖസൗകര്യങ്ങൾ ലഭിക്കുകയും ചെയ്യും" (തിർമിദി).

"നിങ്ങൾ വിശന്നവന് ആഹാരം നൽകുവിൻ, രോഗിയെ സന്ദർശിക്കുവിൻ, ബന്ധനസ്ഥനെ മോചിപ്പിക്കുവിൻ"(ബുഖാരി). ●

പി.വി ഉമർകുട്ടി ഹാജി (റഹി)
തയ്യാറാക്കിയത്: യൂസുഫ് സാഹിബ് നദ്‌വി



ഏറനാട്ടിലെ ഓർമകളും ഇസ്‌ലാഹി പ്രസ്ഥാനവും: 10



# പൊതു പ്രവർത്തനങ്ങൾ

**1937** മുതൽ സാമുദായികവും സാംസ്‌കാരികവുമായി കുറെയൊക്കെ രാഷ്ട്രീയ രംഗത്തും പ്രവർത്തിച്ചുപോന്നു. അതിന്റെ ഫലമായിട്ടാണ് ഒതായി ജംഇയ്യത്തുൽ മുഖ്‌ലിസീൻ ജന്മമെടുത്തത്. 1961ൽ എടവണ്ണ യത്തീംഖാന ജെ.ഡി.റ്റി. ഇസ്‌ലാമിന്റെ മേൽനോട്ടത്തിൽ നടത്തിയിരുന്ന കാലത്ത് അതിന്റെ ഉപദേശക സമിതിയിൽ അംഗമായി. 1970ൽ യത്തീംഖാന കമ്മറ്റി രജിസ്റ്റർ ചെയ്തപ്പോൾ ആ സംഘടനയിൽ ഒരംഗമായിരുന്നു. യത്തീംഖാനക്കുവേണ്ടി പുതിയ കമ്മറ്റി രൂപീകരിച്ചപ്പോൾ വൈസ്പ്രസിഡന്റായി.

1972 ഫെബ്രുവരിയിൽ യത്തീംഖാനയുടെ ജനറൽ സെക്രട്ടറിയും കറസ്പോണ്ടന്റും മാനേജറുമായി തിരഞ്ഞെടുക്കപ്പെട്ടു. 1960 മുതൽ കേരള മുസ്‌ലിംകളുടെ ഇടയിൽ മതപണ്ഡിതന്മാരുടെ കുറവുകാരണം പള്ളികളിൽ ഖുത്വുബ നടത്തുവാനും മദ്രസകളിൽ അധ്യയനം നടത്തുവാനും പറ്റിയ ആൾക്കാരില്ലാത്ത പരിതസ്ഥിതിയിൽ മതപ

ണ്ഡിതന്മാരും നേതാക്കളും ഉൽക്കണ്ഠാകുലരായി. പണ്ഡിതന്മാരെ വാർത്തെടുക്കുവാൻ പറ്റിയ ഒരു ഉന്നത മതപഠന കേന്ദ്രം സ്ഥാപിക്കുവാൻ കേരളത്തിലെ സമുന്നതരായ മുജാഹിദ് പണ്ഡിതന്മാരും നേതാക്കളും ഉറ്റുശ്രമിച്ചു. അവരുടെ കൂട്ടത്തിൽ ഒരു ഏളിയ പ്രവർത്തകനായി പ്രവർത്തിക്കുവാൻ എനിക്കും സാധിച്ചു. മേൽ ആവശ്യത്തിനു വേണ്ടി പട്ടാളപ്പള്ളിയുടെ മുകളിൽ 1964 ജൂൺ 7ന് ചേർന്ന യോഗത്തിലും പങ്കാളിയാവാൻ സാധിച്ചു. അങ്ങനെ ജാമിഅഃ നദ്‌വിയ്യഃയുടെ സ്ഥാപക മെമ്പർമാരിൽ ഒരാളായി. പ്രവർത്തക സമിതിയിലെ അംഗമായും പിന്നെ ട്രസ്റ്റിയായും പിന്നീട് ചെയർമാനായും സേവനം അനുഷ്ഠിച്ചു. ഇപ്പോൾ വൈസ് ചെയർമാൻ ആണ്.

എം.ഇ.എസ്.കോളേജ് മമ്പാട്: ഏറനാട് ഏഡ്യുക്കേഷൻ ട്രസ്റ്റിൽ ജനറൽബോഡി അംഗമായി പ്രവർത്തിച്ചിരുന്നു. 1969ൽ മേപ്പടി ട്രസ്റ്റ് മമ്പാട് കോളേജ് എം.ഇ.എസ്.നെ ഏൽപിക്കുവാൻ തീരുമാനിച്ച യോഗത്തിൽ ഞാനും ട്രസ്റ്റി അംഗമായ പി.വി. മുഹമ്മദാജിയും പങ്കെടുക്കുകയുണ്ടായി. 1969ൽ മമ്പാട് കോളേജ് എം.ഇ.എസിന് ഏൽപിക്കുവാൻ തീരുമാനിച്ചു. ഏറനാട് ഏഡ്യുക്കേഷൻ ട്രസ്റ്റിൽ നിന്ന് എം.ഇ.എസ്. ഏറ്റുവാങ്ങി. അന്ന് കോളേജ് കമ്മറ്റി ചെയർമാൻ പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങൾ ആയിരുന്നു. പിന്നീട് എം.ഇ.എസ്. യോഗം ചേർന്ന് 1969ൽ എന്നെ കോളേജ് മാനേജ്മെന്റ് കമ്മറ്റി പ്രസിഡന്റായി തെരഞ്ഞെടുത്തു. 1,23,000 ഉറുപ്പിക കടത്തോടുകൂടി ആയിരുന്നു എം.ഇ.എസ്. കോളേജ് ഏറ്റെടുത്തത്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ 1970-71 ആകുമ്പോഴേക്ക് കടങ്ങൾ തീർത്ത് മൂന്നുലക്ഷം ഉറുപ്പികയുടെ ഒരു വിമെൻസ് ഹോസ്റ്റലും 3 ലക്ഷം ഉറുപ്പിക ചെലവിൽ ഒരു ലബോറട്ടറി കെട്ടിടവും പണിതീർക്കാൻ കഴിഞ്ഞു. മാത്രമല്ല, അന്നത്തെ മെയിൻ ബിൽഡിങ്ങിന് അപ്സ്റ്റയറും ഒരു കോൺഫറൻസ് ഹാളും ഉണ്ടാക്കി. തുടർന്ന് പല വികസന പ്രവർത്തനങ്ങളും നടന്നു. ഇന്ന് മലബാർ പ്രദേശത്തെ ഏറ്റവും ഉയർന്ന കോളേജുകളിൽ ഒന്നായി പരിലസിക്കുന്നു ആ സ്ഥാപനം.

**പാവണ്ണ അഹമ്മദ് കുട്ടി മുസ്‌ലിയാർ**

1950ൽ പെരകമണ്ണ മണൽപുറത്ത് പാവണ്ണ അഹമ്മദ് കുട്ടി മുസ്‌ലിയാർ ഒരു 'സുന്നി മതപ്രഭാഷണം' തുടങ്ങി. ആദ്യം മുതലേ വഹാബികളെ ഞങ്ങൾ വെല്ലുവിളിക്കുന്നു, മറുപടി ഉണ്ടെങ്കിൽ പറയട്ടെ... എന്നിങ്ങനെ ആഹ്വാനം ചെയ്തുകൊണ്ടിരുന്നു. പന്നിപ്പാറയിൽ നികുതി പിരിവിന്ന് കച്ചേരി ഇരിക്കാൻ ഞാൻ ചെന്നപ്പോൾ പി.വി. അലവിക്കുട്ടി നികുതി അടക്കാൻ എന്റെ അടുക്കൽ വന്നു. അലവിക്കുട്ടി ആ ഭാഗത്തെ സുന്നി നേതാവായിരുന്നു. വഅളിനെക്കുറിച്ച് ഞങ്ങൾ തമ്മിൽ പറഞ്ഞ് പറഞ്ഞ് വെല്ലുവിളി നേരിടാൻ ഏത് നിലക്കും ഞങ്ങൾ ഒരുക്കമാണെന്ന് ഞാൻ പറഞ്ഞു. അതിനുവേണ്ടി ഒരു നിബന്ധന തയ്യാറാക്കാൻ ദിവസം നിശ്ചയിച്ചു. നിശ്ചിത ദിവസം ഞാനും വാപ്പയും സി.എച്ച്. അഹമ്മദ്കുട്ടി സാഹിബും പന്നിപ്പാറയിൽ എത്തി. അലവിക്കുട്ടിയുടെ വീട്ടിൽതന്നെ കൂടി. ഒരു നിബന്ധന എഴുതി തയ്യാറാക്കി രണ്ടു കൂട്ടരും അതിൽ ഒപ്പിട്ടു. അന്യോന്യം കൈമാറി.

അതുപ്രകാരം അനന്തര നടപടികൾക്ക് സുന്നികൾ തയ്യാറായില്ല. ഈ ഒഴിഞ്ഞു മാറ്റത്തിൽ സുന്നികളുടെ ഇടയിൽതന്നെ ആക്ഷേപങ്ങൾ പൊന്തിവന്നു. ഈ ക്ഷീണം തീർക്കാനായിരിക്കാം, മുൻകൂട്ടി പറയാതെ ഒരുദിവസം പെട്ടെന്ന് ആര്യന്തൊടിക മുതുതലക്കൽ മണൽപുറത്ത് പന്നിപ്പാറയിലെയും പെരകമണ്ണയിലെയും സുന്നികൾ ഒന്നിച്ചു ചേർന്ന് ഒരു മുസ്‌ലിയാരെയും രണ്ടുമൂന്ന് പെട്രോൾ മാക്സുമായി വന്ന് വഅളു തുടങ്ങി.

വിവരം കേട്ടറിഞ്ഞ് വാപ്പ ഉൾപ്പെടെ ഞങ്ങൾ പുറത്തിറങ്ങി. പീടികകളെല്ലാം അടപ്പിച്ചു. ആളുകളെ സംഘടിപ്പിച്ചു. ഉള്ളിടത്തോളം പെട്രോൾ മാക്സുകളും എടുത്ത് ഇറങ്ങി. കേട്ടറിഞ്ഞ് കുറെ ആളുകളും വന്നുകൂടി. പുഴക്കൽ കുടക്കാൽ തിരഞ്ഞിട്ട വടി ധാരാളം ഉണ്ടായിരുന്നു. ആളെണ്ണം ഒന്നും രണ്ടും വടികൾ എടുത്ത് കയ്യിൽ പിടിച്ചു.

ജുബ്ബയും പൈജാമയും തുർക്കി തൊപ്പിയും ധരിച്ച ഒരു ഹിന്ദുസ്ഥാനിക്കാരനും അപ്രതീക്ഷിതമായി അന്ന് വാപ്പയുടെ കൂടെ ഉണ്ടായിരുന്നു.

എല്ലാവരും ഒതായി കടവത്ത് എത്തി. കുറെ പെട്രോൾ മാക്സും കുറെ ആളുകളും ആളുകളുടെ കയ്യിലൊക്കെ വടിയും കൂട്ടത്തിൽ ആജാനബാഹുവായ ഒരു തൊപ്പിക്കാരനും കടവിലേക്ക് കുത്തനെ ഇറങ്ങുന്ന കാഴ്ച അക്കരെനിന്നു കണ്ടപ്പോൾ ഒരു വലിയ ജനക്കൂട്ടം ഇറങ്ങിവരുന്ന പ്രതീതിയാണ് സുന്നികൾക്കുണ്ടായത്. അവർ പരിഭ്രാന്തരായി. സദസ്സ് ഇളകി മറിഞ്ഞു എന്ന് പറഞ്ഞാൽ അതിൽ അതിശയോക്തിയില്ല. ഞങ്ങൾ അക്കരെ കടന്നു. ഒരു ഭാഗത്ത് ഇരിക്കാനും പിറ്റേ ദിവസം ഖണ്ഡനപ്രസംഗം ഉണ്ട് എന്ന് പറയാനുമായിരുന്നു കരുതിയിരുന്നത്. ഞങ്ങൾ അക്കരെ എത്തുമ്പോഴേക്കും ഏതാനും സുന്നികൾ ഓടി. അതോടു കൂടി ഒരു ഊക്കൻ കാറ്റുംമഴയും വന്നു. ആളുകൾ നാലുഭാഗത്തേക്കും ചിതറി. അതങ്ങനെ അവസാനിച്ചു.

**അങ്ങനെയും ഒരു വെല്ലുവിളി!**

'സുന്നികൾ കൂട്ടത്തോടെ ഒതായിലേക്ക്' 1986 മാർച്ച് 28ന് സുന്നി പത്രമായ സിറാജിൽ വന്ന ഒരു വാർത്തയാണത്. 'ഒതായിലെ വഹാബികളുടെ

കാറ്റൊഴിയുന്നു,' 'മുജാഹിദ് കോട്ട തകർക്കാൻ സുന്നികൾ കൂട്ടത്തോടെ ഒതായിലേക്ക്' ഇങ്ങനെയുള്ള തലക്കെട്ടിലാണ് വാർത്തകൾ വന്നത്. 'മുബാറക്' പത്രവും അതേറ്റുപാടിയിരുന്നു.

വെള്ളിയാഴ്ച ജുമുഅഃക്ക് ശേഷം 'സിറാജ്' പത്രത്തിലെ വാർത്ത വായിച്ചുകൊടുത്തുകൊണ്ട് ഞാൻ പള്ളിയിൽവെച്ച് ഒതായിലെ 'ചോരത്തിളപ്പുള്ള മുജാഹിദുകളേ...' എന്നു വിളിച്ചുകൊണ്ട്, നബിﷺ ശത്രുക്കളെ നേരിടാൻ യുദ്ധത്തിനു തയ്യാറാകുവാൻ ആഹ്വാനം ചെയ്യുമ്പോൾ അനുയായികളിൽ നിന്നുണ്ടായിരുന്ന പ്രതികരണവും സർവസ്വവും ത്യജിച്ച് യുദ്ധക്കളത്തിലേക്ക് കുതിച്ചുചാടി വീരമൃത്യു വരിച്ച യുവകോമളന്മാരുടെ ചരിത്രവും അനുസ്മരിച്ചു.

ശത്രുക്കൾ ഒതായിലേക്ക് വരാൻ നിശ്ചയിച്ചത് വെള്ളിയാഴ്ചയായിരുന്നു. അന്ന് എല്ലാവരും കിട്ടാവുന്ന എല്ലാ ആയുധത്തോടും കൂടി മൂന്നര മണിക്ക് അസർ നമസ്കരിക്കാൻ പള്ളിയിൽ ഹാജരാവണമെന്ന് ഞാൻ അഭ്യർഥിച്ചു.

അതനുസരിച്ച് മിക്കവാറും ആളുകൾ വേണ്ടത്ര സന്നാഹങ്ങളുമായി പള്ളിയിൽ എത്തി. അസർ നമസ്കാരാനന്തരം ജനങ്ങൾ മൂന്നു സംഘങ്ങളായി അണിനിരന്നു.

വേരുപാലം ലക്ഷ്യമാക്കി രണ്ടു നേതാക്കളുടെ നേതൃത്വത്തിൽ ഒരു വിഭാഗം നീങ്ങി. വേറൊരു കൂട്ടർ ഒതായി കടവിലേക്ക് പുറപ്പെട്ടു. മൂന്നാമത്തെ സംഘം കിഴക്കേതലക്കലേക്ക് യാത്രയായി. ശത്രുക്കൾ ഒതായിയിൽ എത്തുന്നതിനെതിരേ ഉപരോധം സൃഷ്ടിക്കുകയായിരുന്നു ഉദ്ദേശ്യം. കേന്ദ്രബിന്ദുവായ ഒതായിയിൽ ഞാനും ഏതാനും ആൾക്കാരും കാത്തിരുന്നു.

പ്രതീക്ഷിച്ചത് പോലെത്തന്നെ കേരളത്തിന്റെ പലഭാഗത്തുനിന്നും കൂട്ടം കൂട്ടമായി വാഹനങ്ങളിലും കാൽനടയായും വന്ന ആൾക്കാർ ഊർങ്ങാട്ടിരി വഴിക്ക് വന്നു. അവരെ വേരുപാലത്തിങ്ങൽ തടഞ്ഞുനിർത്തി.

പാലപ്പെറ്റ വഴിക്ക് വന്നവരെ ആര്യന്തൊടിക കടവത്തും എടവണ്ണ വഴിക്ക് വന്നവരെ കിഴക്കേതലക്കലും തടഞ്ഞു. ഏതാനും പോലീസും അപ്പോഴേക്കും സ്ഥലത്തെത്തിയിരുന്നു. രാത്രി പത്തുമണി ആയപ്പോഴേക്കും കൂടുതൽ പോലീസ് എത്തി. ആദ്യം ഊർങ്ങാട്ടിരി ഭാഗത്തുകൂടി വന്ന് വേരുപാലത്തിങ്ങൽ തടിച്ചുകൂടിയവരെ പോലീസ് ലാത്തിവീശി ഓടിച്ചു. അതിൽപിന്നെ പുഴക്കൽ ആര്യന്തൊടികയിൽ വന്നുകൂടിയവരെയും പോലീസ് തുരത്തി. അങ്ങനെ അന്നത്തെ സംഭവം അവസാനിച്ചു.

**18.04.86 വെള്ളിയാഴ്ച രണ്ടാമത്തെ സംഭവം**

ഈ പ്രാവശ്യവും എ.പി.സുന്നികൾ തന്നെയാണ് മുൻകൈ എടുത്തത്. എങ്കിലും ഇക്കാര്യത്തിൽ എല്ലാ സുന്നികളും ഒന്നിച്ചു അണിനിരന്നു. കേരളക്കരയിലെ മുഴുവൻ സുന്നികളും ഒതായിലേക്ക് വാഹനത്തിലും കാൽനടയായും ജാഥയായി എത്താൻ നേതാക്കൾ ആഹ്വാനം ചെയ്തിരുന്നു.

ഒതായി എന്ന കൊച്ചുഗ്രാമം നൂറുകണക്കിനു വാഹനങ്ങളും ആൾക്കാരും കൊണ്ട് നിറയുകയാണോ? ഞങ്ങളെ ആകെ വിഴുങ്ങാനുള്ള ഒരുക്കമാണോ? എല്ലാ ആയുധങ്ങളും മുറിയുകയാണോ? ഇനിയും സർവശക്തനായ റബ്ബ് മാത്രമാണ് രക്ഷ. ഞാൻ ധൈര്യം വെടിയാതെ 17.04.1986 വ്യാഴാഴ്ച അക്കരെ കടന്നു. സ്നേഹിതനെയും കൂട്ടി. സ്ഥലം എം.എൽ.എ. അവിടെയില്ല. മഞ്ചേരി, മലപ്പുറം എം.എൽ.എ. മാരെയും ഏതാനും നേതാക്കളെയും കണ്ടു. സംഗതി എല്ലാവരും അറിഞ്ഞുകൊണ്ടാണെന്നും ഈ പ്രാവശ്യം പോലീസ് സുന്നികൾക്കനുകൂലമാണെന്നും മനസ്സിലായി. ഞങ്ങൾ എടവണ്ണയിലേക്ക് മടങ്ങി.

എടവണ്ണ യത്തീംഖാനയിലേക്ക് എത്താൻ ഞാൻ നേരത്തെ ചിലരോട് പറഞ്ഞിരുന്നു. ഉച്ചക്ക് കോൺഗ്രസ് ലോക്കൽ നേതാക്കൾ എടവണ്ണ എത്തിയിരുന്നു. സംഭവത്തിന്റെ ഗുരുതരാവസ്ഥ മഞ്ചേരിയിൽ പോയി പ്രൊ.വേണുഗോപാലിനെ അറിയിക്കാൻ എന്റെ കാറിൽ തന്നെ അവരെ അയച്ചു. അന്നും പിറ്റേദിവസവും വേണുഗോപാൽ വേണ്ടപോലെ എല്ലാം പരിശ്രമിച്ചു. പക്ഷേ, ഫലമുണ്ടായില്ല.

സ്ഥലം എം.എൽ.എ. തിരുവനന്തപുരത്തുനിന്നും അഞ്ചുമണിക്ക് മഞ്ചേരി എത്തുമെന്നറിഞ്ഞു ഞാൻ വീണ്ടും മഞ്ചേരിയിൽ പോയി. കച്ചേരിപ്പടിക്കൽ നിൽക്കുമ്പോൾ നേതാവ് വടക്കോട്ട് കടന്നുപോയി. പിന്നാലെ ഞാനും ചെന്നു. മഞ്ചേരി പി.സി.സി.യിലെ ഓഫീസ് മുറിയിൽ വെച്ചു അദ്ദേഹവുമായി കണ്ടു സംസാരിച്ചു. എന്റെ ഒരു ഉത്തമ സുഹൃത്ത് അദ്ദേഹത്തോടൊന്നിച്ചുണ്ടായിരുന്നു. കാര്യങ്ങളുടെ നിജസ്ഥിതി അദ്ദേഹത്തെ ധരിപ്പിച്ചു.

അദ്ദേഹം അപ്പോൾ തന്നെ എസ്.പി.ക്കും കളക്ടർക്കും അവിടെനിന്ന് തന്നെ ഫോൺ ചെയ്തു വളരെ ഗൗരവത്തോട് കൂടിത്തന്നെ സംസാരിച്ചു. മറുപടി സുഖകരമായിരുന്നില്ല. 'ഒരു നൂറു ആംബുലൻസ് ഒതായിലേക്ക് ഏർപ്പാടു ചെയ്യണം, ഞങ്ങൾ ഒന്നായി മരിക്കുകയാണ്. മരിക്കാൻ ആരുടെയും സഹായം ആവശ്യമില്ലല്ലോ...' എന്നാണ് അവസാനം എം.എൽ.എ. പറഞ്ഞത്.

പിന്നെ എസ്.പി.സ്വരം മാറ്റി. അതിനൊക്കെ വഴിയുണ്ടാക്കാം എന്ന് പറഞ്ഞു. ഞങ്ങൾ മടങ്ങി.

രാത്രി 12 മണിവരെ ഫോൺ! സുന്നികൾ ഇന്ന് ഒതായിയിൽ പരിപാടി നടത്തുന്നുണ്ട്. അവരുടെ വക മൈക്ക് അനൗൺസ്മന്റ് നാട്ടിലുടനീളം നടക്കുന്നു. വമ്പിച്ച പരിപാടിയാണ്.

ഞാൻ പിന്നെയും ബേജാറായി. നേതാവിനെ വിളിച്ചു. സുന്നികൾ ഒതായിക്കു നേരെ വെല്ലുവിളി നടത്തുന്നു. മൈക്ക് അനൗൺസ്മന്റ് രാജ്യത്തുടനീളം നടക്കുന്നു. എസ്.പി.അൽപം അവർക്കനുകൂലമായി സംസാരിച്ചു. എം.എൽ.എ. ചൂടായി. 'നിങ്ങൾ ഞാൻ പറഞ്ഞതുപോലെ കുറെ ആംബുലൻസ് ഏർപ്പാട് ചെയ്ത് ഒതായിലേക്ക് വരണം. ശവം കുന്നുകൂടും. ആശുപത്രി സ്ഥലം മതിയാവുകയില്ല. ചെറിയ ഒരു നാടിനെ കൊല്ലാൻ പോലീസ് കൂട്ടുനിൽക്കുകയാണോ...?' എന്ന് പറഞ്ഞു ഫോൺ ഇട്ടു.

അൽപം കഴിഞ്ഞു. എസ്.പി, എം.എൽ.എ.യെ വിളിച്ചു. 'മൈക്ക് അനൗൺസ്മന്റ് ഉടനെ നിർത്തും. ഒതായിലേക്ക് ആരെയും കടത്തിവിടുകയില്ല. എല്ലാം ഞങ്ങൾ സമാധാനപരമായി നേരിടും...'

എം.എൽ എ. എന്നെ വിളിച്ചു. 'പേടിക്കേണ്ട, എല്ലാം ശരിയായിരിക്കുന്നു. പോലീസ് തടയും. നമ്മൾ തടയേണ്ടതില്ല.' അൽഹംദുലില്ലാഹ്... ഞാൻ സർവശക്തനെ സ്തുതിച്ചു. എം.എൽ.എ. എന്നോടു പറഞ്ഞു: 'നിങ്ങളുടെ റിബലുകൾ ഒരു നാലഞ്ചുപേർ ഇവിടെ വന്നിരുന്നു. ഒതായിയിൽ സുന്നി വഅള് നടന്നോട്ടെ. അതിനെ എതിർക്കരുത്. അവരും നമ്മുടെ ആൾക്കാരല്ലേ എന്നുപറഞ്ഞു. ആ വയസ്സനും കൂട്ടത്തിലുണ്ടായിരുന്നു. ഞാനവരെ ആട്ടിപ്പുറത്താക്കി പറഞ്ഞയച്ചിരിക്കുകയാണ്...' അല്ലാഹുവിന്റെ സഹായം. വിഷമഘട്ടത്തിലെ പ്രാർഥനക്കുത്തരം ഇങ്ങനെയാണ്!

ഞാൻ ചാത്തല്ലൂർ ഭാഗത്തേക്ക് ആളെ അയച്ചു. മൂന്നരമണി ആകുമ്പോഴേക്ക് എല്ലാവരും ഒതായി പള്ളിയിൽ എത്തിച്ചേരണമെന്ന് പറഞ്ഞു. നമ്മളും ഒരുങ്ങിയിരിക്കുകയാണെന്ന് പോലീസിനെ ബോധ്യപ്പെടുത്താൻ വേണ്ടിയായിരുന്നു അത്. ആൾക്കാർ വന്നുകൂടി. അസർ നമസ്കാരം കഴിഞ്ഞു. ഒറ്റവരിയിൽ പള്ളിയിൽനിന്നു ഒതായിലേക്ക് നീങ്ങി. പോലീസ് നോക്കി നിന്നു.

രണ്ടുമണിയോടെ ധാരാളം പോലീസ് എത്തിത്തുടങ്ങിയിരുന്നു. അരീക്കോട് ചെറിയപാലം പൂർണമായും വലിയ പാലം ഭാഗികമായും പോലീസ് ബന്താക്കി. വാഹന ഗതാഗതം മുടങ്ങി. രാത്രി എട്ടുമണി ആയപ്പോഴേക്കും ജാഥയായിവന്ന വാഹനങ്ങൾ പോലീസ് തടഞ്ഞു. പുത്തലം മുതൽ പത്തനാപുരംവരെ ഓരത്ത് അവ നിർത്തിയിട്ട് അരീക്കോട്ട് യോഗം ചേർന്നു പിരിഞ്ഞു പോകാനാണ് പോലീസ് കൽപിച്ചത്. ഇഷ്ടംപോലെ സുന്നികൾ ഞങ്ങളെ ചീത്ത പറഞ്ഞു പിരിഞ്ഞു. അങ്ങനെ മൂന്നാമത്തെ ശ്രമവും പൊളിഞ്ഞു.

നാലാമത്തെ വരവ്: 'ഒതായിലെ സുന്നി വഅള് തടഞ്ഞത് നന്നായില്ല, നമ്മൾക്കും വേണ്ടേ മറ്റു സ്ഥലങ്ങളിൽ പറയുക. അവരും തടയുകയില്ലേ' എന്ന് വിഷയം പഠിക്കാത്ത ഏതാനും മുജാഹിദ് പണ്ഡിതന്മാർക്കും നേതാക്കൾക്കും ഒരഭിപ്രായം. ലീഗ് നേതാക്കളാണ് വഅള് തടഞ്ഞതെന്ന എ.പി. വിഭാഗത്തിന്റെ പ്രചരണം ലീഗണികളെ പരിഭ്രാന്തരാക്കി. എങ്ങനെയും ഈ സ്ഥിതിയിൽ ഒതായിയിൽ ഒരു പ്രഭാഷണം നടത്തിയാൽ തരക്കേടില്ല എന്ന് ലീഗ് നേതാക്കൾക്ക് അതിയായ ആഗ്രഹം. ചില നേതാക്കൾ വന്ന് അക്കാര്യം ഞാനുമായി സംസാരിച്ചു.

ഞാനവരോടു പറഞ്ഞു: 'ആര് വന്നു പറഞ്ഞാലും ഞങ്ങൾക്കു വിരോധമില്ല. ഞങ്ങളുടെ നാടിനെ നശിപ്പിക്കാനോ, മുജാഹിദുകളെ നശിപ്പിക്കാനോ ആയിരിക്കരുത്. മുജാഹിദുകളെ കാറ്റൊഴിക്കാൻ ഒതായിലേക്ക് എന്ന് വിളിച്ചുപറഞ്ഞുകൊണ്ട് ആരുവന്നാലും മരണംവരെ ഞങ്ങൾ എതിർക്കും. സദുപദേശത്തിനോ ആശയ പ്രചാരണത്തിനോ ആരുവന്നാലും ഞങ്ങൾക്ക് വിരോധമില്ല.' ആ അടിസ്ഥാനത്തിൽ ഒരു നോട്ടീസ് അടിച്ചു വിതരണം ചെയ്യുകയും നോട്ടീസിന്റെ ഏതാനും കോപ്പികൾ ശിഹാബ് തങ്ങൾക്ക് അയച്ചുകൊടുക്കുകയും ചെയ്തു.

ഒരു നിബന്ധന മാത്രം ഞാൻ പറഞ്ഞു: 'ശിഹാബ് തങ്ങളും കുഞ്ഞാലിക്കുട്ടി, ഇസ്ഹാക്ക് കുരിക്കൾ മുതലായ നേതാക്കളും സ്റ്റേജിൽ ഉണ്ടായിരിക്കണം.'

അതുപ്രകാരം മുസ്‌ലിംലീഗ് നേതാക്കളും എം.എൽ.എ.മാരും, കെ.കെ. അബൂബക്കർ മുസ്‌ലിയാരും വന്നു. ഒതായിയിൽ ഒരു ഗംഭീരയോഗം നടത്തി സമാധാനത്തോടെ പിരിഞ്ഞു. അതു ശരിക്കും ഒരു മുസ്‌ലിംലീഗ് യോഗമായിരുന്നു. മുജാഹിദുകളെ കൊല്ലാൻ വന്നവരായിരുന്നില്ല.

**പ്രധാന സംഭവങ്ങൾ:**

1. 1921ൽ മലബാർ കലാപം ഒതായിയിൽ. 2. 1924ൽ വെള്ളപ്പൊക്കം. 3. 1928-29ൽ എൽ.പി.സ്കൂളിന് അംഗീകാരം കിട്ടി. 1957ൽ യു.പി.സ്കൂളായി അംഗീകരിച്ചു. 5. 1962ൽ വീണ്ടും വെള്ളപ്പൊക്കം. 6. 1982ൽ കരണ്ട് കിട്ടി. 7. 1983ൽ അരീക്കോട് വലിയ പാലവും 1986ൽ ചെറുപുഴ പാലവും ഉദ്ഘാടനം ചെയ്തു. 8. 1987ൽ മുണ്ടേങ്ങര-പത്തനാപുരം റോഡ് മെറ്റൽ ചെയ്തു. 9. 1992ൽ എടവണ്ണ പാലം പണി തുടങ്ങി

തൽക്കാലം നിറുത്തട്ടെ,

*നിങ്ങളുടെ*
*പി.വി. ഉമ്മർകുട്ടി ഹാജി, ഒതായി.*

പി.വി.എ പ്രിംറോസ്
anilprimrose@gmail.com

# അങ്ങനെ, ബാഗ്ദാദി വീണ്ടും കൊല്ലപ്പെട്ടു!

പുതിയാപ്പിള സൽക്കാരത്തിനായി മാറ്റിവെച്ച അറവുകോഴികളുടെ അവസ്ഥയാണ് ഭീകരവാദി നേതാക്കളുടെ ജീവന്. കുടുംബത്തിൽ സന്തോഷമുണ്ടായാൽ, പ്രയാസം തീർക്കാൻ, വിരുന്നുകാർ വന്നാൽ, അതിർത്തി തർക്കത്തിൽ ആരെങ്കിലും മധ്യസ്ഥത്തിന് വന്നാൽ... എല്ലാം ചാവേണ്ടത് തീറ്റിപ്പോറ്റിവളർത്തിയ പാവം കോഴികൾ തന്നെ!

പതിവ് പോലെ കൊടുംഭീകരൻ അബൂബക്കർ ബാഗ്ദാദി കൊല്ലപ്പെട്ടു. ഇക്കൊല്ലം മാത്രം നാലാമത്തെ തവണയാണ് ബാഗ്ദാദി കൊല്ലപ്പെടുന്നത് എന്നാണ് ഓർമ. പാക്കിസ്ഥാനിലെ അബാട്ടാബാദിൽ വർഷങ്ങളായി ഒളിവിൽ കഴിഞ്ഞിരുന്ന അൽ ഖായിദ തലവൻ ഉസാമ ബിൻലാദനെ എട്ടു വർഷം മുമ്പ് അമേരിക്കൻ ഇലക്ഷൻ സമയത്ത് പിടികൂടി വധിച്ച 'ഓപ്പറേഷൻ ജെറോനിമോ'യെ ഓർമിപ്പിക്കുന്നതായിരുന്നു ആസന്നമായ പൊതുതെരഞ്ഞെടുപ്പിനെ മുൻനിർത്തി സിറിയ-തുർക്കി അതിർത്തിപ്രദേശമായ ഇദ്‌ലിബിൽ ട്രംപിന്റെ ഡെൽറ്റാഫോഴ്സ് നടത്തിയ സൈനികനടപടി. ബാഗ്ദാദിയും കുടുംബവും താമസിക്കുന്ന കെട്ടിടത്തിലേക്ക് സൈന്യം മിസൈൽ വർഷിച്ചെന്നും പരിശീലനം സിദ്ധിച്ച നായ്ക്കളോടൊപ്പം ഊർന്നിറങ്ങിയെന്നും ബാഗ്ദാദിയും കുടുംബവും തുരങ്കത്തിലേക്ക് ഭയന്നോടിയെന്നും അവസാനം സ്വന്തം ശരീരത്തിൽ ഘടിപ്പിച്ച ബോംബ് പൊട്ടിച്ച് ഭാര്യമാരോടും കുട്ടികളോടുമൊപ്പം ആത്മഹത്യ ചെയ്തെന്നും പതിനഞ്ച് മിനിറ്റിനുള്ളിൽ അവിടെ വെച്ച് തന്നെ ഡി.എൻ.എ ടെസ്റ്റ് നടത്തി ബാഗ്ദാദിയാണെന്ന് സ്ഥിരീകരിച്ച് മൃതദേഹം നശിപ്പിച്ചെന്നുമുള്ള വാങ്മയ വർണനകൾ മീഡിയക്ക് മുമ്പിൽ ട്രംപ് നടത്തുമ്പോൾ അദ്ദേഹത്തിന്റെ തന്നെ ഭാഷയിൽ പറഞ്ഞാൽ ഹോളിവുഡ് സിനിമയുടെ വിവരണം പോലെയായിരുന്നു പ്രേക്ഷകർക്ക് അനുഭവപ്പെട്ടത്. വൈറ്റ് ഹൗസിലെ സിറ്റുവേഷൻ റൂമിലിരുന്ന് 'വ്യക്തമായി കണ്ട' ഈ ദൃശ്യങ്ങൾ മീഡിയയക്ക് മുമ്പിൽ വിശദീകരിക്കുമ്പോൾ പക്ഷെ, ഒബാമയുടെ അത്ര കൃത്യമായി പത്രക്കാരോട് പ്രതികരിക്കാൻ ട്രംപ് മിടുക്ക് കാണിച്ചില്ല. ഇത്ര ദൃശ്യമിഴിവോടെ എങ്ങനെയിത് ചിത്രീകരിച്ചു എന്ന പത്രക്കാരുടെ ചോദ്യത്തിന് മാത്രമല്ല, ഇതിന് സഹായം നൽകിയെന്ന് അദ്ദേഹം അവകാശപ്പെട്ട റഷ്യൻ സൈന്യത്തിന്റെ സഹായത്തെ അവിടുത്തെ പ്രതിരോധ മന്ത്രാലയത്തിന്റെ വക്താവ് ഇഗോർ കൊനാഷെൻകോവ് തള്ളിക്കളഞ്ഞതിനോട് വരെ പ്രതികരിക്കാൻ ട്രംപ് തയ്യാറായതുമില്ല.

മിസൈലിട്ട് കൊലപ്പെടുത്തിയാൽ കൊല്ലപ്പെട്ടത് തീവ്രവാദി നേതാവാണെന്ന് ഉറപ്പിക്കാൻ കഴിയില്ല. ഈ പ്രശ്നം പരിഹരിക്കാനായി, കഷ്ടപ്പെട്ട് വെടിവെച്ച് പിടിക്കാൻ തീരുമാനിച്ചു. എന്നാൽ ബാഗ്ദാദി സ്വയം പൊട്ടിത്തെറിച്ച് ഇവരുടെ ലക്ഷ്യത്തെ പരാജയപ്പെടുത്തി. വൈറ്റ്ഹൗസല്ലാതെ മറ്റാരും മൃതദേഹം കാണരുതെന്ന നിർബന്ധബുദ്ധി ഉള്ളതുകൊണ്ടുതന്നെയാവാം ലാദന്റെ ശരീരം കടലിൽ താഴ്ത്തിയതു പോലെ ബാഗ്ദാദിയുടെതും മറ്റാർക്കും കാണാൻ കഴിയാത്ത വിധം നശിപ്പിച്ച് കളഞ്ഞത്രെ!

തിരക്കഥകൾ എന്തായിക്കൊള്ളട്ടെ സമൂഹത്തിനാകെ, വിശിഷ്യാ മുസ്‌ലിംകൾക്കൊട്ടാകെ വ്യാപകാർഥത്തിൽ നാശനഷ്ടങ്ങളുണ്ടാക്കിയ അബൂബക്കർ അൽ ബാഗ്ദാദിയുടെ 'കഥ തീർന്നു'. ലോകത്തെയൊട്ടാകെ അരാജകത്വത്തിന്റെ ആഴക്കടലിലേക്ക് തള്ളിയിട്ട വെറുപ്പിന്റെ എപ്പിസോഡ് അങ്ങനെ ഇല്ലാതായി. സന്തോഷം!

ലോകക്രമത്തിന്റെ ഭാവിയെ കുറിച്ചുള്ള അമേരിക്കൻ നാഷണൽ ഇന്റലിജന്റ്സ് കൗൺസിൽ റിപ്പോർട്ടിന്റെ പ്രവചന ചിത്രീകരണത്തിന്റെ ഭാഗമായി 'പുതിയ ഖിലാഫത്തിനെ കുറിച്ചുള്ള കെട്ടുകഥാപരമായ സംഭവവിവരണം' എന്ന ഉപശീർഷകത്തിൽ വർഷങ്ങൾക്ക് മുമ്പ് തന്നെ ഐസിസ് പോലെയുള്ള ഒരു തീവ്രവാദ കക്ഷിയെകുറിച്ചും അവരുടെ പേരിൽ ഉയർന്നു വരാനുള്ള ഖലീഫയെ കുറിച്ചും അത് മൂലമുണ്ടാവുന്ന ലോക ഛിദ്രതയെ കുറിച്ചുമെല്ലാം ലോകപ്പോലീസ് പറഞ്ഞു വെച്ചിരുന്നു. അമേരിക്കൻ നാഷണൽ ഇന്റലിജന്റ്സ് കൗൺസിലിന്റെ വെബ്സൈറ്റിൽ പോയാൽ വായിക്കാൻ കഴിയുന്ന പ്രസ്തുത കുറിപ്പിനൊടുവിൽ 'ശുഭം' എന്നെഴുതിച്ചേർക്കാൻ സമയമായി എന്ന് സമാധാനിക്കാം. പക്ഷെ, അപ്പോഴും ഭയപ്പെടുത്തുന്നത് ഇനിയെന്ത് എന്ന് ചോദ്യമാണ്. ലോക ഇസ്‌ലാമോഫോബിയയും രാജ്യങ്ങളും സാമ്രാജ്യത്വ ശക്തികളും ഹാല്ലി ബർട്ടൺ പോലുള്ള ആയുധക്കമ്പനികളും നിലനിൽക്കുന്ന കാലത്തോളം ഒരു പൊതുശത്രു ആവശ്യമാണല്ലോ, അതാരാവും? കൊല്ലാനാണെങ്കിലും ഒരു തീവ്രവാദി കൂടി ഇനിയും 'ജനിക്കാതിരിക്കട്ടെ' എന്ന് നമുക്ക് പ്രാർഥിക്കാം. ●

Let's scaffold to survive

Relief
.......without boundaries

# WISDOM FLOOD RELIEF

## Rs.10 Crore Wisdom Project for Flood Relief

Dear Sir,
Assalamu Alaikum..!

In the wake of recent flood in Kerala, the State level meeting of Wisdom Islamic Organisation, held on 15th August 2019, has resolved to implement a Rs.10 Crore Project for Flood Relief.

We are preparing a detailed plan as per the reports recieved from different districts for Construction of houses, Repair of houses, Cleaning and repairing the wells, Supply of food, dress, home appliances, school kits and loss of business and agriculture etc.

A joint effort is very much essential for the successful implementation of the above project. You can participate in the project by taking up any of the above projects fully or partially or otherwise try to get sponsors for the same.

It is also resolved to donate the income of two days of each Wisdom member to this noble venture. The details will be available soon.

May the Almighty empower all of us for the successful implementation of all our plans... (Aameen)

The Account details for transferring the Relief fund:

Wisdom Islamic Organization
Ac/No: 37489072044
State Bank of India
Palayam Branch
IFS CODE : SBIN0008635
Mob: 9567 070 031 - Whatsapp Only

official WISDOM ISLAMIC ORGANIZATION

C.V. Complex, P.V. Swami Road,
Kozhikode - 673002, Ph: 0495 4019437

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
09 NOVEMBER 2019

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
Tel: 0495 4019437

# വിപണിയിൽ...




## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 1. പ്രകാശം പരത്തിയ പ്രവാചകന്മാർ, ഭാഗം: 2 | ഹുസൈൻ സലഫി / ₹ 120 |
| 2. സംസ്കാരം, സമൂഹം, സദാചാരം: സമകാലിക വായന | സുഫ്‌യാൻ അബ്ദുസ്സലാം / ₹ 180 |
| 3. ദേശം, ദേശീയത, വിശ്വാസം: മുസ്‌ലിമിന് പറയാനുള്ളത് | പി.വി.എ പ്രിംറോസ് / ₹ 90 |
| 4. വാടാമലരുകൾ (കുട്ടിക്കവിതകൾ) | ഉസ്മാൻ പാലക്കാഴി / ₹ 80 |
| 5. പൂമരത്തണൽ (ഗുണപാഠ കഥകൾ) | റാഷിദ ബിൻത് ഉസ്മാൻ / ₹ 100 |
| 6. തേൻതുള്ളികൾ (സാരോപദേശ കഥകൾ) | ഉസ്മാൻ പാലക്കാഴി / ₹ 100 |